# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ



ഏപ്രിൽ 2021

ഉയിർപ്പുതിരുനാൾ മംഗളങ്ങൾ

ഏപ്രിൽ 24–ാം തീയതി നാമഹേതുകത്തിരുന്നാൾ
ആഘോഷിക്കുന്ന



അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ്
കാർഡിനൽ മാർ ജോർജ് ആലഞ്ചേരി
പിതാവിനും



തക്കല രൂപത മെത്രാൻ
അഭിവന്ദ്യ മാർ ജോർജ് രാജേന്ദ്രൻ
പിതാവിനും

കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ.



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLV No.4 ഏപ്രിൽ 2021

# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

Vol. XLV No.4 ഏപ്രിൽ 2021


| | |
|---|---|
| കച്ചേരിക്കാര്യം | - 3 |
| പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ | - 15 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - 23 |
| അജപാലനോത്തേജനവിഭാഗം | - 24 |
| വിശ്വാസജീവിതപരിശീലനരംഗം | - 28 |
| ചെറുപുഷ്പ മിഷൻലീഗ് | - 33 |
| ബൈബിൾ അപ്പോസ്തലേറ്റ് | - 36 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - 38 |
| കുടുംബപ്രേഷിതത്വം | - 42 |
| പിതൃവേദി | - 43 |
| മാതൃവേദി | - 44 |
| നസ്രാണി റിസേർച്ച് സെന്റർ | - 47 |
| മേരി മാതാ മൈനർ സെമിനാരി | - 49 |
| കാത്തലിക് കരിസ്മാറ്റിക് നവീകരണം | - 50 |
| ആവേ മരിയ റിട്രീറ്റ് സെന്റർ | - 52 |
| വൊക്കേഷൻ ബ്യൂറോ | - 53 |
| മരിയൻ റിട്രീറ്റ് സെന്റർ | - 54 |
| സന്യസ്തർ | - 56 |
| കത്തോലിക്കാ കോൺഗ്രസ് | - 63 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - 66 |
| ഡി.സി.എം.എസ്. | - 68 |
| ഫ്രാൻസിസ്ക്കൻ അല്മായസഭ | - 70 |
| വിൻസെൻഷ്യൻ വേദി | - 71 |
| ആരോഗ്യപുനരധിവാസ മദ്യവിരുദ്ധസമിതി | - 72 |
| വിമല പബ്ലിക്കേഷൻസ് | - 74 |
| Special Care Homes & Charitable institution | - 76 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - 77 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - 80 |
| രൂപതാവാർത്തകൾ | - 84 |
| Bishop's Engagements | - 88 |

# കച്ചേരിക്കാര്യം

**1. രൂപതാക്കച്ചേരിക്ക് അവധി**

വലിയ ആഴ്ച പ്രമാണിച്ച് 2021 മാർച്ച് 31-ാം തീയതി മുതൽ ഏപ്രിൽ 4-ാം തീയതി വരെ രൂപതാക്കച്ചേരിക്ക് അവധിയായിരിക്കും.

**2. പെസഹാവ്യാഴം, പീഡാനുഭവവെള്ളി, ഉയിർപ്പുഞായർ സ്തോത്രക്കാഴ്ചകൾ**

പെസഹാവ്യാഴാഴ്ചയിലെ സ്തോത്രക്കാഴ്ച വൈദികക്ഷേമത്തിനായും പീഡാനുഭവവെള്ളിയിലെ സ്തോത്രക്കാഴ്ച വിശുദ്ധനാട് സംരക്ഷണത്തിനായും ഉയിർപ്പുഞായർ സ്തോത്രക്കാഴ്ച കാരിത്താസ് ഇന്ത്യയ്ക്കായുമുള്ളതാണ്. അതിനാൽ ആ പിരിവുകൾ ഏപ്രിൽ 30 നു മുമ്പ് രൂപതാ പ്രൊക്കുറേറ്ററെ ഏല്പ്പിക്കേണ്ടതാണ്.

**3. വൈദികദിനം : 2021 ഏപ്രിൽ 7 ബുധൻ**

നിയമസഭാ ഇലക്ഷൻ നടക്കുന്നതിനാൽ ഈ വർഷത്തെ വൈദികദിനം മുൻവർഷങ്ങളിൽ നിന്നു വ്യത്യസ്തമായി ഈസ്റ്റർ കഴിഞ്ഞുള്ള ബുധനാഴ്ചയായിരിക്കും. 2021 ഏപ്രിൽ മാസം 7-ാം തീയതി ബുധനാഴ്ച കുട്ടിക്കാനം മരിയൻ കോളേജിൽ വച്ചായിരിക്കും വൈദികദിനാഘോഷം. രാവിലെ 10.30 ന് പ്രാർത്ഥനാശുശ്രൂഷയോടെ ആരംഭിക്കുന്ന വൈദികദിനാചരണത്തിൽ എല്ലാ വൈദികരും പങ്കെടുക്കേണ്ടതാണ്.

## 4. വൈദികക്ഷേമനിധിയിലേക്കുള്ള അലവൻസും സംഭാവനയും

സാമ്പത്തികവർഷത്തെ ആണ്ടുതിരട്ട് സമർപ്പിക്കുമ്പോൾ വൈദികക്ഷേമനിധിയിലേക്ക് അതത് ഇടവകകളിൽ ജോലിചെയ്യുന്ന ഓരോ വൈദികനുംവേണ്ടി ഒരു മാസത്തെ അലവൻസ് ഇടവക അടയ്ക്കേണ്ടതാണ്. അതിനോടൊപ്പം 2012 ആഗസ്റ്റ് മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിരിക്കുന്നതുപോലെ മാസം തോറും 125 രൂപ ഓരോ വൈദികനും 250 രൂപ ഓരോ ഇടവകയും രൂപ താകച്ചേരിയിൽ അടയ്ക്കേണ്ടതാണ്.

സ്ഥാപനങ്ങളിൽ സേവനം ചെയ്യുന്ന വൈദികരുടെ ഒരു മാസത്തെ അലവൻസ്, സ്ഥാപനങ്ങളും വൈദികക്ഷേമനിധിയിലേക്ക് അടയ്ക്കേണ്ടതാണ്.

## 5. ഇടക്കാല ശുശ്രൂഷകർ (Regents)

രൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ഇടക്കാല ശുശ്രൂഷയ്ക്കായി എത്തിയിരിക്കുന്ന ബ്രദർ അക്കാട്ട് ജിറ്റോ (എസ്.എം.വൈ.എം), അറയ്ക്കൽ അലൻ (കൂരിയ, ട്രൈബ്യൂണൽ, ബുള്ളറ്റിൻ),, കുറ്റിക്കാട്ട് തോമസുക്കുട്ടി (വി കെയർ), മണിമല ജസ്റ്റിൻ (ഫാമിലി അപ്പോസ്റ്റലേറ്റ്), മഞ്ഞാടിയിൽ നിതിൻ (സുവാറ, മിഷൻലീഗ്, കെ.സി.എസ്.എൽ), പുതുപ്പറമ്പിൽ ജെറിൻ (സിറ്റാഡൽ സ്കൂൾ, റാന്നി), തുണ്ടത്തിൽ അജോ (അമല കമ്മ്യൂണിക്കേഷൻ, ദർശകൻ), വട്ടോത്ത് ലിബിൻ (പി.എ.സി. അണക്കര) എന്നിവരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

## 6. ഇടക്കാല ശുശ്രൂഷകർക്കു നന്ദി

രൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ കഴിഞ്ഞ ഒരു വർഷക്കാലം ഇടക്കാല ശുശ്രൂഷകൾ നടത്തിയ ബ്രദർ ആലപ്പാട്ട് എബി (ബേത്‌ലഹേം ആശ്രമം), ഏറത്ത് അഖിൽ (കെ.സി.എസ്.എൽ,

മിഷൻലീഗ്, വൊക്കേഷൻ ബ്യൂറോ, മരിയൻ റിട്രീറ്റ് സെന്റർ), കളപ്പുരയ്ക്കൽ നോയൽ (വികെയർ), കളപ്പുരയ്ക്കൽ മെൽവിൻ (സിറ്റാഡൽ സ്കൂൾ, റാന്നി), കൽക്കുഴി ആൽബിൻ (വികെയർ), മണ്ണഞ്ചേരിൽ ജിതിൻ (സുവാറ, മിഷൻലീഗ്, ലൈബ്രറി), മറ്റക്കരത്തുണ്ടിയിൽ ഡോൺ (എസ്.എം.വൈ.എം), മുളങ്ങാശ്ശേരിൽ ടോണി (കൂരിയ, ട്രൈബ്യൂണൽ, ബുള്ളറ്റിൻ), നിരവത്ത് മജു (പി.എ.സി. അണക്കര), പാലുക്കുന്നേൽ ബിബിൻ (ഫാമിലി അപ്പോസ്റ്റലേറ്റ്), തടത്തിൽപുരയിടം എമിൽ (പാസ്റ്ററൽ ആനിമേഷൻ, കെ.സി.എസ്.എൽ, വൊക്കേഷൻ ബ്യൂറോ, വിമലാ പബ്ലിക്കേഷൻസ്), തെക്കേവയലിൽ ജോയ്സ് (മരിയൻ റിട്രീറ്റ് സെന്റർ, പി.ഡി.എസ്., സുവാറ, ബൈബിൾ അപ്പോസ്തലേറ്റ്), വള്ളിയാംതടത്തിൽ ടോണി (മൈനർ സെമിനാരി), വെട്ടുകല്ലാംകുഴി ജോയൽ (അമല കമ്മ്യൂണിക്കേഷൻ, ദർശകൻ, ലൈബ്രറി) എന്നിവർക്കു സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

## 7. Appointments

**Rev. Frs.**

| | | |
|---|---|---|
| Thekkel Thomas | - | Vicar, Periyar Vallakkadavu |
| Kizhakkel Michael | - | Director, DARE |
| Kottoor Antony | - | Forane Director, CML, Erumely |
| Kunnathu Abin CMI | - | Forane Director, CML, Mundakayam |
| Kanayinkal Joseph VC | - | Forane Director, CML, Velichiyani |
| Kollamparampil Joseph MCBS | - | Forane Director, CML, Kattappana |
| Paraparampil Jibin MSFS | - | Forane Director, CML, Anakkara |
| Kottoor Vijin MSFS | - | Forane Director, CML, Upputhara |
| Kuzhikkattu George | - | Forane Director, Family Apostolate, Erumely<br>Forane Director, SMYM, Erumely |
| Kunnathu Abin CMI | - | Forane Director, SMYM, Mundakayam |
| Keeranchira Karlos | - | Forane Director, SMYM, Velichiyani |

**Relieved**

**Rev. Frs.**

| | | |
|---|---|---|
| Thekkel Thomas | - | Director, DARE |
| Puthenveettil Manuraj | - | Vicar-in-charge, Periyar Vallakkadavu |
| Pulthakidiyel Joseph | - | Forane Director, Family Apostolate, Erumely |
| Muthukunnel Cyril | - | Forane Director, CML, Erumely |
| Poovelil Binu VC | - | Forane Director, CML, Upputhara |
| Vaniyapurackal Mathew (Jr.) | - | Forane Director, CML, Anakkara |
| Keeranchira Karlos | - | Forane Director, CML, Kattappana |
| Chakkummoottil Joseph | - | Forane Director, CML, Mundakayam |
| Kuzhikkattu George | - | Forane Director, CML, Velichiyani |
| | | Forane Director, SMYM, Velichiyani |
| Kalakkal Varghese | - | Forane Director, SMYM, Mundakayam |
| Muthukunnel Cyril | - | Forane Director, SMYM, Erumely |

## 2020 – 2021 സാമ്പത്തികവർഷത്തിലെ പള്ളിക്കണക്കുകൾ രൂപതാക്കച്ചേരിയിൽ സമർപ്പിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ

*കൈക്കാരന്മാർ, കണക്കൻ, ഇന്റേണൽ ഓഡിറ്റേഴ്സ് എന്നിവരെ ഇവ അറിയിച്ചു വേണ്ട നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.*

**1.** പള്ളിക്കണക്കുകൾ രൂപതാക്കച്ചേരിയിൽ ഹാജരാക്കുമ്പോൾ ഇവിടെ അടയ്ക്കേണ്ട വിഹിതം, പിരിവുകൾ തുടങ്ങിയവ സംബന്ധിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ കത്തു കൊടുത്തുവിടേണ്ടതാണ്.

2. നിയമാനുസൃതം വിളിച്ചുകൂട്ടിയ ഇടവകയോഗം പാസ്സാക്കിയ കണക്കുകൾ മാത്രമേ രൂപതാക്കച്ചേരിയിൽ സ്വീകരിക്കുകയുള്ളൂ.

3. കണക്കുകൾ യോഗത്തിൽ സമർപ്പിക്കുന്നതിനു മുൻപായി നിയമാനുസൃതം തെരഞ്ഞെടുത്ത ഇന്റേണൽ ഓഡിറ്റർമാർ കണക്കുകൾ ഓഡിറ്റു ചെയ്തിരിക്കേണ്ടതാണ്. അവരുടെ ഓഡിറ്റുറിപ്പോർട്ടും സ്റ്റേറ്റുമെന്റും അതിനെ സംബന്ധിച്ച കൈക്കാരന്മാരുടെ വിശദീകരണവും ആണ്ടുതിരട്ടോടുകൂടി യോഗത്തിൽ വായിച്ചിരിക്കണം.

4. ആണ്ടുതിരട്ട് പാസ്സാക്കുന്നതോടുകൂടെ അടുത്ത സാമ്പത്തികവർഷത്തേക്കുള്ള കൈക്കാരന്മാരുടേയും ഇന്റേണൽ ഓഡിറ്റർമാരുടേയും തെരഞ്ഞെടുപ്പ് നടത്തിയിരിക്കണം.

5. രൂപതാക്കച്ചേരിയിൽനിന്ന് അംഗീകാരം കിട്ടിയതിനുശേഷം മാത്രമേ കൈക്കാരന്മാരും ഓഡിറ്റർമാരും ജോലിയിൽ പ്രവേശിക്കാവൂ.

6. ഇടവകപ്പള്ളിയിലെ പൊതുക്കണക്കിൽ ഉൾപ്പെടുത്താത്ത കുരിശുപള്ളികളുടെ കണക്കുകൾ, ഇടവകയിൽനിന്നു നേരിട്ടു നടത്തുന്ന വികസനപദ്ധതികളെ സംബന്ധിച്ച കണക്കുകൾ, നിർമ്മാണ കണക്കുകൾ എന്നിവ പള്ളിയുടെ പൊതുക്കണക്കിനോടൊപ്പം ഇന്റേണൽ ഓഡിറ്റേഴ്സ് ഓഡിറ്റു ചെയ്യേണ്ടതും പൊതുക്കണക്കിനോടൊപ്പം ആണ്ടുതിരട്ടുയോഗത്തിൽ പാസ്സാക്കി രൂപതാക്കച്ചേരിയിൽ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള പ്രത്യേക കണക്കുകൾ ഇതുവരെ രൂപതക്കച്ചേരിയിൽ പാസ്സാക്കിയിട്ടില്ലെങ്കിൽ പ്രസ്തുത കണക്കിന്റെ തുടക്കം മുതൽ 2021 മാർച്ച് 31 വരെയുള്ള കണക്കുകൾ മേൽപ്പറഞ്ഞവിധം തയ്യാറാക്കി ഈ വർഷത്തെ ആണ്ടുതിരട്ടിനോടൊപ്പം ഇവിടെ സമർപ്പിക്കണം. കെട്ടിടംപണി, പദ്ധതികൾ മുതലായവ പൂർത്തീകരിച്ചാലും ഇല്ലെങ്കിലും 2021 മാർച്ച് 31 വരെയുള്ള അവയുടെ കണക്കുകൾ മേൽപ്പറഞ്ഞ വിധം രൂപതാക്കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

7. ആണ്ടുതിരട്ടു തയ്യാറാക്കുന്നതിനു മുൻപായി സ്ഥിരനിക്ഷേപരസീതുകൾ, പാസ്സ്ബുക്കുകൾ എന്നിവ ബാങ്കിൽ കൊടുത്ത് സാമ്പത്തികവർഷാവസാനംവരെയുള്ള ഇടപാടു

കൾ പതിപ്പിക്കുകയും 31.03.2021 ലെ Bank Balance Confirmation Certificate വാങ്ങി അതനുസരിച്ച് കണക്കുകൾ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

8. പൊതുക്കണക്കിന്റെ പേരേടിൽ പള്ളിക്ക് ഈ സാമ്പത്തികവർഷാവസാനംവരെയുള്ള എല്ലാ കടബാധ്യതയുടെയും പൂർണ്ണവിവരം രേഖപ്പെടുത്തിയിരിക്കണം.

9. പള്ളിയുടെ ബാലൻസ്ഷീറ്റിൽ കാണുന്ന ആസ്തിബാദ്ധ്യതകൾ പൊതുക്കണക്കുമായി ഒത്തുനോക്കി വ്യത്യാസമുണ്ടെങ്കിൽ അവ ഈ സാമ്പത്തികവർഷത്തെ ആണ്ടുതിരട്ടു തയ്യാറാക്കുമ്പോൾ ശരിയാക്കേണ്ടതാണ്.

10. മുൻവർഷങ്ങളിലെ ഓഡിറ്റു റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളും രൂപതാക്കച്ചേരിയിൽ കണക്കു പരിശോധിച്ചപ്പോൾ നല്കിയ നിർദ്ദേശങ്ങളും നമ്മുടെ ചാർട്ടേർഡ് അക്കൗണ്ടന്റ് ക്ലാസ്സ് എടുത്തപ്പോൾ നല്കിയ നിർദ്ദേശങ്ങളും പ്രത്യേകം പഠിച്ച് ആണ്ടുതിരട്ട് തയ്യാറാക്കുക.

11. രൂപതാക്കച്ചേരിയിലേക്ക് സമർപ്പിക്കുന്ന എല്ലാ റിക്കാർഡുകളിലും സ്റ്റേറ്റുമെന്റുകളിലും റിപ്പോർട്ടിലും ബഹുമാനപ്പെട്ട വികാരിയച്ചന്റെ ഒപ്പുണ്ടായിരിക്കേണ്ടതാണ്.

12. രൂപതാക്കച്ചേരിയിൽ കണക്കു സമർപ്പിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന തീയതിക്ക് 7 ദിവസം മുൻപ് ആണ്ടുതിരട്ട് പാസ്സാക്കിയിരിക്കേണ്ടതാണ്.

## രൂപതാക്കച്ചേരിയിൽ കണക്കുകൾ സമർപ്പിക്കുമ്പോൾ കൊണ്ടുവരേണ്ട റിക്കാർഡുകൾ

1. പൊതുക്കണക്കിന്റെ നാൾവഴി, പേരേട്, തിരട്ട്.
2. കൃഷിക്കണക്കിന്റെ നാൾവഴി, പേരേട്, തിരട്ട്.
3. പള്ളിയുടെ പൊതുക്കണക്കിൽപ്പെടാത്ത പ്രത്യേക കണക്കുകളുണ്ടെങ്കിൽ അവയുടെ നാൾവഴി, പേരേട്, തിരട്ട്.
4. ആണ്ടുതിരട്ടിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ.
5. ബാങ്കു പാസ്സ് ബുക്കുകൾ, ഡിപ്പോസിറ്റ് രസീതുകൾ (31.03.2021 വരെയുള്ള ഇടപാടുകൾ രേഖപ്പെടുത്തിയത്)

6. തന്നാണ്ടു പുതുക്കിയ മുറിച്ചാർത്ത്.
7. നിത്യക്കുർബാനധർമ്മം, സ്കോളർഷിപ്പ്ഫണ്ടുകൾ മുതലായവ എഴുതിസൂക്ഷിക്കുന്ന രജിസ്റ്റർ, തന്നാണ്ട് അതിന്റെ ബാധ്യതകൾ നിറവേറ്റിയതിന് ബഹുമാനപ്പെട്ട വികാരിയച്ചന്റെ സാക്ഷിപ്പ്.
8. ആണ്ടുതിരട്ടും ബഡ്ജറ്റും പാസ്സാക്കിയ പൊതുയോഗനിശ്ച യത്തിന്റെ സാക്ഷ്യപ്പെടുത്തിയ രണ്ടു കോപ്പികൾ.
9. ഇന്റേണൽ ഓഡിറ്റുറിപ്പോർട്ടും അതിനെപ്പറ്റി കൈക്കാരന്റെ വിശദീകരണമടങ്ങുന്ന ഓഡിറ്റ് റിപ്പോർട്ട് ബുക്കും തന്നാ ണ്ടത്തെ ഓഡിറ്റു റിപ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു കോപ്പിയും.
10. ഇന്റേണൽ ഓഡിറ്റേഴ്സ് പൂരിപ്പിക്കുന്ന സ്റ്റേറ്റ്മെന്റിന്റെ ഒരു കോപ്പി.
11. നിയമാനുസൃതം പാസ്സാക്കിയ 2021-2022 സാമ്പത്തികവർഷ ത്തേക്കുള്ള ബഡ്ജറ്റിന്റെ സാക്ഷ്യപ്പെടുത്തിയ രണ്ടു കോപ്പി കൾ.
12. ഇടവകയിലെ തൻവർഷത്തെ പ്രവർത്തനറിപ്പോർട്ട്.
13. പള്ളിവക സ്ഥാവരവസ്തുക്കളുടെ ആധാരത്തിന്റെ കോപ്പികൾ (രൂപതാക്കച്ചേരിയിൽ ഇതുവരെ ഏല്പിച്ചിട്ടില്ലാത്തവ).
14. 2020-21 വർഷത്തെ കരം അടച്ച രസീതിന്റെ /രേഖയുടെ കോപ്പി.
15. 31.03.2021 ലെ Bank Balance Confirmation Certificate (F.D A/cs., S.B.A/cs.,m Loan A/cs. etc. )

NB:

1. രൂപതാക്കച്ചേരിയിൽ കണക്കു സമർപ്പിക്കുന്നതിന് ഓരോ ഇട വകയ്ക്കും നിശ്ചയിച്ചിട്ടുള്ള തീയതി താഴെക്കൊടുക്കുന്നു.
2. ബഡ്ജറ്റ്, ഇടവകറിപ്പോർട്ട്, ഇന്റേണൽ ഓഡിറ്റേഴ്സ് സ്റ്റേറ്റ്മെന്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള ഫോറങ്ങൾ രൂപ താക്കച്ചേരിയിൽ നിന്ന് ഏപ്രിൽ ബുള്ളറ്റിനോടൊപ്പം എത്തി ക്കുന്നതാണ്.

| Name of Church | Date | Time |
|---|---|---|
| Kanjirappally St.Dominic's Cathedral | 24.07.21 | P.M. |
| Alampally St.Dominic's | 26.06.21 | A.M. |
| Amalagiri St.Thomas | 11.05.21 | A.M. |
| Amaravathy St.Josephs | 22.06.21 | A.M. |
| Anakallu St.Antonys | 01.06.21 | P.M. |
| Anakkara St.Thomas Forane | 26.04.21 | A.M. |
| Anavilasam St.George | 26.05.21 | A.M. |
| Anchilippa St.Pius X | 15.05.21 | P.M. |
| Angelvalley St.Marys | 26.05.21 | P.M. |
| Anickadu St.Marys | 05.05.21 | P.M. |
| Aniyartholu St.Thomas | 14.07.21 | A.M. |
| Arayanjalmannu St.Joseph | 08.07.21 | P.M. |
| Azhangadu St.Antonys | 18.06.21 | A.M. |
| Bethany Hills St.Marys | 15.07.21 | A.M. |
| Chakkupallom Carmel Matha | 16.06.21 | A.M. |
| Chamampathal Fathima Matha | 22.06.21 | P.M. |
| Chellarcoil Mar Sleeva | 03.06.21 | A.M. |
| Chemmannu St.Thomas | 27.05.21 | A.M. |
| Chembalam St.Marys | 27.04.21 | A.M. |
| Chempanoly St.Sebastians | 17.05.21 | P.M. |
| Chengalam St.Antonys | 23.06.21 | P.M. |
| Cheenkalthadam(Mailapara)St.Josephs | 16.07.21 | A.M. |
| Chenkal Sacred Heart | 28.04.21 | P.M. |
| Chennakunnu St.George | 05.07.21 | P.M. |
| Cheruvallikulam St.George | 13.05.21 | P.M. |
| Cheruvally St.Marys | 12.05.21 | P.M. |
| Chinnar St.George | 20.07.21 | A.M. |
| Chottupara St.Gianna | 19.07.21 | A.M. |
| Cumbummettu St.Josephs | 25.05.21 | A.M. |
| Edakunnam Velankanni Matha | 27.04.21 | P.M. |
| Edamon St.Marys | 21.06.21 | A.M. |
| Elamgulam St.Marys | 03.06.21 | P.M. |

| | | |
|---|---|---|
| Elangoi Holy Cross | 02.06.21 | P.M. |
| Elappara St.Alphonsa | 10.07.21 | A.M. |
| Elikulam Infant Jesus | 16.06.21 | P.M. |
| Elivalikara St.Antonys | 09.07.21 | P.M. |
| Eruthuapuzha Infant Jesus | 14.07.21 | P.M. |
| Erumely Assumption Forane | 12.06.21 | P.M. |
| Grace Mount Grace Matha | 02.06.21 | A.M. |
| Greenvalley Infant Jesus | 22.07.21 | A.M. |
| Inchiyani Holy Family | 22.05.21 | P.M. |
| Kalthotty Holy Family | 24.05.21 | A.M. |
| Kanamala St.Thomas | 30.04.21 | P.M. |
| Kanayankavayal St.Marys | 21.05.21 | A.M. |
| Kanchiyar St.Marys | 07.05.21 | A.M. |
| Kannampally St.Marys | 12.06.21 | A.M. |
| Kannimala St.Josephs | 05.06.21 | P.M. |
| Kappadu Holy Cross | 11.05.21 | P.M. |
| Karikattoor St.Antonys | 19.06.21 | P.M. |
| Karikulam Fathima Matha | 25.05.21 | P.M. |
| Karunapuram St.Marys | 03.05.21 | A.M. |
| Kattappana St.George Forane | 19.05.21 | A.M. |
| Keerikara St.Antonys | 21.07.21 | A.M. |
| Kizhakkemattukatta St.Thomas | 22.07.21 | P.M. |
| Kochera St.Josephs | 01.06.21 | A.M. |
| Kochuthovala St.Josephs | 07.06.21 | A.M. |
| Kollamula St.Maria Goretti | 21.06.21 | P.M. |
| Konni St.Jude | 08.07.21 | A.M. |
| Koovappally St.Josephs | 08.06.21 | P.M. |
| Koothattukulam Assumption | 13.07.21 | P.M. |
| Koratty Puthenpalli St.Josephs | 04.06.21 | P.M. |
| Koruthodu St.George | 21.05.21 | P.M. |
| Kozhencherry Holy Family | 17.07.21 | A.M. |
| Kumily(Attapallom)St.Thomasl | 05.07.21 | A.M. |
| Kunnumbhagom St.Josephs | 07.05.21 | P.M. |
| Kurupanmoozhy St.Thomas | 10.05.21 | P.M. |

| | | |
|---|---|---|
| Kuzhitholu St.Sebastians | 28.04.21 | A.M. |
| Kuttikanam St.Mathews | 26.07.21 | A.M. |
| Madukka St.Mathews | 30.06.21 | P.M. |
| MangapettaSt.Thomas | 12.07.21 | A.M. |
| Mangappara Nityasahayamatha | 16.07.21 | P.M. |
| Manipuzha Christ Raj | 29.05.21 | P.M. |
| Mariagiri St.Sebastian | 15.05.21 | A.M. |
| Marykulam St.George | 11.06.21 | A.M. |
| Meenkuzhy Little Flower | 13.07.21 | A.M. |
| Melorem St.Sebastians | 05.05.21 | A.M. |
| Meppara Lourdu Matha | 06.07.21 | A.M. |
| Mlamala Fathima Matha | 14.05.21 | A.M. |
| Mukkoottuthara St.Thomas | 24.05.21 | P.M. |
| Mukkulam St.George | 03.05.21 | P.M. |
| Mulamkunnu Infant Jesus | 07.07.21 | P.M. |
| Mundakayam Our Lady of Dolours Forane | 24.06.21 | P.M. |
| Mundakayam St.John Paul II | 18.06.21 | P.M. |
| Mundiyeruma Assumption Forane | 30.04.21 | A.M. |
| Murinjapuzha(Christunagar)St.George | 15.06.21 | A.M. |
| Nallathanny Holy Family | 23.07.21 | P.M. |
| Nariampara Holy Cross | 09.06.21 | A.M. |
| Nasranipuram St.Mathews | 13.05.21 | A.M. |
| Nettithozhu St.Isidor | 04.05.21 | A.M. |
| Neyyattusserry St.George | 09.06.21 | P.M. |
| Nilackal Thulappally Mar Thoma Sleeha | 18.05.21 | A.M. |
| Niravu St.Marys | 01.07.21 | P.M. |
| Nirmalagiri St.Antonys | 02.07.21 | A.M. |
| Nirmalapuram Holy Family | 14.07.21 | A.M. |
| Padanilam St.Sebastians | 14.06.21 | P.M. |
| Palampra Gathsemene | 28.05.21 | P.M. |
| Palapra Vimala Matha | 18.05.21 | P.M. |
| Paloorkavu St.George | 04.05.21 | P.M. |
| Pampadumpara St.George | 24.06.21 | A.M. |
| Panapilavu St.Josephs | 25.06.21 | P.M. |

| | | |
|---|---|---|
| Pathanamthitta Mary Matha Forane | 10.07.21 | P.M. |
| Pazhayakoratty St.Marys | 26.06.21 | P.M. |
| Pazhayidom St.Michaels | 07.06.21 | P.M. |
| Peermedu St.Marys | 17.07.21 | P.M. |
| Periyar Vallakadavu St.Josephs | 25.06.21 | A.M. |
| Perunadu St.Jude | 15.07.21 | A.M. |
| Perumthenaruvi St.Josephs | 21.07.21 | P.M. |
| Peruvanthanam St.Josephs Forane | 10.05.21 | A.M. |
| Pezhumpara Sacred Heart | 01.07.21 | A.M. |
| Placherry Fathima Matha | 07.07.21 | A.M. |
| Podimattam St.Marys | 19.06.21 | A.M. |
| Ponkunnam Holy Family Forane | 10.06.21 | P.M. |
| Poomattam St.Thomas | 19.07.21 | P.M. |
| Pulinkatta St.George | 14.06.21 | A.M. |
| Pulianmala St.Antonys | 22.05.21 | A.M. |
| Pullanithakady St.Ritas | 20.07.21 | P.M. |
| Pullikanam St.Thomas | 23.06.21 | A.M. |
| Punchavayal St.Sebastians | 28.06.21 | A.M. |
| Purakayam St.Josephs | 13.05.21 | P.M. |
| Puttady Velankanni Matha | 17.05.21 | A.M. |
| Rajagiri Christu Raj | 29.04.21 | A.M. |
| Ramakalmettu Sacred Heart | 04.06.21 | A.M. |
| Ranni Infant Jesus Forane | 28.06.21 | P.M. |
| Santhigiri St.George | 08.06.21 | A.M. |
| Sanyasioda Infant Jesus | 30.06.21 | A.M. |
| Seethathodu St.George | 24.07.21 | A.M. |
| Swaraj St.Pauls | 06.07.21 | P.M. |
| Thachapuzha St.Marys | 12.07.21 | P.M. |
| Thamarakunnu St.Ephrems | 20.05.21 | P.M. |
| Thampalakadu St.Thomas | 19.05.21 | P.M. |
| Tharakanattukunnu St.Antonys | 17.06.21 | P.M. |
| Thekkemala St.Marys | 10.06.21 | A.M. |
| Third Camp St.Josephs | 17.06.21 | A.M. |
| Uluppooni St.Alphonsa | 23.07.21 | A.M. |

| | | |
|---|---|---|
| Umikuppa Lourdu Matha | 29.04.21 | P.M. |
| Upputhara St.Marys Forane | 28.05.21 | A.M. |
| Vadakkemala St.Sebastians | 02.07.21 | P.M. |
| Vakayar Infant Jesus | 08.07.21 | A.M. |
| Valiathovala Christ Raj | 06.05.21 | A.M. |
| Vallakadavu St.Antonys | 29.05.21 | A.M. |
| Vanchimala St.Antonys | 15.06.21 | P.M. |
| Vandanmmedu St.Antonys | 20.05.21 | A.M. |
| Vandanpathal St.Pauls | 26.04.21 | P.M. |
| Vechoochria St.Josephs | 27.05.21 | P.M. |
| Velichiyani St.Thomas Forane | 14.05.21 | P.M. |
| Vellaramkunnu St.Marys | 12.05.21 | A.M. |
| Wallardy Holy Cross | 05.06.21 | A.M. |
| Yendayar St.Jude | 06.05.21 | P.M. |

**Chapels/Shrines/Mission Stations etc.**

| | | |
|---|---|---|
| Anakuthymedu St.George,Kattappana | 19.05.21 | A.M. |
| 116 Colony St.Thomas, Koruthodu | 21.05.21 | P.M. |
| Anachari St.Marys, Peruvanthanam | 10.05.21 | A.M. |
| Kalaketty St.Martin de Porus Shrine | 26.07.21 | P.M. |
| Karithodu St.Josephs,Erumely | 28.07.21 | P.M. |
| Kayyoori St.Sebastins, Anickadu | 29.07.21 | P.M. |
| Kizhakkechemmannu St.George, Chemmannu | 27.05.21 | A.M. |
| Koinad St.Antonys, Kanayakavayal | 21.05.21 | A.M. |
| Kochukavu St.Thomas, Elikulam | 16.06.21 | P.M. |
| Manjookulam Sacred Heart, Kappad | 11.05.21 | P.M. |
| Manthara St.Antonys Pilgrimage Centre | 27.07.21 | P.M. |
| Mettukuzhy Velamkanni Matha ,Kattappana | 29.07.21 | A.M. |
| Pachakadu St.Jude,Mlamala | 14.05.21 | A.M. |
| Parumthumala St.Josephs,Thamarakunnu | 28.07.21 | A.M. |
| Sleevamount Mar Sleeva, Keerikara | 27.07.21 | A.M. |
| Thengumpally Infant Jesus | 30.07.21 | A.M. |
| Valakayam St.George | 30.07.21 | P.M. |
| Pious Mount Valiathovala | 06.05.21 | A.M. |



# പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## വിശ്വാസവും മിശിഹാനുഭവവും
### (തിരുവചനഭാഗം: 2 പത്രോ 1,1–21)

പത്രോസ്ശ്ലീഹായുടെ രണ്ടാം ലേഖനമാണ് ഇപ്പോൾ നമ്മൾ വിചിന്തനത്തിന് വിഷയമാക്കുന്നത്. ശ്ലീഹായായ ശിമയോൻപത്രോസാണെന്ന് ആമുഖത്തിലും (1,1), ഈശോയുടെ രൂപാന്തരീകരണ സമയത്ത് അവനോടൊപ്പം ഉണ്ടായിരുന്നവനാണെന്ന് ആദ്യ അദ്ധ്യായത്തിലും (1,16–18) ലേഖനത്തിന്റെ രചയിതാവ് തന്നെത്തന്നെ പരിചയപ്പെടുത്തുന്നുണ്ട്. വിശ്വാസം സ്വീകരിച്ച് അതിൽ വളർന്നുകൊണ്ടിരിക്കുന്ന സമൂഹമാണ് ലേഖനത്തിന്റെ സ്വീകർത്താക്കൾ. അതുകൊണ്ട് വിശ്വാസികളുടെ സമൂഹമായ സഭയുടെ ശുശ്രൂഷകരായ വൈദികർക്ക് ഈ ലേഖനപഠനം തീർച്ചയായും പ്രചോദനമാവും. ആദ്യ അദ്ധ്യായം ഇപ്രകാരം വിഭജിക്കാം:

1. വിശ്വാസജീവിതവും രക്ഷാകരാനുഭവവും (1,1–2)
2. രക്ഷയും സാന്മാർഗ്ഗികജീവിതവും (1,3–7)
3. വിശ്വാസവും ദൈവരാജ്യപ്രവേശനവും (1,8–11)
4. സത്യവിശ്വാസം കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകത (1,12–15)
5. മഹത്ത്വീകരണവും മിശിഹായുടെ രണ്ടാമാഗമനവും (1,16–21)

വിശ്വാസികൾക്കു ക്രൈസ്തവവിശ്വാസത്തിൽനിന്നും വ്യതിചലിച്ചുപോകുവാനുള്ള സാദ്ധ്യത വർദ്ധിച്ചിരിക്കുന്ന ഈ കാലഘട്ട

ത്തിൽ വിശ്വാസജീവിതത്തിനും അജപാലനശുശ്രൂഷയ്ക്കും പ്രയോജനകരമായ ആഭിമുഖ്യങ്ങൾ ഉൾക്കൊള്ളുവാൻ ഈ ലേഖനവിചിന്തനങ്ങൾ സഹായകരമാവും.

### 1. വിശ്വാസജീവിതവും രക്ഷാകരാനുഭവവും

*"ഈശോമിശിഹായുടെ ദാസനും ശ്ലീഹായുമായ ശിമയോൻ പത്രോസ്, നമ്മുടെ ദൈവത്തിന്റെയും രക്ഷകനായ ഈശോമിശിഹായുടെയും നീതിവഴി ഞങ്ങൾ സ്വീകരിച്ച വിശ്വാസംതന്നെ സ്വീകരിച്ചവർക്ക് എഴുതുന്നത്. ദൈവത്തെയും നമ്മുടെ കർത്താവായ ഈശോമിശിഹായെയുംകുറിച്ചുള്ള പൂർണ്ണമായ പരിജ്ഞാനംമൂലം നിങ്ങളിൽ കൃപയും സമാധാനവും വർദ്ധിക്കട്ടെ!"* (1,1-2).

ക്രിസ്തീയവിശ്വാസം ദൈവത്തിന്റെയും രക്ഷകനായ ഈശോമിശിഹായുടെയും നീതിവഴിയാണ് നമ്മൾ സ്വീകരിച്ചത്. മിശിഹാ തന്റെ കുരിശിലെ ബലിയർപ്പണംവഴി നേടിത്തന്നതാണ് നമ്മുടെ വിശ്വാസം. ശ്ലീഹന്മാരുടെ മിശിഹാനുഭവത്തിലൂടെ കൈമാറപ്പെട്ടുകിട്ടിയ ഈ വിശ്വാസം നിധിപോലെ കാത്തുസൂക്ഷിക്കേണ്ടതാണ്. ദൈവകൃപയാലാണ് ഈ വിശ്വാസം നമുക്കു ലഭിച്ചത്. ഇതു നാം ഒരു നിധി എന്നതുപോലെ കാത്തുസൂക്ഷിക്കണമെന്നും, നിരന്തരമായ മിശിഹാനുഭവത്തിലൂടെ വളർത്തിയെടുക്കണമെന്നുമാണ് പത്രോസ്ശ്ലീഹാ ഉപദേശിക്കുന്നത്. മിശിഹാനുഭവത്തിൽ വളരണമെങ്കിൽ മിശിഹായോടുള്ള സ്നേഹബന്ധത്തിൽ വളരണം. കൂദാശാപരമായി പരിശുദ്ധ കുർബാനയിലെ വചനശുശ്രൂഷയിലും കൂദാശാശുശ്രൂഷയിലും, പ്രായോഗികമായി ഓരോ ചെറിയവരിലും മിശിഹായെ കണ്ട് അവിടുത്തോടുള്ള സ്നേഹബന്ധത്തിൽ വളർന്നാലേ വിശ്വാസത്തിൽ നമുക്കു നിലനില്ക്കാനാവൂ.

അതുപോലെ വിശ്വാസത്തിന്റെ ഫലമായി നമുക്കു ലഭിക്കുന്നത് കൃപയും സമാധാനവുമാണെന്നും പത്രോസ്ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. മിശിഹായെക്കുറിച്ചുള്ള യഥാർത്ഥ ജ്ഞാനത്തിന്റെ അഥവാ മിശിഹാനുഭവത്തിന്റെ അഭാവമാണ് കൃപയും സമാധാനവും നഷ്ടപ്പെടാൻ കാരണമാകുന്നത്. അതുകൊണ്ട് മിശിഹാനുഭവത്തിൽ വളർന്ന് കൃപ

യിലും സമാധാനത്തിലും നാം നിരന്തരം നിലനില്ക്കണമെന്നാണ് പത്രോസ്ശ്ലീഹാ അനുസ്മരിപ്പിക്കുന്നത്. പുരോഹിതൻ സ്വയം ഈ മിശിഹാനുഭവത്തിൽ നിലനില്ക്കുന്നവനും ഈ അനുഭവത്തിൽ തന്റെ അജഗണങ്ങളെ വളർത്തുന്നവനുമാകണം. അജപാലനശുശ്രൂഷയുടെ പ്രഥമലക്ഷ്യം വിശ്വാസപരിശീലനമാണല്ലോ.

**2. രക്ഷയും സാന്മാർഗികജീവിതവും**

*"ഇക്കാരണത്താൽ നിങ്ങളുടെ വിശ്വാസത്തെ സുകൃതംകൊണ്ടും, സുകൃതത്തെ ജ്ഞാനംകൊണ്ടും, ജ്ഞാനത്തെ ആത്മസംയമനംകൊണ്ടും, ആത്മസംയമനത്തെ ക്ഷമകൊണ്ടും, ക്ഷമയെ ഭക്തികൊണ്ടും, ഭക്തിയെ സഹോദരസ്നേഹംകൊണ്ടും, സഹോദരസ്നേഹത്തെ ഉപവികൊണ്ടും സമ്പൂർണ്ണമാക്കാൻ നന്നായി ഉത്സാഹിക്കുവിൻ. ഇവ നിങ്ങളിൽ ഉണ്ടായിരിക്കുകയും സമൃദ്ധമാവുകയും ചെയ്താൽ, നിങ്ങൾ പ്രയോജനശൂന്യരും ഫലരഹിതരുമാകാതിരിക്കാൻ നമ്മുടെ കർത്താവായ ഈശോമിശിഹായെക്കുറിച്ചുള്ള പൂർണ്ണമായ അറിവ് സഹായിക്കും"* (1,5-8).

രക്ഷാകരമായ വിശ്വാസജീവിതം നയിക്കുന്നവർ ദൈവികസ്വഭാവത്തിൽ പങ്കുചേരുന്നവരും ദൈവികമഹത്ത്വത്തിൽ പങ്കുചേരാമെന്ന പ്രത്യാശയുള്ളവരുമാണെന്ന് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു (1,3-4). 'വിശുദ്ധീകരണം' എന്നതിന് സമാന്തരമായി പൗരസ്ത്യസഭകൾ പൊതുവേ പറയുന്നത് 'ദൈവികീകരണം' എന്നാണ്. ജന്മനാ കേവലം മനുഷ്യരായ നാം, മാമ്മോദീസായിലൂടെ വിശ്വാസത്തിലേക്കു പ്രവേശിപ്പിക്കപ്പെടുമ്പോൾ ദൈവികരായി മാറുന്നു എന്ന യാഥാർത്ഥ്യം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ദൈവത്തിന്റെ സ്വഭാവമുള്ളവരായിത്തീരുക എന്നു പറഞ്ഞാൽ ദൈവത്തിന്റെ സവിശേഷതകൾ സ്വാംശീകരിച്ചവരായിത്തീരുക എന്നാണർത്ഥം. എന്നാൽ ഇതു യാന്ത്രികമായി സംഭവിക്കുകയില്ല. അതിന് നമ്മുടെ ആത്മാർത്ഥവും സ്ഥിരതയോടുകൂടിയതുമായ സഹകരണം ആവശ്യമാണ്.

ഇപ്രകാരം ദൈവകൃപയുടെ ജീവിതം നയിക്കാൻ വിശ്വാസി

കൾ ധാർമ്മികതയുടെ ജീവിതം വിശ്വസ്തതയോടെ നയിക്കണം. ധാർമ്മികമൂല്യങ്ങളിൽ എട്ടെണ്ണമാണ് ലേഖനകർത്താവ് പ്രത്യേകം പരാമർശിക്കുന്നത്. പുണ്യങ്ങളുടെ ഈ ശ്രേണിയിൽ പ്രഥമസ്ഥാനം വിശ്വാസത്തിനാണ്. സകല പുണ്യങ്ങളുടെയും അടിസ്ഥാനം വിശ്വാസമാണ്. അതേത്തുടർന്ന് സുകൃതം, അറിവ്, ആത്മനിയന്ത്രണം, ക്ഷമ, ഭക്തി, സഹോദരസ്നേഹം, ഉപവി എന്നീ പുണ്യങ്ങളാണ് പരാമർശിക്കപ്പെടുന്നത്. വിശ്വാസത്തിൽ ആരംഭിച്ച് ഉപവിയിൽ (agape) അവസാനിക്കുന്ന പുണ്യപ്പട്ടികയിൽ സകല ക്രിസ്തീയപുണ്യങ്ങളും വിവക്ഷിക്കപ്പെടുന്നതായി കാണാം. വിശ്വാസത്തെ പുണ്യങ്ങൾക്കൊണ്ട് വളർത്തുന്നില്ലെങ്കിൽ നാം പഴയ പാപാവസ്ഥയിലേക്കു മാറാൻ സാദ്ധ്യതയുണ്ട്. ഇപ്രകാരം വിശ്വാസികളുടെ സമൂഹമായ സഭയാകുന്ന മിശിഹായുടെ മണവാട്ടിയെ സുകൃതങ്ങൾക്കൊണ്ട് അലങ്കരിക്കുക എന്നത് പുരോഹിതന്റെ പ്രധാനപ്പെട്ട ഒരു ശുശ്രൂഷയായി കരുതണം.

### 3. വിശ്വാസവും ദൈവരാജ്യപ്രവേശനവും

"*ആകയാൽ, സഹോദരരേ, നിങ്ങളുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പിക്കുന്നതിൽ കൂടുതൽ ഉത്സാഹമുള്ളവരായിരിക്കുവിൻ. ഇങ്ങനെ ചെയ്താൽ ഒരിക്കലും നിങ്ങൾ വീണുപോവുകയില്ല. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ അനശ്വരമായ രാജ്യത്തിലേക്ക് അനായാസം നിങ്ങൾക്കു പ്രവേശനം ലഭിക്കുകയും ചെയ്യും*" (1,10-11).

ദൈവവിളിയും ദൈവത്തിന്റെ തെരഞ്ഞെടുപ്പുമാണ് രക്ഷയുടെ ആരംഭം. ഇവ രണ്ടും മാമ്മോദീസായ്ക്കു മുമ്പ് സംഭവിക്കുന്നുണ്ട്. ദൈവത്തിന്റെ വിളിയും തെരഞ്ഞെടുപ്പും കൂടാതെ ആർക്കും ദൈവരാജ്യത്തിൽ പ്രവേശനമില്ല. സഭ ദൈവരാജ്യത്തിന്റെ കൂദാശയാണല്ലോ. അതുകൊണ്ട് മാമ്മോദീസായിലൂടെ സഭയുടെ വിശ്വാസത്തിലേക്കുള്ള നമ്മുടെ പ്രവേശനം ദൈവരാജ്യത്തിലേക്കുള്ള വിളിയുടെയും തെരഞ്ഞെടുപ്പിന്റെയും ഫലമാണ്. എന്നാൽ നമ്മുടെ സഹകരണമില്ലാതെ ദൈവരാജ്യപ്രവേശനം സാദ്ധ്യമാവുകയില്ല. അതു

കൊണ്ടാണല്ലോ ഈശോ തന്റെ പരസ്യജീവിതാരംഭത്തിൽ "ദൈവ രാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വ സിക്കുവിൻ" (മർക്കോ 1,14-15) എന്ന് ആഹ്വാനം ചെയ്തത്. വിശ്വാ സവും ദൈവരാജ്യപ്രവേശനവും ദൈവത്തിന്റെ ദാനമാണെങ്കിലും, നമ്മൾ സുകൃതാഭ്യാസങ്ങളിലൂടെ വിശ്വാസജീവിതത്തെ പരിപോഷി പ്പിച്ചുകൊണ്ട് ദൈവത്തോടു സഹകരിച്ചുകൊണ്ട് ദൈവരാജ്യപ്രവേ ശനം സാധ്യമാക്കിത്തീർക്കണം.

സുവിശേഷങ്ങളിൽ ദൈവരാജ്യപ്രവേശനത്തിന് വ്യവസ്ഥക ളായി ഈശോ അവതരിപ്പിക്കുന്നത് സുവിശേഷഭാഗ്യങ്ങളാണ് (മത്താ 5,3-10). വി. മത്തായിയുടെ സുവിശേഷത്തിൽ എട്ടു സുവിശേഷഭാ ഗ്യങ്ങളായി ഈശോ അവതരിപ്പിക്കുന്നതുതന്നെയാണ് പത്രോ സ്ശ്ലീഹാ തന്റെ രണ്ടാം ലേഖനത്തിൽ എട്ടു സുകൃതങ്ങളായി അവ തരിപ്പിക്കുന്നത്. സുവിശേഷത്തിൽ 'സ്വർഗ്ഗരാജ്യം' അഥവാ 'ദൈവ രാജ്യ'ത്തിലേക്കുള്ള പ്രവേശനമാണെങ്കിൽ, പത്രോസ്ശ്ലീഹായുടെ രണ്ടാം ലേഖനത്തിൽ അത് നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ അനശ്വരമായ രാജ്യത്തിലേക്കുള്ള പ്രവേശ നമാണ് (1,11). മിശിഹായെ നമ്മുടെ കർത്താവും രക്ഷകനുമായി നാം അംഗീകരിക്കുന്നതിലൂടെ ദൈവരാജ്യപ്രവേശനം നമുക്കു സാധ്യമാ യിത്തീരുമെന്ന് പത്രോസ്ശ്ലീഹാ നമ്മെ അനുസ്മരിപ്പിക്കുന്നു. ഇപ്ര കാരമുള്ള ഒരു വിശ്വാസജീവിതമാണ് പുരോഹിതൻ നയിക്കേണ്ടതും ജനങ്ങളെ പരിശീലിപ്പിക്കേണ്ടതും.

**4. സത്യവിശ്വാസം കാത്തുസൂക്ഷിക്കാൻ ഓർമ്മിപ്പിക്കുക**

"*നിങ്ങൾ ഇക്കാര്യങ്ങൾ അറിയുകയും നിങ്ങൾക്കു ലഭിച്ചിരി ക്കുന്ന സത്യത്തിൽ ഉറച്ചുനില്ക്കുകയും ചെയ്യുന്നെങ്കിലും, അവയെ ക്കുറിച്ച് എപ്പോഴും നിങ്ങളെ ഞാൻ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും. ഞാനീ കൂടാരത്തിൽ ആയിരിക്കുന്നിടത്തോളംകാലം, ഓർമ്മപ്പെടു ത്തൽവഴി നിങ്ങളെ ഉണർത്തുന്നത് ഉചിതമാണെന്നു കരുതുന്നു. എന്തെന്നാൽ, നമ്മുടെ കർത്താവായ ഈശോമിശിഹാ എനിക്കു വെളി*

*പ്പെടുത്തിത്തന്നിട്ടുള്ളതുപോലെ, കൂടാരത്തിൽനിന്നുള്ള എന്റെ വേർപാടിന്റെ സമയം അടുത്തിരിക്കുന്നു. എന്റെ വേർപാടിനുശേഷവും നിങ്ങൾ ഇക്കാര്യങ്ങൾ ഓർക്കാൻവേണ്ടത് ഞാൻ ചെയ്യും"* (1,12-15).

ഗ്രന്ഥകാരനും വായനക്കാരും ഒരുപോലെ പങ്കുചേരുന്ന സത്യവിശ്വാസത്തിന്റെ അടിസ്ഥാനപ്രമാണങ്ങളെ അവതരിപ്പിക്കുക എന്നതാണ് ലേഖനലക്ഷ്യം. സത്യവിശ്വാസം വരുംതലമുറയ്ക്കായി കാത്തുസൂക്ഷിക്കേണ്ടത് ആവശ്യമാണ്. ശ്ലൈഹിക ആധികാരികതയോടുകൂടെയുള്ള പ്രബോധനമാണ് സത്യവിശ്വാസത്തിനടിസ്ഥാനം. ശ്ലൈഹികപ്രബോധനത്തിൽ സദാ താല്പര്യപൂർവ്വം പങ്കുചേരുന്ന ഒരു സമൂഹമായിട്ടാണല്ലോ ആദിമസഭ രൂപംകൊണ്ടത് (ശ്ലീഹ 2,42). ആ സ്വഭാവം സഭ എന്നും, എവിടെയും കാത്തുസൂക്ഷിക്കണം. സഭയുടെ വിശ്വാസപൈതൃകം കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെയാണ് ഇവിടെ ഊന്നിപ്പറയുന്നത്. ഇത് പുരോഹിതൻ തന്റെ അജപാലനശുശ്രൂഷയിൽ എന്നും ഓർത്തിരിക്കേണ്ട ഒരു വസ്തുതയാണ്. വിശ്വാസപൈതൃകമാണ് ഒരു സഭയുടെ അസ്തിത്വത്തിന്റെയും വ്യക്തിത്വത്തിന്റെയും മുഖമുദ്ര.

തന്റെ മരണം ആസന്നമായി എന്ന സന്ദേശംകൂടി പത്രോസ്ശ്ലീഹാ ഇവിടെ നല്കുന്നുണ്ട്. ഇതിനെ സൂചിപ്പിക്കാൻ രണ്ടു പ്രതീകങ്ങളാണ് പ്രധാനമായും ഉപയോഗിക്കുന്നത്. "കൂടാരത്തിൽനിന്നുള്ള വേർപാട്" എന്ന പ്രതീകവും, "ഭൂമിയിൽനിന്നുള്ള പുറപ്പാട്" എന്ന പ്രതീകവും (1,14-15). തലമുറകൾ കടന്നുപോകും. എന്നാൽ തലമുറകൾ കൈമാറുന്ന വിശ്വാസം അവികലമായി പരിരക്ഷിക്കപ്പെടണം. ഇക്കാര്യം വിശ്വാസികൾ അവശ്യം അറിഞ്ഞിരിക്കേണ്ടതാണ്. വിശ്വാസികളുടെ സമൂഹത്തിന് നേതൃത്വം നല്കുന്ന പുരോഹിതർ ഇതു മനസ്സിലാക്കുന്നവരും അതേപ്പറ്റി ബോദ്ധ്യമുള്ളവരുമായിരിക്കണം. അവർതന്നെ സഭയുടെ വിശ്വാസപൈതൃകത്തെ മാനിക്കുന്നവരും, അത് ജീവിക്കുന്നവരും, അപ്രകാരം ജീവിക്കാൻ ജനങ്ങളെ നിരന്തരം ഓർമ്മിപ്പിക്കുന്നവരുമായിരിക്കണം.

**5. മിശിഹായുടെ രണ്ടാമാഗമനത്തിലുള്ള വിശ്വാസം**

*"നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ശക്തിയെയും പ്രത്യാഗമനത്തെയുംകുറിച്ചു ഞങ്ങൾ നിങ്ങളെ അറിയിച്ചതു കൗശലപൂർവ്വം മെനഞ്ഞെടുത്ത കല്പിതകഥകളെ വിശ്വസിച്ചതുകൊണ്ടല്ല; ഞങ്ങൾ അവന്റെ ശക്തിപ്രാഭവത്തിന്റെ ദൃക്സാക്ഷികളായതുകൊണ്ടാണ്. പിതാവായ ദൈവത്തിൽനിന്നു ബഹുമാനവും മഹത്ത്വവും അവൻ സ്വീകരിച്ചു. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന സ്വരം മഹിമപ്രാഭവത്തിൽനിന്ന് അവന്റെ അടുത്തുവരുകയും ചെയ്തു. സ്വർഗ്ഗത്തിൽനിന്നുണ്ടായ ആ സ്വരം ഞങ്ങൾ കേട്ടു. എന്തെന്നാൽ ഞങ്ങളും അവന്റെകൂടെ വിശുദ്ധ മലയിൽ ഉണ്ടായിരുന്നു"* (1,16-18).

സഭയുടെ വിശ്വാസപൈതൃകത്തിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് മിശിഹായുടെ രണ്ടാമാഗമനവും അവിടുത്തെ സ്വർഗ്ഗീയമഹത്ത്വത്തിലുള്ള പങ്കുചേരലും. മിശിഹായുടെ രണ്ടാമാഗമനത്തെ നിഷേധിക്കുന്ന ചിലരുണ്ടായിരുന്ന പശ്ചാത്തലമാണ് ഇപ്രകാരം പറയുവാൻ പത്രോസ്ശ്ലീഹായെ പ്രേരിപ്പിക്കുന്നത്. ഈശോയുടെ ശക്തിയെയും പ്രത്യാഗമനത്തെയുംകുറിച്ചുള്ള അറിവ് തനിക്കു ലഭിച്ചിരിക്കുന്നതാണ് അവിടുത്തെ ശക്തിപ്രാഭവത്തിന് ശ്ലീഹാ ദൃക്സാക്ഷിയായിരുന്നു എന്നതിനും അവയുടെ ആധികാരികതയ്ക്കും ആദ്യത്തെ തെളിവ്. അത് "കൗശലപൂർവ്വം മെനഞ്ഞെടുത്ത കല്പിതകഥകൾ" അല്ലെന്നു പറഞ്ഞുകൊണ്ട്, കൗശലപൂർവ്വം തെറ്റായ വിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെ, ശ്ലൈഹികപാരമ്പര്യത്തിന്റെ വിശ്വാസ്യതയെ പത്രോസ്ശ്ലീഹാ പ്രഖ്യാപിക്കുകയാണ്. മിശിഹായുടെ രൂപാന്തരീകരണസമയത്ത് താൻ കേട്ട, ഈശോയുടെ ദൈവപുത്രത്വത്തെപ്പറ്റിയുള്ള പിതാവായ ദൈവത്തിന്റെ പ്രഖ്യാപനം, തന്റെ ശ്ലൈഹികതയുടെയും, ശ്ലീഹന്മാരിലൂടെ കൈമാറപ്പെട്ട വിശ്വാസപൈതൃകത്തിന്റെയും ആധികാരികതയെ ഉറപ്പിക്കുന്നു എന്നും ശ്ലീഹാ പറയുന്നു (1,17-18).

വിശുദ്ധഗ്രന്ഥം ഈ ശ്ലൈഹികപാരമ്പര്യത്തിന്റെ വെളിച്ചത്തിലും അടിസ്ഥാനത്തിലുമാണ് വ്യാഖ്യാനിക്കേണ്ടതും പഠിക്കേണ്ടതും പഠിപ്പിക്കേണ്ടതും എന്നുകൂടി പറഞ്ഞാണ് ഈ അദ്ധ്യായം പത്രോസ്ശ്ലീഹാ അവസാനിപ്പിക്കുന്നത്. കർത്താവിന്റെ രണ്ടാമാഗമനത്തെ നിഷേധിക്കുന്നവരും വിശുദ്ധലിഖിതങ്ങൾ സ്വന്തമായി വ്യാഖ്യാനിക്കുന്നവരും ആ കാലഘട്ടത്തിലുണ്ടായിരുന്നു എന്നാണ് സൂചന. ഇന്നും അതുപോലെ സഭയുടെ ശ്ലൈഹികമായ, ആധികാരികമായ പ്രബോധനത്തെ മാനിക്കാതെ മറ്റു രീതികളിൽ ബൈബിൾ വ്യാഖ്യാനിക്കുന്നവരും പഠിപ്പിക്കുന്ന സഭാവിഭാഗങ്ങളും ക്രൈസ്തവരുമുണ്ട്. ഇതേപ്പറ്റിയുള്ള അവബോധം സഭാംഗങ്ങൾക്കെല്ലാവർക്കുമുണ്ടായിരിക്കണം. സഭശുശ്രൂഷകരായ വൈദികർ ഇതേപ്പറ്റി വിശ്വാസികളെ ബോധവൽക്കരിക്കുകയും വേണം.

**ജീവിതസൂചിക**

1. മിശിഹായിലുള്ള വിശ്വാസവും മിശിഹാനുഭവവും കാത്തുസൂക്ഷിക്കേണ്ട നിധിയാണെന്നു വിശ്വസിക്കുകയും അപ്രകാരം വിശ്വാസികളെ പഠിപ്പിക്കുകയും ചെയ്യുന്നുണ്ടോ?
2. വിശ്വാസത്തിന്റെ വെളിച്ചത്തിൽ നല്ല ഒരു സാന്മാർഗ്ഗികജീവിതം നയിക്കുവാൻ ശ്രമിക്കുകയും, അപ്രകാരം അജഗണങ്ങളെ സാന്മാർഗ്ഗികജീവിതത്തിൽ പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ടോ?
3. സുകൃതാഭ്യാസങ്ങളിലൂടെ വിശ്വാസജീവിതത്തെ പരിപോഷിപ്പിക്കുവാൻ ശ്രമിക്കുകയും വിശ്വാസികളെ അതിനായി ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നുണ്ടോ?
4. സത്യവിശ്വാസത്തിൽ ഉറച്ചുനില്ക്കുവാൻ ജനങ്ങളെ ഞാൻ എപ്രകാരം ബോധവൽക്കരിക്കുന്നു?
5. മിശിഹായുടെ രണ്ടാമാഗമനം എന്റെ ജീവിതത്തെ എത്രമാത്രവും എപ്രകാരവും സ്വാധീനിക്കുന്നുണ്ട്?



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. കുര്യൻ നരിതൂക്കിൽ | 50,000/- |
| റവ. ഫാ. ജേക്കബ് കൊടിമരത്തുംമൂട്ടിൽ | 8,000/- |

**ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ**
**(പ്രസിഡന്റ്)**


## സ്നേഹസ്മരണയ്ക്ക്



റവ.ഫാ. ജോസഫ് മടുക്കക്കുഴി
(01-10-1928 - 07-04-1988)



റവ.ഫാ. ജോസഫ് മരുതോലിൽ
(06-02-1929 - 08-04-2009)



റവ.ഫാ. സ്റ്റനിസ്ലാവോസ് ഞള്ളിയിൽ
(15-01-1914 - 23-04-2006)



റവ.ഫാ. തോമസ് ആര്യമണ്ണിൽ
(16-06-1931 - 20-04-2018)



റവ.ഫാ. ജോസ് തെക്കേൽ
(03-07-1941 - 14-04-2020)



റവ.ഫാ. ജോസ് പുത്തൻകടുപ്പിൽ
(16-08-1934 - 22-04-2020)

# അജപാലനോത്തേജന വിഭാഗം

**ജീവൻ ദശാംശ ശേഖരണം**

ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നല്കുവാൻ ദൈവജനം മുഴുവൻ കാണിക്കുന്ന സന്മനസ്സിനും അതിന് നേതൃത്വം വഹിക്കുന്ന വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും, കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കും കൈക്കാരന്മാർക്കും അഭിനന്ദനങ്ങളും നന്ദിയും.

എല്ലാവർഷവും പതിവുള്ളതുപോലെ ഡിസംബർ മാസത്തിൽ പിറവിത്തിരുനാളിനോടനുബന്ധിച്ച് നടത്താറുള്ള ജീവൻ ദശാംശശേഖരണം ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ ഉയിർപ്പ് തിരുനാളിനോടനുബന്ധിച്ചാണല്ലോ നാം നടത്തുന്നത്. നമ്മുടെ ശ്രദ്ധയിലേയ്ക്കായി ഏതാനും വിവരങ്ങൾ ചുവടെ ചേർക്കുന്നു. ദശാംശസംബന്ധമായ വിശദവിവരങ്ങൾ വികാരിയച്ചന്മാർക്കുള്ള കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

**ജീവൻ 2021 ദശാംശ ശേഖരണത്തിനുള്ള പൊതുവായ നിർദ്ദേശങ്ങൾ**

1. അഭിവന്ദ്യ പിതാവിന്റെ കത്ത്, ജീവൻ ദശാംശഫോറം, കഴിഞ്ഞ വർഷം (2020 ദശാംശശേഖരണം) തുക ചിലവഴിച്ചതിന്റെ കണക്ക് (കുടുംബക്കൂട്ടായ്മയ്ക്ക് ഒന്ന് വീതം) നല്കിയിട്ടുണ്ട്.
2. 2021 മെയ് മാസം 15-നു ശേഷം ഇടവകകളിലേയ്ക്കുള്ള ദശാംശ വിഹിതം നൽകുന്നതിന് സാധിക്കുന്ന വിധത്തിൽ ഏപ്രിൽ 30-ന് മുമ്പുതന്നെ ദശാംശതുകയും പൂരിപ്പിച്ച ഫോറങ്ങളും കൂട്ടായ്മ തിരിച്ച് പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ എത്തിക്കുമല്ലോ.
3. 2021 ലെ ഉയിർപ്പു തിരുനാളിനു മുമ്പുതന്നെ ദശാംശം ശേഖരിക്കുന്നതിനുള്ള ഫോറങ്ങളും, കവറുകളും വീടുകളിൽ എത്തിക്കുന്നതിന് കുടുംബക്കൂട്ടായ്മാ ലീഡേഴ്സിനെ ചുമതലപ്പെടുത്തുകയും കുടുംബക്കൂട്ടായ്മാ ഭാരവാഹികൾ കൂട്ടായ്മയിലെ ഓരോ

കുടുംബത്തിലെയും ദശാംശം അടങ്ങിയ കവറുകൾ സ്വീകരിച്ച് പുതുഞായർ ദിനത്തിലെ പരിശുദ്ധ കുർബാനയിൽ ബഹുമാനപ്പെട്ട വികാരിയച്ചനെ ഏല്പിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുമല്ലോ.

4. കഴിഞ്ഞ വർഷങ്ങളിൽ ദശാംശം നൽകാത്തവരെയും പുതിയ താമസക്കാരെയും മാത്രം ഉദ്ദേശിച്ച് ഇതോടൊപ്പം ഏതാനും പുതിയ ഫോറങ്ങൾ നല്കുന്നു. പുതിയതായി ദശാംശം നൽകിത്തുടങ്ങുന്നവർക്ക് അത് വ്യക്തമായി പൂരിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ നല്കുമല്ലോ. ഇടവകയിലേക്ക് പുതിയതായി എത്തിയ താമസക്കാർ കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്നുതന്നെയാണ് വന്നതെങ്കിൽ പഴയ ഇടവകയുടെ പേരും കുടുംബക്കൂട്ടായ്മയും (പഴയ ഇടവകയിലെ) ഫോറത്തിൽ എഴുതി സഹായിക്കുമല്ലോ.

5. കുടുംബാംഗങ്ങളുടെ പേരുവിവരം രേഖപ്പെടുത്തിയ ജീവൻ 2021 ഫോറം നഷ്ടപ്പെടുത്താതെ തിരിച്ചുതരുവാൻ എല്ലാവരോടും പ്രത്യേകം നിഷ്ക്കർഷിക്കുക. എന്നാൽ ഏതെങ്കിലും കാരണവശാൽ ഫോറം നഷ്ടപ്പെട്ടവർക്ക് പുതിയതായി ദശാംശം നൽകുന്നവർക്കുള്ള ഫോറം നൽകരുത്. ദശാംശഫോറം നഷ്ടപ്പെട്ടവർക്കായി നല്കിയിരിക്കുന്ന പ്രത്യേക ഫോറം നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

6. ഇടവകയിൽത്തന്നെ മറ്റൊരു കൂട്ടായ്മയിലേയ്ക്ക് മാറുക, വേറൊരു ഇടവകയിലേയ്ക്ക് മാറുക, കുടുംബാംഗങ്ങളുടെ എല്ലാവരുടെയും മരണം മൂലം കുടുംബങ്ങൾ നിലവിലില്ലാതാകുക എന്നീ സാഹചര്യങ്ങളിൽ ഇക്കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തി ഫോറങ്ങൾ തിരികെ നൽകിയാൽ മാത്രമെ തിരുത്തലുകൾ സാധ്യമാകുകയുള്ളുവെന്ന് ഓർമ്മിക്കുമല്ലോ

7. കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ പതിനായിരത്തിൽ (10,000/-) കൂടിയ തുക രൂപതാ ഓഫീസിൽ നേരിട്ട് വാങ്ങുന്നതിന് നിയന്ത്രണങ്ങളുള്ളതിനാൽ ദശാംശതുക മേൽപറഞ്ഞ തുകയിൽ കൂടുതലുള്ള ഇടവകകൾ ബാങ്ക് ട്രാൻസ്ഫർ വഴിയോ RTGS വഴിയോ തുക ജീവൻ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഫോൺ മുഖേന അറിയിക്കുകയും ചെയ്യുമല്ലോ. ജീവൻ

അക്കൗണ്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**Account details**

**Diocese of Kanjirapally**
**(Fr. Martin Velliamkulam & Fr. Stanly Eapen)**
**A/C No. 10310100237040**
**Federal Bank ,**
**Kanjirapally Branch**
**IFSC - FDRL0001031, Ph :04828-205942, Mob: 9645674443**
അല്ലെങ്കിൽ

**Procurator, Tithe Programme**
**A/C No. 07, Sahyadri Co-operative Credit Society**
**Main Branch, Kanjirapally**

8. ജീവൻ 2021 ലെ ദശാംശത്തിന്റെ ഇടവക വിഹിതം വാങ്ങുവാനായി ഓഫീസിൽ വരുമ്പോൾ ജീവൻ 2020-ലെ തുക ഇടവകയിലെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതിന്റെ കണക്കുകൂടി കൊണ്ടുവരേണ്ടതാണ്.

**ഇടവകകളിൽ**

നമ്മുടെ രൂപതയിലെ ഇടവകകളുടെ വ്യത്യസ്തതകൾ നിറഞ്ഞ അജപാലനശുശ്രൂഷകളുടെ ശ്രേഷ്ഠത മനസ്സിലാക്കുവാനായി ഇടവകകളിൽ സന്ദർശനം നടത്തുന്നു. ഫെബ്രുവരി 28 ഞായറാഴ്ച മീൻകുഴി, ചിറ്റാർ, കോഴഞ്ചേരി ഇടവകകളും മാർച്ച് 7 ഞായറാഴ്ച പെരുനാട്, ബഥനിമല, പ്ലാച്ചേരി ഇടവകകളും മാർച്ച് 7, 14 തീയതികളിൽ യഥാക്രമം മുളംകുന്ന്, പുല്ലാനിത്തകിടി ഇടവകകളിലും സന്ദർശനം നടത്തി. കുടുംബക്കൂട്ടായ്മ ലീഡേഴ്സ്, കൈക്കാരന്മാർ, വിശ്വാസജീവിതപരിശീലകരുടെ പ്രതിനിധി, ഇടവകയിലെ സിസ്റ്റേഴ്സിന്റെ പ്രതിനിധി, വിവിധ സംഘടനകളുടെ പ്രതിനിധികൾ എന്നിവർ ഒരുമിച്ച് ചേരുകയും ക്രിയാത്മകമായ ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ഹൃദ്യമായി സ്വീകരിക്കുകയും ക്രമീകരണങ്ങൾ നടത്തുകയും ചെയ്ത എല്ലാ പ്രതിനിധികളെയും സിസ്റ്റേഴ്സി

നെയും വളരെ പ്രത്യേകമായി സന്ദർശനം നടത്തിയ ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരായ താഴത്തുവീട്ടിൽ സെബാസ്റ്റ്യനച്ചൻ, പരിന്തിരിക്കൽ തോമസച്ചൻ, മരങ്ങാട്ട് വർഗ്ഗീസച്ചൻ, ചവറപ്പുഴ ജെയിംസച്ചൻ, പനച്ചിക്കൽ മാത്യു അച്ചൻ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

**പെസഹാ ഒരുക്ക ധ്യാനം**

മാർച്ച് 24 ബുധനാഴ്ച മുതൽ 27 ശനിയാഴ്ച വരെ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ വചനസന്ദേശമുൾപ്പെടുന്ന പെസഹാ ഒരുക്കധ്യാനം വൈകുന്നേരം 6 മണി മുതൽ 8 മണി വരെ നടന്നു. വൈകുന്നേരം 6 മണിക്ക് റംശാ നമസ്ക്കാരവും 7 മണിക്ക് സന്ദേശവും 7.45 ന് പരിശുദ്ധ കുർബാനയുടെ ആരാധനയോടുംകൂടി 8 മണിവരെയാണ് ധ്യാനം നടത്തപ്പെട്ടത്. റംശാ നമസ്ക്കാരത്തിന് യഥാക്രമം ബഹുമാനപ്പെട്ട വൈദികരായ മുതുപ്ലാക്കൽ സെബാസ്റ്റ്യനച്ചൻ (രൂപതാ ആരാധനാക്രമവിഭാഗം ഡയറക്ടർ), തെക്കേടത്ത് ഐസക്കച്ചൻ MCBS (അസി. വികാരി, കത്തീദ്രൽ), പുതുപ്പറമ്പിൽ അഗസ്റ്റിനച്ചൻ (രൂപത വിശ്വാസജീവിത പരിശീലന വിഭാഗം ഡയറക്ടർ) എന്നിവരും നാല്പതാം വെള്ളി ദിനത്തിൽ (മാർച്ച് 26) നടന്ന കുരിശിന്റെ വഴിക്ക് കൊച്ചുപറമ്പിൽ പയസച്ചനും (അസി. വികാരി കത്തീദ്രൽ) നേതൃത്വം നല്കി.

സോഷ്യൽ മീഡിയ അപ്പസ്തോലേറ്റ്, ദർശകൻ, നസ്രാണി യുവശക്തി, അക്കരയമ്മ എന്നീ യുട്യൂബ് ചാനലുകളും ഇടുക്കി വിഷൻ ലൈവ്, HCN, കേരള വിഷൻ ഇടുക്കി, ACV ഇടുക്കി, ന്യൂവിഷൻ എന്നീ ചാനലുകളും ധ്യാനം കാഞ്ഞിരപ്പള്ളി കത്തീദ്രലിൽ നിന്നും തത്സമയം സംപ്രേഷണം ചെയ്തു. ക്രമീകരണങ്ങളിൽ നേതൃത്വം നല്കിയ ഏറ്റം ബഹുമാനപ്പെട്ട വികാരി ജനറാളച്ചന്മാരെയും കത്തീഡ്രൽ വികാരി ഏറ്റം ബഹുമാനപ്പെട്ട പരിന്തിരിക്കൽ വർഗ്ഗീസച്ചനെയും അസിസ്റ്റന്റ് വികാരിമാരായ കൊച്ചുപറമ്പിൽ പയസച്ചനെയും തെക്കേടത്ത് ഐസക്ക് അച്ചനെയും ഇടവക പ്രതിനിധികളെയും കത്തീഡ്രൽ പള്ളിയിൽ ഒരുക്കങ്ങൾ ചെയ്തുതന്ന് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ച പുതുപ്പറമ്പിൽ അഗസ്റ്റിനച്ചനെയും ബ്രദേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

**ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ**

**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

## വാർഷികപ്പരീക്ഷ

സൺഡേസ്കൂളിൽ 1 മുതൽ 9 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ വാർഷികപ്പരീക്ഷ ഏപ്രിൽ 5-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മുതൽ 11.15 വരെ നടത്തപ്പെടുന്നതാണ്. പ്രായോഗികമായ അസൗകര്യങ്ങളുള്ളവർക്ക് വീട്ടിലിരുന്ന് പരീക്ഷയെഴുതി ഉത്തരക്കടലാസുകൾ തിരികെ ഏല്പിക്കാവുന്നതാണ്.

## ഉത്ഥാനോത്സവം

ലിറ്റിൽഫ്ളവർ, ഡോമിനിക്സാവിയോ, അൽഫോൻസാ വിഭാഗങ്ങൾക്ക് ഏപ്രിൽ 6 മുതൽ 10 വരെയാണ് ഉത്ഥാനോത്സവം. ഇടവകയുടെ സാഹചര്യമനുസരിച്ച് നടത്തേണ്ട രീതിയും സമയവും ചിട്ടപ്പെടുത്താവുന്നതാണ്. സെന്റ് തോമസ് വിഭാഗത്തിന് (ക്ലാസ് 10, 11, 12) അവരുടെ പരീക്ഷകൾക്കു ശേഷം ഏപ്രിൽ 30, മെയ് 1, 2 തീയതികളിൽ നടത്താവുന്നതാണ്.

## ആഘോഷമായ വി. കുർബാന സ്വീകരണം

ആദ്യകുമ്പസാരവും ആഘോഷമായ വി. കുർബാന സ്വീകരണവും നടത്തുന്ന കുട്ടികൾക്ക് ഉപകാരപ്രദമായ രീതിയിൽ രണ്ടു ക്ലാസുകൾ രൂപതാകേന്ദ്രത്തിൽനിന്നു തയ്യാറാക്കിയിട്ടുണ്ട്. ഏപ്രിൽ 18, 25 തീയതികളിൽ ഉച്ചകഴിഞ്ഞ് 3 മണിക്ക് 20 മിനിറ്റ് വീതമുള്ള ക്ലാസുകൾ സുവാറ യുട്യൂബ് ചാനലിൽ upload ചെയ്യുന്നതാണ്. മാതാപിതാക്കളോടൊപ്പമിരുന്ന് കുട്ടികൾ ഈ ക്ലാസുകളിൽ പങ്കുചേരാൻ ഓർമ്മിപ്പിക്കുമല്ലോ.

## ഹോളി ഫാമിലി

കുട്ടികളുടെ മാതാപിതാക്കൾക്കായി ഹോളി ഫാമിലി എന്ന

പേരിലുള്ള സെമിനാർ കാഞ്ഞിരപ്പള്ളി, പൊടിമറ്റം, ഇടക്കുന്നം, വെളിച്ചിയാനി, എലിക്കുളം, ഇളങ്ങുളം തുടങ്ങി വിവിധ ഇടവകകളിൽ നടത്തപ്പെട്ടു. ആവശ്യമുള്ള ഇടവകകളിൽ വന്ന് സെമിനാർ നടത്തുവാൻ രൂപതാ ടീം സജ്ജമാണ്.

### റീ എക്സാമിനേഷൻ (ക്ലാസ് 10, 12) മെയ് 2 -ന്

ഫെബ്രുവരി 7-ന്റെ പരീക്ഷ എഴുതാനാവാത്തവർക്കും പരാജയപ്പെട്ട കുട്ടികൾക്കുമുള്ള റീ എക്സാമിനേഷൻ മെയ് 2-ാം തീയതി ഞായറാഴ്ച 11 മുതൽ 12.30 വരെയാണ്. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ ഇടവകകളിൽ വച്ചുതന്നെ പരീക്ഷ നടത്താവുന്നതാണ്. ചോദ്യപേപ്പറുകൾ Email/whatsapp വഴി അയച്ചുനൽകുന്നതാണ്.

പഠനവൈകല്യമുള്ള കുട്ടികളുടെ വാചികപ്പരീക്ഷയും മെയ് 2-ാം തീയതി ഇടവകകളിൽ വച്ചുതന്നെ നടത്താവുന്നതാണ്.

### പരീക്ഷാ ഒരുക്കധ്യാനം

പരീക്ഷകൾക്കൊരുങ്ങുന്ന കുട്ടികൾക്കായി പ്രത്യേക പ്രാർത്ഥനാശുശ്രൂഷ മാർച്ച് 7-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ 4.30 വരെ നടത്തപ്പെട്ടു. അണക്കര മരിയൻ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ബഹു. ഡോമിനിക് വാളന്മനാലച്ചൻ നേതൃത്വം നല്കിയ ശുശ്രൂഷയിൽ മുപ്പതിനായിരത്തിൽപരം കുട്ടികൾ പങ്കെടുത്തു.

### കാവൽവിളക്ക്

മാർച്ച് 14-ാം തീയതി ഉച്ചകഴിഞ്ഞ് 3 മുതൽ 4.30 വരെ സൺഡേ സ്കൂൾ കുട്ടികളുടെ മാതാപിതാക്കൾക്കായി കാവൽവിളക്ക് ഓൺലൈൻ വെബിനാർ നടത്തപ്പെട്ടു. മാർ ജോസ് പുളിക്കൽ പിതാവ് ആമുഖസന്ദേശം നൽകി. തുടർന്ന് വിശ്വാസപരിശീലനത്തിൽ മാതാപിതാക്കളുടെ പങ്ക് എന്ന വിഷയത്തെ അധികരിച്ച് ഷംഷാബാദ് രൂപതാധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവ് ക്ലാസ് നയിച്ചു. സുവാറ യുട്യൂബ് ചാനലിൽ പ്രസ്തുത ക്ലാസ് അപ്ലോഡ് ചെയ്തിട്ടുണ്ട്.

### CTC സമാപനസമ്മേളനം

CTC 36-ാം ബാച്ചിന്റെ പരീക്ഷ ഫെബ്രുവരി 17, മാർച്ച് 13 തീയതികളിൽ കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. പരീക്ഷയ്ക്കുശേഷം നടത്തപ്പെട്ട ഷെയറിംഗ് സെഷനിൽ രൂപതാ

വികാരി ജനറാൾമാർ പങ്കെടുത്തു. അഭിവന്ദ്യ പിതാവ് സമാപനസന്ദേശം നൽകി. വിജയകരമായി മതാധ്യാപകപരിശീലനകോഴ്സ് (CTC) പൂർത്തിയാക്കിയ 47 വിശ്വാസജീവിത പരിശീലകർക്ക് അഭിനന്ദനങ്ങൾ.

**HDC (Higher Diploma in Catechesis)**

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വിശദമായി പഠിപ്പിക്കുന്ന HDC കോഴ്സ് 5-ാം ബാച്ചിന്റെ പരീക്ഷ മാർച്ച് 11-ാം തീയതി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പരീക്ഷയെ തുടർന്ന് മതാധ്യാപകർ കോവിഡ് കാല വിശ്വാസജീവിതപരിശീലനത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ പങ്കുവച്ചു. പാസ്റ്ററൽ ആനിമേഷൻ ഡിപ്പാർട്ട്മെന്റ് ഡയറക്ടർ ബഹു. സ്റ്റാൻലി പുള്ളോലിക്കലച്ചനും ഡയറക്ടറച്ചനും വാചികപ്പരീക്ഷയ്ക്കു നേതൃത്വം നല്കി. ഹയർ കോഴ്സ് പൂർത്തിയാക്കിയ മതാധ്യാപകർക്ക് അനുമോദനങ്ങൾ.

**ഹെഡ്മാസ്റ്റർമാരുടെ സമ്മേളനം**

മാർച്ച് 6, 7 തീയതികളിലായി കുട്ടിക്കാനം മരിയൻ കോളേജ് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ എന്നിവിടങ്ങളിൽ വച്ച് രൂപതയിലെ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ സമ്മേളനവും സമ്മാനവിതരണവും നടത്തപ്പെട്ടു. വിവിധ സ്കോളർഷിപ്പുകളും ബൈബിൾ കലോത്സവസമ്മാനങ്ങളും വിതരണം ചെയ്തു. വിശ്വാസജീവിതപരിശീലനരംഗത്തെ സംബന്ധിച്ച വിലയിരുത്തലും നിർദ്ദേശങ്ങളും പങ്കുവച്ചു. മത്സരവിജയികളായ കുട്ടികൾ അധ്യാപകരോടൊപ്പം വന്ന് സമ്മാനങ്ങൾ ഏറ്റുവാങ്ങി. രൂപതാ വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട ബോബി അലക്സ് മണ്ണംപ്ലാക്കൽ അച്ചൻ, മിഷൻലീഗ് അസി. ഡയറക്ടർ തോമസ് നരിപ്പാറയിൽ അച്ചൻ, അധ്യാപക പ്രതിനിധി ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ എന്നിവർ പ്രസംഗിച്ചു.

**മാർ മാത്യു അറയ്ക്കൽ പിതാവിന്റെ ജൂബിലിയാഘോഷം**

കുട്ടിക്കാനത്തുവച്ചു നടത്തപ്പെട്ട ഹൈറേഞ്ച് മേഖലയിലെ ഹെഡ്മാസ്റ്റർമാരുടെ സമ്മേളനത്തോടനുബന്ധിച്ച് പൗരോഹിത്യ സുവർണ്ണജൂബിലിയാഘോഷിക്കുന്ന അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനെ ആദരിച്ചു. രൂപതാ വികാരി ജനറാൾ പെരിയ

ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കലച്ചൻ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സി. സിൽവി എസ്.എച്ച്., ശ്രീ. ലൂക്കോസ് പുളിമൂട്ടിൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. മതാധ്യാപകർ മാതൃകകളായിരിക്കണമെന്ന് മറുപടി പ്രസംഗത്തിൽ മാർ മാത്യു അറയ്ക്കൽ പിതാവ് ഓർമ്മിപ്പിച്ചു. കുട്ടികൾക്കും അധ്യാപകർക്കുമുള്ള സമ്മാനങ്ങൾ അഭിവന്ദ്യ പിതാവ് വിതരണം ചെയ്തു.

### SMCC പ്രതിഭാസംഗമം

12-ാം ക്ലാസിൽ നിന്നും പ്രതിഭാസംഗമത്തിനായി പേരു നല്കിയിരിക്കുന്ന കുട്ടികൾക്ക് ഓൺലൈൻ ഇന്റർവ്യൂ നടത്തി അതിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്കായി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് മെയ് 9-ാം തീയതി ഞായറാഴ്ച പ്രതിഭാസംഗമം നടത്തപ്പെടുന്നതാണ്.

### ഉത്ഥാനോത്സവ അധ്യാപക പരിശീലനം

മാർച്ച് 14, 21 തീയതികളിലായി ഉത്ഥാനോത്സവഅധ്യാപക പരിശീലനം നടത്തപ്പെട്ടു. ഓൺലൈൻ ട്രെയിനിംഗിൽ പങ്കെടുത്ത അധ്യാപകർ അതാതു സെക്ഷനിലെ കുട്ടികൾക്കു വേണ്ട നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.

പരിശീലനത്തിനു നേതൃത്വം നല്കിയ വർക്ക്ബുക്ക് കമ്മിറ്റി അംഗങ്ങളായ ശ്രീ. ബിനോ പി. ജോസ് പെരുന്തോട്ടം, ശ്രീ. ജോബി പുളിക്കൽ, ശ്രീ. തോമസുകുട്ടി പൂതക്കുഴി, ശ്രീ. അരുൺ പോൾ കോട്ടയ്ക്കൽ, ശ്രീ. അനിറ്റ് ജോസ്, ശ്രീ. ബിനീഷ് കളപ്പുരയ്ക്കൽ, ശ്രീ. ഹാരി ചീരംകുന്നേൽ, ശ്രീ. സിജോ പുത്തനങ്ങാടി, ശ്രീ. ഷെബിൻ പൂവത്തിങ്കൽ, ശ്രീമതി അമലു കുന്നുംപുറത്ത്, മിസ് അഞ്ജു ഫ്രാൻസിസ്, സി. ട്രീസാ എസ്.എച്ച്., സി. അനു എസ്.എച്ച്., സി. തെരേസ് മരിയ സി.എം.സി. എന്നിവർക്ക് പ്രത്യേകം നന്ദി.

### യൗസേപ്പിതാവിന്റെ വീട്

മാർച്ച് 19, 21 തീയതികളിലായി കുട്ടികൾ ഇടവകതലത്തിൽ ഭവനനിർമ്മാണത്തിനായി നല്കിയ തുക രൂപതാതലത്തിൽ സമാഹരിച്ച് നമ്മുടെ രൂപതയിലെ ഒരു കുട്ടിക്ക് വീട് നിർമ്മിച്ചു നല്കുന്ന

പദ്ധതിയിൽ പങ്കുചേർന്ന എല്ലാവർക്കും ആത്മാർത്ഥമായ നന്ദി. തുക സമാഹരിക്കുന്നതിന് നേതൃത്വം നല്കിയ ബഹു. വൈദികർ, വിശ്വാസജീവിത പരിശീലകർ, ഫൊറോനാ സെക്രട്ടറിമാർ തുടങ്ങിയവർക്ക് പ്രത്യേകം നന്ദി. ഇനിയും തുക ഏല്പിക്കാനുള്ളവർ എത്രയും വേഗം തന്നെ സുവാറയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുമല്ലോ.

**ആദരാഞ്ജലികൾ**

**ശ്രീ. പി.ഡി. കുര്യൻ പുതിയാപറമ്പിൽ**

വിശ്വാസജീവിതപരിശീലനരംഗത്തെ നിറസാന്നിധ്യമായിരുന്ന വെളിച്ചിയാനി പുതിയാപറമ്പിൽ പി.ഡി. കുര്യൻ സാർ (95) മാർച്ച് 21-ാം തീയതി നിര്യാതനായി. അറുപതിലധികം വർഷം സൺഡ്സ്കൂൾ അധ്യാപകൻ, രൂപതാ പ്രമോട്ടർ, സംഘാടകൻ തുടങ്ങിയ നിലകളിൽ രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിന് അദ്ദേഹം ശക്തിപകർന്നു. ബൈബിൾ കലോത്സവവേദികളിലും ചെറുപുഷ്പ മിഷൻലീഗിന്റെ പൊതുപരിപാടികളിലുമെല്ലാം ശക്തമായ നേതൃത്വം നൽകിയ കുര്യൻസാർ പാറത്തോട് ഗ്രേസി മെമ്മോറിയൽ സ്കൂൾ അധ്യാപകൻ, സാമൂഹ്യരാഷ്ട്രീയ മണ്ഡലങ്ങളിലെ സംഘാടകൻ തുടങ്ങിയ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. കുര്യൻ സാറിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

**സി. അഭയ CSC :** അഞ്ചിലിപ്പ, വാളാർഡി, തേർഡ് ക്യാമ്പ്, കണ്ണിമല, വള്ളക്കടവ് തുടങ്ങിയ ഇടവകകളിൽ വിശ്വാസജീവിതപരിശീലകയായിരുന്ന സി. അഭയ CSC (58) മാർച്ച് 3-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പ്രവർത്തനമേഖലകളിലെല്ലാം നൂറുശതമാനം വിശ്വസ്തതയോടെ ശുശ്രൂഷ നിർവ്വഹിച്ച സിസ്റ്റർ അഭയയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

**ശ്രീമതി മേരി അഗസ്റ്റിൻ നെല്ലാംതടം :** വഞ്ചിമല ഇടവകയിൽ 25 വർഷത്തോളം വിശ്വാസജീവിതപരിശീലകയായിരുന്ന ശ്രീമതി മേരി അഗസ്റ്റിൻ നെല്ലാംതടം (86) ഫെബ്രുവരി 19-ാം തീയതി നിര്യാതയായി. കുട്ടികൾക്ക് മാതൃവാത്സല്യം പകർന്ന മേരി ടീച്ചറിന് ആദരാഞ്ജലികൾ.

# ചെറുപുഷ്പ മിഷൻ ലീഗ്

**ഫൊറോനാതല തെരഞ്ഞെടുപ്പ്**

മിഷൻലീഗിന്റെ പുതിയ എക്സിക്യൂട്ടീവ് മെമ്പേഴ്സിനെ തിരഞ്ഞെടുക്കുന്നതിനായി ഫൊറോനാതല സമ്മേളനങ്ങൾ മാതൃകാപരമായി നടത്തിയ ഫൊറോനാസമിതിയംഗങ്ങൾക്ക് അനുമോദനങ്ങളും പുതുതായി തെരഞ്ഞെടുക്കപ്പെട്ട എക്സിക്യുട്ടീവ് അംഗങ്ങൾക്ക് പ്രാർത്ഥനാശംസകളും.

---

## വിശ്വാസജീവിത പരിശീലനം

**പരീക്ഷാഫലങ്ങൾ**

10, 11, 12 ക്ലാസുകളിലെ കുട്ടികളുടെ റിസൾട്ട് ഏപ്രിൽ 8-ാം തീയതി വ്യാഴാഴ്ച പ്രസിദ്ധീകരിക്കുന്നതാണ്. അന്നുമുതൽ രൂപതാ വിശ്വാസജീവിതപരിശീലനകേന്ദ്രത്തിന്റെ വെബ്സൈറ്റായ www. suvara.org - ൽ നിന്നും സുവാറ ടെക് സപ്പോർട്ടേഴ്സിന്റെ സഹായത്തോടെ മാർക്ക്ലിസ്റ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. 10, 12 ക്ലാസുകളിലെ കുട്ടികളുടെ റീ എക്സാം മെയ് 2-ാം തീയതി ഞായറാഴ്ച ഇടവകകളിൽ വച്ചുതന്നെ നടത്തേണ്ടതാണ്.

**നന്ദി... ആശംസകൾ**

രൂപതാ വിശ്വാസജീവിത പരിശീലനകേന്ദ്രത്തിലും ചെറുപുഷ്പ മിഷൻലീഗ് ഓഫീസിലും സ്തുത്യർഹമായ ശുശ്രൂഷ ചെയ്ത റീജൻസ് ബ്രദർ ജിതിൻ മണ്ണഞ്ചേരിൽ, ബ്രദർ ജോയ്സ് തെക്കേവയലിൽ എന്നിവർക്ക് ആത്മാർത്ഥമായ നന്ദിയും പ്രാർത്ഥനാശംസകളും.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

**രൂപതാ ഇലക്ഷൻ**

മിഷൻലീഗിന്റെ രൂപതാ ഇലക്ഷൻ ക്യാമ്പ് ഏപ്രിൽ 17-ാം തീയതി ശനിയാഴ്ച കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. ഫൊറോനാ തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട എക്സിക്യുട്ടീവ് മെമ്പേഴ്സ് പങ്കെടുക്കുന്ന സമ്മേളനത്തിൽ വച്ച് പുതിയ രൂപതാഎക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതാണ്.

**വചനക്കളരി**

ബൈബിളിലെ 73 പുസ്തകങ്ങളിൽ നിന്നും ഓരോ വചനം പഠിക്കുക എന്ന ലക്ഷ്യത്തോടെ അയച്ചു നല്കുന്ന വചനഭാഗങ്ങൾ കുട്ടികളിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**മദ്ബഹാ ശുശ്രൂഷികൾ**

ഏപ്രിൽ 18, 25 തീയതികളിൽ നമ്മുടെ രൂപതയിലെ ബ്രദേഴ്സിന്റെ നേതൃത്വത്തിൽ മദ്ബഹാ ശുശ്രൂഷികൾക്കായി ക്ലാസുകൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**അവധിക്കാലം - നന്മകളുടെ വസന്തകാലം**

അവധിക്കാലത്ത് സാധിക്കുന്നത്ര ദൈവവചനങ്ങൾ മനഃപാഠമാക്കുവാനും വിശുദ്ധരെ അറിയുവാനും നന്മപ്രവൃത്തികൾ ചെയ്ത് അവ മാനുവൽ ബുക്കിൽ രേഖപ്പെടുത്താനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**പുതിയ ഫൊറോനാ ഡയറക്ടർമാർ**

ചെറുപുഷ്പമിഷൻലീഗിന്റെ ഫൊറോനാ ഡയറക്ടേഴ്സ് ആയി ചുമതലയേറ്റ ഫാ. ആന്റണി കോട്ടൂർ (എരുമേലി), ഫാ. ഡേവിസ് കണയിങ്കൽ (വെളിച്ചിയാനി), ഫാ. എബിൻ കുന്നത്ത് (മുണ്ടക്കയം), ഫാ. ജിബിൻ പാറപ്പറമ്പിൽ (അണക്കര), ഫാ. ജോസഫ് കൊല്ലംപറമ്പിൽ (കട്ടപ്പന), ഫാ. വിജിൻ കോട്ടൂർ (ഉപ്പുതറ) എന്നിവർക്ക് ഹാർദ്ദമായ സ്വാഗതം.

## മിഷൻ സന്ദേശ് തുക നൽകിയ ഇടവകകൾ

| | | | | | |
|---|---|---|---|---|---|
| അണക്കര | - | 10000 | പാണപിലാവ് | - | 5000 |
| കൊച്ചറ | - | 25000 | റാന്നി | - | 15000 |
| കുമളി | - | 27500 | ഇടമൺ | - | 5000 |
| ആനവിലാസം | - | 105000 | പത്തനംതിട്ട | - | 30000 |
| നസ്രാണിപുരം | - | 41000 | ചീങ്കൽത്തടം | - | 10000 |
| വാളാർഡി | - | 10000 | പേഴുംപാറ | - | 15000 |
| കിഴക്കേമാട്ടുക്കട്ട | - | 4000 | പുത്തൻകൊരട്ടി | - | 5000 |
| കൽത്തൊട്ടി | - | 30000 | ചിറക്കടവ് | - | 50000 |
| വലിയതോവാള | - | 35000 | ചേനപ്പാടി | - | 58150 |
| മുണ്ടിയെരുമ | - | 21100 | തമ്പലക്കാട് | - | 5000 |
| ചേമ്പളം | - | 20000 | വെളിച്ചിയാനി | - | 50000 |
| ഉപ്പുതറ | - | 10000 | കാരികുളം | - | 10000 |
| മരിയഗിരി | - | 23000 | പെരുവന്താനം | - | 5000 |
| പുളിങ്കട്ട | - | 20000 | ചെറുവള്ളിക്കുളം | - | 1000 |
| പുള്ളിക്കാനം | - | 13020 | കണയങ്കവയൽ | - | 6660 |
| പൊൻകുന്നം | - | 25000 | മേലോരം | - | 3000 |
| ചാമംപതാൽ | - | 10000 | മുറിഞ്ഞപുഴ | - | 6000 |
| എലിക്കുളം | - | 10000 | നല്ലതണ്ണി | - | 500 |
| നെയ്യാട്ടുശ്ശേരി | - | 25000 | കാഞ്ഞിരപ്പള്ളി | - | 25000 |
| തച്ചപ്പുഴ | - | 40000 | ആനക്കല്ല് | - | 15000 |
| കണമല | - | 10000 | കപ്പാട് | - | 20000 |
| കണ്ണിമല | - | 30000 | കറിക്കാട്ടൂർ | - | 8000 |
| പഴയകൊരട്ടി | - | 8000 | ഇളങ്ങുളം | - | 25000 |
| മണിപ്പുഴ | - | 10000 | മ്ലാമല | - | 30000 |
| | | | **ആകെ** | **-** | **965930/-** |

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**



# ബൈബിൾ അപ്പോസ്തലേറ്റ്

**ബൈബിളിന് ഒരു ആമുഖം**

രൂപതയിലെ അത്മായർക്കായി "ബൈബിളിന് ഒരു ആമുഖം" എന്ന വിഷയം സംബന്ധിച്ച ക്ലാസുകൾ ഫെബ്രുവരി 20, 27, മാർച്ച് 6, 13, 20 എന്നീ ദിവസങ്ങളിൽ നടത്തി. ഏകദേശം 200-ഓളം അൽമായർ ബൈബിൾ അപ്പസ്തോലേറ്റിന്റെ whatsapp ഗ്രൂപ്പിൽ അംഗങ്ങളായുണ്ട്.. ക്ലാസുകളിൽ സംബന്ധിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

**വി. മർക്കോസിന്റെ സുവിശേഷം**

"ബൈബിളിന് ഒരു ആമുഖം" എന്ന ഓൺലൈൻ പഠനപരമ്പരയിൽ പങ്കെടുത്തവർക്ക് മുൻഗണന നൽകിക്കൊണ്ട് വി. മർക്കോസിന്റെ സുവിശേഷത്തെക്കുറിച്ചുള്ള പഠനപരമ്പര ഏപ്രിൽ 10-ാം തീയതി ആരംഭിക്കുന്നു. ശനിയാഴ്ചകളിൽ 6.00 p.m. മുതൽ 7.00 p.m. വരെയായിരിക്കും ക്ലാസുകൾ. ക്ലാസുകളിൽ പങ്കെടുക്കാൻ താല്പര്യമുള്ള അത്മായർ whatsapp ഗ്രൂപ്പു വഴി ലഭിക്കുന്ന google sheet പൂരിപ്പിച്ചയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**വെളിപാട് 1-3**

രൂപതയിലെ വൈദികർക്കുവേണ്ടി ആരംഭിച്ച വെളിപാട് 1 മുതൽ 3 വരെ അദ്ധ്യായങ്ങൾ സംബന്ധിച്ച ക്ലാസുകൾ മാർച്ച് 19, 22, 27 തീയതികളിൽ നടന്നു. തുടർന്നുള്ള ക്ലാസുകൾ ഏപ്രിൽ 5, 12, 19 തീയതികളിൽ വൈകുന്നേരം 7.00 p.m. മുതൽ 8.00 p.m. വരെ നടത്തുന്നതാണ്.

**തപസുകാല ധ്യാനം**

വിജയപുരം രൂപതയുടെ മുണ്ടക്കയം ഫൊറോനയിൽപ്പെട്ട വൈദികർക്കായി ഏകദിന തപസുകാല ധ്യാനം മാർച്ച് മാസം 16-ാം തീയതി രൂപതാ ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. തോമസ് നിരപ്പേൽ നയിച്ചു.

**പിതൃഹൃദയത്തോടെ**

ഇടക്കുന്നം വേളാങ്കണ്ണി മാതാ ഇടവകയിലെ കുടുംബനാഥന്മാർക്കായി മാർച്ച് 19-ാം തീയതി വൈകുന്നേരം മാർ യൗസേപ്പിന്റെ വർഷാചരണം സംബന്ധിച്ച് ഫാ. തോമസ് നിരപ്പേൽ ക്ലാസ് നയിച്ചു.

**നന്ദി**

ബൈബിൾ അപ്പോസ്തലേറ്റിൽ സ്തുത്യർഹമായ സേവനം ചെയ്ത ബ്രദർ തെക്കേവയലിൽ ജോയ്സിന് ഹൃദ്യമായ നന്ദി. തുടർപരിശീലനത്തിനുള്ള എല്ലാവിധ ആശംസകളും നേരുന്നു.

**ഫാ. തോമസ് നിരപ്പേൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**2021 ഏപ്രിൽ**

3 – ഐൻഹൈറ്റ്

7 – ലോകാരോഗ്യദിനം (ഫൊറോനാ- ഇടവകാതലം)

13-14 – കൊയ്നോനിയ

22 – ഭൗമദിനം (ഫൊറോനാ- ഇടവകാതലം)

25 – ഫാമീലിയ ഗ്രേസ് ഫെസ്റ്റ് - ചിറക്കടവ്

**ഐൻഹൈറ്റ്**

ഏപ്രിൽ 3 ദുഃഖശനിയാഴ്ച്ച എല്ലാ ഇടവക SMYM യൂണിറ്റുകളിലും യുവജനസംഗമങ്ങൾ വിളിച്ചുകൂട്ടണം. ഈസ്റ്റർ ആഴ്ച ആയതിനാൽ ഇടവകയ്ക്ക് പുറത്ത് ജോലിചെയ്യുകയും പഠിക്കുകയും ചെയ്യുന്ന യുവജനങ്ങളുടെ സാന്നിധ്യമുള്ളത് ഈയൊരു സംഗമത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

**കൊയ്നോനിയ**

രൂപത സെനറ്റ് അംഗങ്ങൾക്കായുള്ള നേതൃത്വ പരിശീലന ക്യാമ്പ്, കൊയ്നോനിയ ഏപ്രിൽ 13 വൈകുന്നേരം 6 മുതൽ 14 രാവിലെ 6 മണി വരെ കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടത്തപ്പെടും.

**സവ്റ 2020**

കോവിഡ് കണ്ടെയ്ൻമെന്റ് സോണുകളായിരുന്നതിനാൽ സവ്റ യുവജനസംഗമം നടക്കാതെപോയ മുണ്ടക്കയം ഫൊറോനയിലെ പാലൂർക്കാവ് ഇടവകയിൽ 2021 ഫെബ്രുവരി 21

നും കട്ടപ്പന ഫൊറോനയിലെ മേപ്പാറ, കാഞ്ചിയാർ, കൊച്ചുതോവാള ഇടവകകളിൽ മാർച്ച് 7 നും സഹ്റ യുവജനസംഗമം നടത്തപ്പെട്ടു. ഫാ. വർഗ്ഗീസ് കൊച്ചുപുരയ്ക്കൽ രൂപതാ പ്രസിഡന്റ് ആദർശ് കുര്യൻ, ജോസ്മി കൊച്ചുകരോട്ട്, തോമാച്ചൻ കത്തിലാങ്കൽ, ജിയോ പാലത്തിനാൽ എന്നിവർ നേതൃത്വം നൽകി.

**ഇലക്ഷൻ കമ്മീഷന് ഹർജി**

ക്രിസ്ത്യാനികൾ പവിത്രമായി കരുതുന്ന ഈസ്റ്റർ ആഴ്ചയിൽ നിയമസഭാ തിരഞ്ഞെടുപ്പുകൾ നടത്തരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന് എല്ലാ ഇടവക SMYM യൂണിറ്റുകളിൽ നിന്നും കത്തയച്ചു.

**സഫലം - ഭവനനിർമ്മാണ പദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി രൂപതാ SMYM -ന്റെ സഹകരണത്തോടെ നടത്തുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ആദ്യഘട്ടം എരുമേലി അസംപ്ഷൻ ദേവാലയത്തിൽ തുടക്കം കുറിച്ചു. രൂപത പ്രസിഡന്റ് ആദർശ് കുര്യൻ എരുമേലി ഫൊറോന പ്രസിഡന്റ് വർഗ്ഗീസ് പോൾ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പൊതുപണിയിൽ വീടുനിർമ്മാണത്തിനാവശ്യമായ പ്രാഥമിക പണികൾ നടത്തി.

**FAMILIA GRACE FEST**

'കൃപയുള്ള വീട്ടിൽ വിലയുള്ള യുവത്വം' എന്ന ആപ്ത വാക്യവുമായി കാഞ്ഞിരപ്പള്ളി രൂപതാ SMYM നടത്തുന്ന 'FAMILIA GRACE FEST' എന്ന മാതാപിതാക്കളുടെയും യുവജനങ്ങളുടെയും സംഗമത്തിന്റെ ആദ്യ കൂട്ടായ്മ മാർച്ച് 14 ഞായറാഴ്ച കൂവപ്പള്ളി സെന്റ് ജോസഫ് ദൈവാലയത്തിലും മാർച്ച് 19 വെള്ളിയാഴ്ച പൊടിമറ്റം സെന്റ് മേരീസ് പള്ളിയിലും നടത്തപ്പെട്ടു. ആധുനിക ലോകത്തിൽ മാതാപിതാക്കൾ യുവജനങ്ങളെ വളർത്തുമ്പോൾ കരുതേണ്ട ജാഗ്രതയെ കുറിച്ച് മിസ്സ് നിഷ ജോസ് മാതാപിതാക്കൾക്ക് ക്ലാസ്സ് നൽകി.

## നൈറ്റ് വിജിൽ

'FAMILIA GRACE FESTS' ന്റെ തുടർച്ചയായി മാർച്ച് 20 ശനിയാഴ്ച കൂവപ്പള്ളി പള്ളിയിൽ യുവജനങ്ങൾക്കായി നൈറ്റ് വിജിൽ നടത്തപ്പെട്ടു. 160 യുവജനങ്ങൾ പങ്കെടുത്തു. ഫാ. മാത്യു കയ്യാണി, സാജൻ പാപ്പച്ചൻ എന്നിവർ ക്ലാസ്സ് നയിച്ചു. ഫാ. വർഗ്ഗീസ് കൊച്ചുപുരയ്ക്കൽ, തോമാച്ചൻ കത്തിലാങ്കൽ, ജിയോ പാലത്തിനാൽ, ബ്രദർ ഡോൺ എന്നിവർ നേതൃത്വം നൽകി.

## പാസ്സിയോ ഫൊറോനാതലം

നോമ്പുകാലത്തിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് കാഞ്ഞിരപ്പള്ളി രൂപതയിലെ വിവിധ ഫൊറോനാ SMYM സമിതികളുടെ നേതൃത്വത്തിൽ പാസ്സിയോ, കുരിശിന്റെ വഴി നടത്തപ്പെട്ടു. 'കുരിശിലെ സ്നേഹവും ഇന്നിന്റെ യുവജനങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി ഫൊറോനാ റിസോഴ്സ് ടീം സന്ദേശം നൽകി.

| | | |
|---|---|---|
| മാർച്ച് 13, 14 | - | അണക്കര |
| മാർച്ച് 7 | - | വെളിച്ചിയാനി |
| മാർച്ച് 7, 13, 14, 21 | - | എരുമേലി |
| മാർച്ച് 7, 14, 26 | - | പെരുവന്താനം |
| മാർച്ച് 11 | - | റാന്നി പത്തനംതിട്ട |
| മാർച്ച് 11, 12 | - | പൊൻകുന്നം |
| മാർച്ച് 12, 13, 18 | - | കട്ടപ്പന |
| മാർച്ച് 12, 14 | - | മുണ്ടക്കയം |
| മാർച്ച് 11, 13 | - | ഉപ്പുതറ |
| മാർച്ച് 14 | - | കുമളി |
| മാർച്ച് 19 | - | കാഞ്ഞിരപ്പള്ളി |

ഇടവക SMYM യൂണിറ്റുകളെ കോർത്തിണക്കി ത്യാഗപൂർവ്വം ഈ തീർത്ഥാടനം വളരെ മനോഹരമായി നടത്തിയ ഫൊറോനാ സമിതികൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**പാസ്സിയോ രൂപതാതലം**

രൂപതാ SMYM - ന്റെ നേതൃത്വത്തിൽ മാർച്ച് 28-ന് മുറിഞ്ഞപുഴ കുരിശുമലയിലേക്ക് പാസ്സിയോ, കുരിശിന്റെ വഴി നടത്തപ്പെട്ടു. വിവിധ ഫൊറോനകളെ പ്രധിനിധീകരിച്ച് നൂറിലധികം യുവജനങ്ങൾ പങ്കെടുത്തു.

**അഭിനന്ദനങ്ങൾ**

നാഷണൽ ലെവൽ 500 കിലോ വുമൻസ് വടംവലി മത്സരത്തിൽ ഗോൾഡ് മെഡൽ നേടിയ അണക്കര ഫൊറോന കമ്പംമെട്ട് ഇടവകാംഗം അലീന ജോസ് അച്ചൻപറമ്പിലിന് അഭിനന്ദനങ്ങൾ.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**മാർച്ച് - 25 ജീവന്റെ ദിനാഘോഷം**

മംഗളവാർത്ത തിരുനാളായ മാർച്ച് 25 ജീവന്റെ ദിനമായി ആഘോഷിച്ചു. ഫാമിലി അപ്പോസ്തലേറ്റും രൂപതാ മാതൃവേദിയും സംയുക്തമായാണ് ആചരണം സംഘടിപ്പിച്ചത്.

രാവിലെ 10.30-ന് രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് വെള്ളമറ്റം അച്ചൻ കത്തീഡ്രൽ പള്ളിയിൽ ദിവ്യ ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് പാസ്റ്ററൽ സെന്റർ ഓഡി റ്റോറിയത്തിൽ നടന്ന സംഗമത്തിൽ ശ്രീ. ടോമി ഒഴുകയിലും കുടും ബവും ജീവസമൃദ്ധിയെപ്പറ്റി പങ്കുവച്ചു. പെരിയ ബഹുമാനപ്പെട്ട ബോബി അലക്സ് മണ്ണംപ്ലാക്കലച്ചൻ സന്ദേശം നൽകി. മാതൃവേദി രൂപതാ, ഫൊറോന കലോത്സവങ്ങളിൽ സമ്മാനാർഹരായവർക്കുള്ള മെഡലുകളും ട്രോഫികളും സർട്ടിഫിക്കറ്റും അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് വിതരണം ചെയ്തു. ഉച്ചഭക്ഷണത്തോടെ സമ്മേ ളനം സമാപിച്ചു.

ലോറേഞ്ച് മേഖലയിലുള്ള 8 ഫൊറോനാകളിലെ മാതൃവേദി ഭാരവാഹികളും കലോത്സവ വിജയികളുമാണ് ജീവന്റെ ദിനാഘോ ഷത്തിൽ പങ്കെടുത്തത്.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# പിതൃവേദി

**യൂണിറ്റ് രൂപീകരണം**

പിതൃവേദിയുടെ യൂണിറ്റ് രൂപീകരണം ഇടവകതലത്തിൽ പുരോഗമിക്കുന്നു. യൂണിറ്റ് രൂപീകരണം പൂർത്തിയായ ഇടവകകളിൽ യൗസേപ്പ്പിതാവിന്റെ തിരുനാളായ മാർച്ച്- 19 ന് ഉദ്ഘാടനം നടന്നു.

യൂണിറ്റ് രൂപീകരണം പൂർത്തിയാകാത്ത ഇടവകകളിൽ മെയ് ഒന്നിന് ഉദ്ഘാടനം നടത്താവുന്നവിധം പിതൃവേദി സംഘടിപ്പിക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. മെയ് 1-ാം തീയതി ശനിയാഴ്ചയോ 2-ാം തീയതി ഞായറാഴ്ചയോ വിശുദ്ധ കുർബാനയോടനുബന്ധിച്ച് ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതാണ്. ഇതിനായി സത്യപ്രതിജ്ഞ പ്രിന്റ് ചെയ്ത് ഇടവകകളിൽ എത്തിച്ചിട്ടുണ്ട്. ഇടവകതലം മുതലുള്ള ഭാരവാഹികളുടെ ഒരു ഡയറക്ടറി തയ്യാറാക്കാൻ ആഗ്രഹിക്കുന്നു. അതിനായി ഭാരവാഹികളുടെ ലിസ്റ്റ് ഇടവകകളിൽ എത്തിച്ചിരിക്കുന്ന ഫോമുകളിൽ രേഖപ്പെടുത്തി കഴിയുന്നതും വേഗം രൂപതാ ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ നേരിട്ട് എത്തിക്കുകയോ 9645118864 എന്ന വാട്ട്സ് ആപ്പ് നമ്പരിലേയ്ക്ക് അയയ്ക്കുകയോ ചെയ്യുമല്ലോ.

**പിതൃവേദി : രൂപതാതല ഉദ്ഘാടനം - മെയ് 1**

രൂപതാ പിതൃവേദിയുടെ ഉദ്ഘാടനവും ഭാരവാഹികളുടെ സത്യപ്രതിജ്ഞയും പിതൃവേദിയുടെ ലോഗോ പ്രകാശനവും തൊഴിലാളികളുടെ മദ്ധ്യസ്ഥനായ മാർ യൗസേപ്പിന്റെ തിരുനാൾ ദിനമായ മെയ് 1-ാം തീയതി അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നിർവഹിക്കുന്നതാണ്. ഉദ്ഘാടനസംബന്ധമായ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# മാതൃവേദി

**ഏപ്രിൽ 28 - വി. ജിയന്നായുടെ തിരുനാൾ**

മാതൃവേദിയുടെ മദ്ധ്യസ്ഥയായ വി. ജിയന്നാ ബെറ്റേമൊളെയുടെ തിരുനാൾ ദിനമായ ഏപ്രിൽ 28 ബുധനാഴ്ച ചോറ്റുപാറ വി. ജിയന്നാപ ള്ളിയിൽ വച്ച് ഹൈറേഞ്ച് മേഖല ജീവന്റെ ദിനാചരണം നടത്തുന്നു. ഹൈറേഞ്ച് മേഖലയിലെ അഞ്ച് ഫൊറോനാകളിൽനിന്നുള്ള മാതൃവേദി ഭാരവാഹികളും ഫൊറോനാ - രൂപതാ കലോത്സവവിജയികളുമാണ് ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടത്.

**പ്രബന്ധരചന-2020 വിജയികൾ**

ഒന്നാം സമ്മാനം : ലിസമ്മ ചെറിയാൻ മടുക്കക്കുഴി, അഞ്ചിലിപ്പ

രണ്ടാം സമ്മാനം : മേരിക്കുട്ടി ജോർജ് വടക്കേക്കുഴിക്കാട്ടിൽ, കുമളി

മൂന്നാം സമ്മാനം : നിഷ സോജി ഇടയ്ക്കാട്ട്, അണക്കര

പ്രോത്സാഹനസമ്മാനം നേടിയവർ

എൽസമ്മ തോമസ് താഴത്തേടത്ത്, എലിക്കുളം

തങ്കമ്മ ജെയിംസ് പൊടിപ്പാറ, കാഞ്ചിയാർ

ആൻസി ജോസ് ഒഴുകയിൽ, കണയങ്കവയൽ

മേരിക്കുട്ടി ജോസഫ് പതാലിൽ, പഴയിടം

ലീലാമ്മ തോമസ് മുള്ളൻകുഴിയിൽ, പാണപിലാവ്

എൽസമ്മ ചെറിയാൻ കുഴിക്കാട്ട്, ഇളങ്ങുളം

ഡിറ്റ ജെബിൻ കടുവാതൂക്കിൽ, എലിക്കുളം

ഷൈനി ജോസഫ് കീലത്ത്, ചക്കുപള്ളം

ജിൻസി പി.യു. വരിക്കാനിക്കൽ, ഉപ്പുതറ

**മാതൃവേദി ക്വിസ് - 2021**

മാതൃവേദി ക്വിസ് 2021-ന്റെ ഫൈനൽ മത്സരങ്ങൾ കാഞ്ഞിരപ്പള്ളി രൂപത പാസ്റ്ററൽ സെന്ററിൽ വച്ച് ബഹു. മാത്യു കയ്യാണിയിൽ അച്ചൻ മത്സരം നയിച്ചു.

**വിജയികൾ**

ഒന്നാം സമ്മാനം : ഷാന്റി മാത്യു പന്തിരുവേലിൽ, പൊൻകുന്നം
(Rs. 5000/- , സർട്ടിഫിക്കറ്റ്, നല്ലതണ്ണി NRC സ്പോൺസർ ചെയ്ത ഐക്കൺ)

രണ്ടാം സമ്മാനം : ബിജി ജോസ്, ഇടയാൽ, പാമ്പാടുംപാറ
(Rs. 4000/-, സർട്ടിഫിക്കറ്റ്, നല്ലതണ്ണി NRC സ്പോൺസർ ചെയ്ത ഐക്കൺ)

മൂന്നാം സമ്മാനം : റോമി തെക്കേൽ വലിയതോവാള
(Rs. 3000/-, സർട്ടിഫിക്കറ്റ്, നല്ലതണ്ണി NRC സ്പോൺസർ ചെയ്ത ഐക്കൺ)

ഫൈനൽ റൗണ്ടിൽ പ്രവേശിച്ചവർ (Rs. 1000/- , സർട്ടിഫിക്കറ്റ്)

ബിന്ദു ആന്റണി, ഓലിക്കൽ, ആനിക്കാട്

മഞ്ജു അനീഷ്, പ്ലാംപറമ്പിൽ, റാന്നി

ലൂസി ഡോമിനിക്ക്, കളപ്പുറമ്പിൽ, അഞ്ചിലിപ്പ

പൗളി സാബു, വട്ടക്കാട്ട്, കപ്പാട്

സെമി ഫൈനലിൽ പ്രവേശിച്ചവർ (Rs. 500/- , സർട്ടിഫിക്കറ്റ്)

ജാൻസി മാത്യു, തുണ്ടത്തിൽ, എരുമേലി

മേരിക്കുട്ടി കുരുവിള, കോക്കാട്ട്, കപ്പാട്

ഷാന്റി സിബി, പടിഞ്ഞാറേപ്പുറമ്പിൽ, കുന്നുംഭാഗം

ജോളി ജോർജ്, മടുക്കക്കുഴി, കാഞ്ഞിരപ്പള്ളി

അനിതാ ജോബ്, ചാലേപ്പുറമ്പിൽ, അഞ്ചിലിപ്പ

വിൻസി തോമസ്, ഉറുമ്പിൽ, വണ്ടൻപതാൽ

ആൻ വിമല ജോസ്, കൂത്രപ്പള്ളിൽ, വെളിച്ചിയാനി

മാതൃവേദിയുടെ A, B. C, D, E യൂണിറ്റുകളിലായി ഏറ്റവും കൂടുതൽ ആളുകളെ മത്സരത്തിൽ പങ്കെടുപ്പിച്ചതിന് Rs. 2000/- വീതം സമ്മാനം നേടിയ മാതൃവേദി ഇടവക യൂണിറ്റുകൾ.

A വിഭാഗം : കോരുത്തോട്

B വിഭാഗം : എലിക്കുളം

C വിഭാഗം : മുക്കൂട്ടുതറ

D വിഭാഗം : അമലഗിരി

E വിഭാഗം : അറയാഞ്ഞിലിമണ്ണ്

എല്ലാവർക്കും അഭിനന്ദനങ്ങൾ

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# നസ്രാണി റിസേർച്ച് സെൻ്റർ നല്ലതണ്ണി

## ഗ്രീൻ & കെയർ പ്രോജക്ട്

ചങ്ങനാശ്ശേരി അതിരൂപതാ കേന്ദ്രത്തോടനുബന്ധിച്ചുള്ള സ്ഥലത്ത് പ്രവർത്തനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നു. പദ്ധതിയുടെ അവലോകനവും തുടർചർച്ചകളും ഫെബ്രുവരി 22-ാം തീയതി മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് നടത്തപ്പെട്ടു.

കാഞ്ഞിരപ്പള്ളി രൂപതയിലെ നല്ലതണ്ണി മാർതോമ്മാശ്ലീഹാ ദയറായിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുകയും ഫ്രൂട്ട് ഗാർഡൻ നിർമ്മിക്കുന്നതിന് വേണ്ട സഹായസഹകരണങ്ങൾ ഗ്രീൻ & കെയർ പ്രോജക്റ്റിന്റെ ആഭിമുഖ്യത്തിൽ നല്കുകയും ചെയ്തു. ഫലവൃക്ഷങ്ങളുടെ വിതരണം നടത്തുന്ന സർക്കാർ പദ്ധതികളുമായി ദയറായെ ബന്ധിപ്പിക്കാൻവേണ്ട നടപടികളും ഗ്രീൻ & കെയർ പ്രോജക്ടിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു.

## നസ്രാണി മാർഗം ഇടവകബുള്ളറ്റിൻ

നസ്രാണി റിസേർച്ച് സെന്ററിന്റെ നേതൃത്വത്തിൽ ഇടവകകൾക്കുവേണ്ടി ആരാധനക്രമകാലങ്ങളുടെ ആരംഭത്തിൽ പ്രസിദ്ധീകരിക്കുന്ന ഇടവകബുള്ളറ്റിന്റെ നോമ്പുകാല ലക്കം തയ്യാറായി. ഈ നോമ്പുകാല ലക്കത്തിന്റെ ഓരോ കോപ്പി എല്ലാ ഇടവകകൾക്കും നല്കുകയാണ്. ഏതെങ്കിലും ഇടവകയിൽ ഇത് നസ്രാണി റിസേർച്ച് സെന്ററിന്റെ നിബന്ധനകൾക്കനുസരിച്ച് ആരംഭിക്കുവാൻ താല്പര്യമുണ്ടെങ്കിൽ അറിയിക്കാവുന്നതാണ്.

## NRC Webinar Sessions

പൗരസ്ത്യ കാനൻനിയമത്തിലെ ആരാധനക്രമസംബന്ധമായ നിർദ്ദേശങ്ങൾ പ്രായോഗികമാക്കുന്നതിനെക്കുറിച്ച് 1996-ൽ വത്തിക്കാൻ നല്കിയ രേഖയെക്കുറിച്ച് നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്റർ നടത്തിവരുന്ന വെബിനാറിന്റെ മൂന്നും നാലും അഞ്ചും സെഷനുകൾ മാർച്ച് 7, 14, 21 തീയതികളിൽ നടത്തപ്പെട്ടു. ഡോ. P.C അനിയൻകുഞ്ഞ്, റവ. ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളി, റവ. ഡോ. കുര്യൻ താമരശേരി എന്നിവർ യഥാക്രമം വെബിനാർ നയിച്ചു. ഇതിന്റെ ആറാം സെഷൻ ഏപ്രിൽ 11-ാം തീയതി റവ. ഡോ. സേവ്യർ ക്രിസ്റ്റി OFM Cap. ഉം ഏഴാം സെഷൻ ഏപ്രിൽ 18-ാം തീയതി റവ. ഡോ. ഡോമിനിക് വെച്ചൂരും നയിക്കുന്നതാണ്.

### തീക്കട്ട

നസ്രാണി റിസേർച്ച് സെന്ററിന്റെ പ്രസിദ്ധീകരണ വിഭാഗമായ നസ്രാണി പബ്ലിക്കേഷൻസിന്റെ ആദ്യ പുസ്തകം 'തീക്കട്ട' പ്രസിദ്ധീകരിച്ചു. ചവറപ്പുഴ യാക്കോവ് കത്തനാർ രചിച്ച ഈ പുസ്തകത്തിൽ പരി. കുർബാന എന്താണ് എന്ന് ആറ് അദ്ധ്യായങ്ങളിലായി ലളിതമായി വിവരിച്ചിരിക്കുന്നു

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**മാർച്ച് 2021**

16 അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് വിവിധ മേജർ സെമിനാരികളിലുള്ള രൂപതയിലെ വൈദികവിദ്യാർത്ഥികളുമായി കോൺഫറൻസ് നടത്തി.

19 മാർ യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനത്തിൽ നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന ബഹു. ജോസ് തറപ്പേലച്ചനും ബഹു. ജോസഫ് പന്നലക്കുന്നേലച്ചനും തിരുനാളിന്റെ മംഗളങ്ങൾ നേർന്നു.

29 നമ്മുടെ രൂപതയിലെ ദൈവശാസ്ത്രവിദ്യാർത്ഥികൾ ഹെവുപ്പദയക്ക്ന, കാറോയ, മ്ശംശാന പട്ടങ്ങൾ മൈനർ സെമിനാരിയിൽ വച്ചു സ്വീകരിച്ചു.

മേരി മാതാ മൈനർ സെമിനാരിയിലേക്ക് 2021--22 അധ്യയനവർഷത്തിലേക്ക് ഉള്ള വൈദിക വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുക താഴെ വിവരിക്കുന്ന രീതിയിലായിരിക്കും: ബഹു. വികാരിമാർ ദൈവവിളിയോട് ആഭിമുഖ്യം ഉള്ളവരായ കുട്ടികളെ (10, +2, Degree, PG) കണ്ടെത്തി സെമിനാരിയിൽ അറിയിക്കുക. ഇടവക വികാരിമാർ നിർദ്ദേശിക്കുന്ന വിദ്യാർത്ഥികളെ സെമിനാരിയിൽ നിന്ന് ബന്ധപ്പെട്ട വൈദികർ എത്തി പ്രാഥമിക തിരഞ്ഞെടുപ്പ് നടത്തുന്നു. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവർക്കായി മെയ് മാസം മൂന്നാം ആഴ്ചയിൽ രണ്ടു ദിവസക്യാമ്പും ഇന്റർവ്യൂവും നടത്തി യോഗ്യരായവർക്ക് പ്രവേശനം നൽകുന്നതാണ്. എല്ലാ ഇടവക വികാരിമാരും പതിവ് പോലെ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോൺ പനച്ചിക്കൽ**
**റെക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**കരുതൽ - 2021**

കെ.സി.സി.ആർ.എസ്.ടി.യുടെ സോണൽ സന്ദർശനത്തിന്റെ ഭാഗമായി 2021 മാർച്ച് മാസം 8-ാം തീയതി കാഞ്ഞിരപ്പള്ളി സോൺ സന്ദർശനം നടത്തി. അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് കെ.സി.സി. ആർ.എസ്.ടി. ചെയർമാൻ ഫാ. ജോസഫ് താമരവെളി, വൈസ് ചെയർമാൻ ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ, രൂപതാ കരിസ്മാറ്റിക് ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ എന്നിവർ മീറ്റിംഗിൽ സന്ദേശങ്ങൾ നൽകി. രാവിലെ 10 മണി മുതൽ വൈകുന്നേരം 3.30 വരെ ആയിരുന്നു പ്രോഗ്രാം. സോണൽ സേവനസമിതി അംഗങ്ങൾ, സോണൽ മിനിസ്ട്രി കൗൺസിൽ അംഗങ്ങൾ, സബ്സോൺ സേവനസമിതി അംഗങ്ങൾ, സോണിൽ നിന്നുമുള്ള കെ.എ.സി. അംഗങ്ങൾ, സെൻട്രൽ മിനിസ്ട്രി അംഗങ്ങൾ, സബ് റീജിയൻ കൺവീനർ എന്നിവർ കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് പങ്കെടുത്തു. കോ-ഓഡിനേറ്റർ, ശ്രീ. കെ.സി. എബ്രഹാം സ്വാഗതവും, സെക്രട്ടറി ടോണി മടുക്കക്കുഴി റിപ്പോർട്ടും, ട്രഷറർ ശ്രീ. ജോസഫ് കാരയ്ക്കാട്ട് നന്ദിയും പ്രകാശിപ്പിച്ചു. 51 പേർ സംബന്ധിച്ചു.

**ശിഷ്യത്വ പരിശീലന ധ്യാനം**

നമ്മുടെ ഈ വർഷത്തെ കർമപദ്ധതികളിലെ പ്രധാനപ്പെട്ട ഊന്നലുകളിലൊന്നായ ഫോർമേഷൻ പ്രോഗ്രാമുകളുടെ ഭാഗമായി കെ.സി.സി.ആർ.എസ്.ടി. നടത്തുന്ന ശിഷ്യത്വപരിശീലനധ്യാനം ഏപ്രിൽ മാസത്തിൽ ആരംഭിക്കുന്നു.

**സ്കൂൾ ഓഫ് ലീഡർഷിപ്പ്**

എസ്.ഒ.എൽ. രണ്ടാം ബാച്ച് പരിശീലനത്തിൽ 28 ക്ലാസുകൾ

പൂർത്തിയായി. ഹോം വർക്കുകളും അതിന്റെ വിലയിരുത്തലുകളും ആനിമേറ്റേഴ്സിന്റെ നേതൃത്വത്തിൽ കാര്യക്ഷമമായി നടന്നുവരുന്നു.

### എൽ.എസ്.എസ്. സബ്റീജിയൻ പരിശീലനം

എൽ.എസ്.എസ്. അനുഭവത്തിലേക്ക് എല്ലാവരെയും എത്തിക്കേണ്ടതിന്റെ ഒരുക്കമായി മാർച്ച് 21 വരെ തുടർച്ചയായി മെൽഡേഴ്സിനും വിവിധ സോണൽ മോണിറ്ററി ടീമിനും ആയി നടത്തപ്പെടുന്ന സബ്റീജിയൻ തിരിച്ചുള്ള എൽ.എസ്.എസ്. പരിശീലനം 8-ാമത്തെ ആഴ്ച പൂർത്തിയാക്കി. ഹോം വർക്കുകളും സബ്ഗ്രൂപ്പ് ഷെയറിംഗുകളും പരിശീലനത്തെ കൂടുതൽ അനുഭവസമ്പത്തുള്ളതാക്കുന്നു.

### തിരുമണിക്കൂർ ആരാധന

മാർച്ച് 1-ാം തീയതി മുതൽ എമ്മാവൂസിൽ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷത്തിൽ ഓൺലൈനിൽ വൈകുന്നേരം 5 മണി മുതൽ 6 മണി വരെ ആരാധനയും എല്ലാ ബുധനാഴ്ചയും വൈകുന്നേരം 6 മണിക്ക് പരിശുദ്ധ കുർബാനയും ഉണ്ടായിരിക്കുന്നതാണ്. സോണൽ മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി ഇതിൽ സംബന്ധിച്ചുവരുന്നു.

### മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി

സോൺ സെൻട്രൽ ടീമിന്റെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചയും 4.30 P.M. മുതൽ 6.00 P.M. വരെ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിവരുന്നു. സബ്സോൺ തലത്തിലും മദ്ധ്യസ്ഥപ്രാർത്ഥന വിവിധ ദിവസങ്ങളിൽ നടത്തുന്നുണ്ട്.

### തൂവാനിസാ മിനിസ്ട്രി


തൂവാനിസാ മിനിസ്ട്രിയുടെ നേതൃത്വത്തിൽ അഖണ്ഡജപമാല ശുശ്രൂഷ മുടങ്ങാതെ നടത്തിവരുന്നു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# ആവേ മരിയ റിട്രീറ്റ് സെന്റർ

പഴയകൊരട്ടി ആവേമരിയ നിത്യാരാധന ചാപ്പലിൽ രാവിലെ 8 മണി മുതൽ വൈകിട്ട് 8 മണി വരെ എല്ലാ ദിവസങ്ങളിലും നിത്യാരാധന നടത്തപ്പെടുന്നു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**




# വൊക്കേഷൻ ബ്യൂറോ

**ദൈവവിളി ക്യാമ്പ്**

മേരി മാതാ മൈനർ സെമിനാരിയിലേക്ക് 2021--22 അധ്യയനവർഷത്തിലേക്ക് ഉള്ള വൈദിക വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുക താഴെ വിവരിക്കുന്ന രീതിയിലായിരിക്കും: ബഹു. വികാരിമാർ ദൈവവിളിയോട് ആഭിമുഖ്യം ഉള്ളവരായ കുട്ടികളെ (10, +2, Degree, PG) കണ്ടെത്തി സെമിനാരിയിൽ അറിയിക്കുക. ഇടവക വികാരിമാർ നിർദ്ദേശിക്കുന്ന വിദ്യാർത്ഥികളെ സെമിനാരിയിൽ നിന്ന് ബന്ധപ്പെട്ട വൈദികർ എത്തി പ്രാഥമിക തിരഞ്ഞെടുപ്പ് നടത്തുന്നു. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവർക്കായി മെയ് മാസം മൂന്നാം ആഴ്ചയിൽ രണ്ടു ദിവസക്യാമ്പും ഇന്റർവ്യൂവും നടത്തി യോഗ്യരായവർക്ക് പ്രവേശനം നൽകുന്നതാണ്. എല്ലാ ഇടവക വികാരിമാരും പതിവുപോലെ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

### ആദ്യശനി ഓൺലൈൻ ബൈബിൾ കൺവെൻഷൻ

മാർച്ച് 6ന് രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെ ആദ്യശനി ബൈബിൾ കൺവെൻഷൻ മരിയൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു. ഫാ. തോമസ് അറയ്ക്കൽ, ബ്ര. ജിത്തു, ബ്ര. ജോബിൻസ് എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

### ഏകദിന ധ്യാനം മാർച്ച് 2021

മാർച്ച് 1,2 തിയതികളിലായി ഏകദിന ധ്യാനം ബഹുമാനപ്പെട്ട ഡോമിനിക് അച്ചന്റെ നേതൃത്വത്തിൽ നടത്തി. രാവിലെ 9 മുതൽ വൈകിട്ട് 3:30 വരെയായിരുന്നു ധ്യാനം. ഫാ. തോമസ് അറയ്ക്കൽ, ബ്ര. ജോബിൻസ്, ബ്ര. ജെയ്സൺ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

## Botswana Online Retreat - 2021

ബോട്സ്വാനയിൽ ഉള്ളവർക്കായി മാർച്ച് 21 ഞായറാഴ്ച വൈകിട്ട് 4 മുതൽ രാത്രി 9:30 വരെ ബഹു. ഡോമിനിക് അച്ചൻ ഓൺലൈനിലൂടെ വചനം പങ്കുവെച്ചു.

### ഇംഗ്ലണ്ടിലുള്ള വൈദികർക്കായുള്ള ഓൺലൈൻ ധ്യാനം

മാർച്ച് 22 മുതൽ 25 വരെ വൈകിട്ട് 5 മുതൽ രാത്രി 7 മണി വരെ ഇംഗ്ലണ്ടിലുള്ള വൈദികർക്കായി ധ്യാനം നടന്നു. ഡോമിനിക് അച്ചൻ വചനശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തു. ബഹു. ഫാ. തോമസ് അറയ്ക്കൽ, ബ്ര. ജോബിൻസ്, ബ്ര. ജോസ്സി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

## South Africa Online Retreat- 2021

സൗത്ത് ആഫ്രിക്കയിലുള്ള മലയാളികൾക്കായി ഓൺലൈനിലൂടെ മാർച്ച് 22 ന് വൈകിട്ട് 4:30 മുതൽ രാത്രി 9:30 വരെ ധ്യാനം നടന്നു.

**തൃശൂർ ബൈബിൾ കൺവെൻഷൻ 2021**

മാർച്ച് 24 മുതൽ 28 വരെ വൈകിട്ട് 4:30 മുതൽ രാത്രി 9:30 വരെ ധ്യാനം നടന്നു. ബഹു. ഡോമിനിക് അച്ചൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഫാ.തോമസ് അറയ്ക്കൽ ശുശ്രൂഷകളിൽ സഹായിച്ചു.

## Europe Online Retreat 2021

മാർച്ച് 30 ചൊവ്വാഴ്ച വൈകിട്ട് 7:30 മുതൽ രാത്രി 10 മണി വരെ യൂറോപ്പിലുള്ളവർക്കായി ഓൺലൈനിലൂടെ ധ്യാനം നടന്നു. ബഹു. ഡോമിനിക് അച്ചൻ ആരാധനയ്ക്കും ശുശ്രൂഷകൾക്കും നേതൃത്വം നൽകി.

**RESURRECTION**

'RESURRECTION' എന്ന ശുശ്രൂഷയിലൂടെ ബഹുമാനപ്പെട്ട ഡോമിനിക് അച്ചൻ എല്ലാദിവസവും മൂന്നുമണിക്ക് ദൈവവചന പ്രഘോഷണം YouTube ചാനലിലൂടെ പങ്കുവയ്ക്കുന്നു.

**ഓൺലൈൻ ശുശ്രൂഷ**

മരിയൻ ധ്യാനകേന്ദ്രത്തിലൂടെ ഓൺലൈനായി കുരിശിന്റെ വഴി, വി. കുർബാന, വചനശുശ്രൂഷ, ആരാധന എന്നിവ എല്ലാ ദിവസവും വൈകിട്ട് 5 മുതൽ രാത്രി 8 വരെ നടന്നുകൊണ്ടിരിക്കുന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, റവ. ഫാ. മനു പുത്തൻവീട്ടിൽ എന്നിവർ നേതൃത്വം നല്കുകയും വചനം പങ്കുവയ്ക്കുകയും ചെയ്യുന്നു.

**മധ്യസ്ഥപ്രാർത്ഥനാസഹായം**

എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥ പ്രാർത്ഥനകൾക്കായി ഫോണിലൂടെ ആവശ്യപ്പെടുന്നതിന് സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

വിളിക്കേണ്ട ഫോൺ നമ്പറുകൾ 730 60 65 493, 730 60 86 060, 730 60 55 176, 952 60 22 215.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. മനു പുത്തൻവീട്ടിൽ**
**(സ്പിരിച്വൽ ഡയറക്ടർ)**

# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- സുപ്പീരിയർ ജനറൽ മദർ സിബി സി.എം.സി. ചാമംപതാൽ നോവിഷ്യറ്റ് ഭവനം സന്ദർശിക്കുകയും സിസ്റ്റേഴ്സ് ഹൃദ്യമായി സ്വീകരിക്കുകയും ചെയ്തു.
- സി. ലെറ്റീഷ്യ സി.എം.സി. മടുക്കാവിൽ നിര്യാതയായി. മൃത സംസ്ക്കാരശുശ്രൂഷകൾക്ക് പെരിയ ബഹു. ജോസഫ് വെള്ള മറ്റം അച്ചൻ മുഖ്യകാർമ്മികത്വം വഹിച്ചു. മൃതസംസ്കാരം പാലമ്പ്ര ഗത്സമിനി ദൈവാലയത്തിൽ നടത്തി.
- ഈ വർഷം സുവർണ്ണജൂബിലി ആഘോഷിക്കുന്ന സിസ്റ്റേ ഴ്സിന്റെ ജൂബിലി ഉദ്ഘാടനം നടത്തി.
- വള്ളക്കടവ് സ്നേഹസദനിൽ വച്ച് ഹൈറേഞ്ച് സോണിലെ Vocation Promoters - ന്റെ മീറ്റിംഗും ജാഗരണപ്രാർത്ഥനയും നടത്തി.
- വി. യൗസേപ്പുപിതാവിന്റെ മരണത്തിരുനാൾ ആത്മീയ ഒരുക്ക ങ്ങളോടെ ആഘോഷിച്ചു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ, വികാരി ജനറാൾ പെരിയ ബഹു. ജോസഫ് വെള്ളമറ്റം, ബഹു. രാജേഷ് മരുതുകുന്നേൽ എന്നിവർക്ക് നാമഹേതുകതിരുനാൾ ആശംസകൾ നേരുകയും പ്രാർത്ഥിക്കുകയും ചെയ്തു.
- വി. യൗസേപ്പുപിതാവിന്റെ വർഷാചരണത്തിന്റെ ഭാഗമായി പ്രോവിൻസിന്റെ അമലാസർവ്വീസ് സെന്ററിൽ നിന്ന് പ്രൊവിൻഷ്യൽ ഹൗസിലെ സിസ്റ്റേഴ്സ് ഉച്ചഭക്ഷണം തയ്യാ റാക്കി 6 ആശ്രമങ്ങളിൽ വിതരണം ചെയ്തു.

- പുളിയന്മല സെന്റ് ഏലിയാസ് കോൺവന്റിലെ സുപ്പീരിയർ സി. ജെസ്‌ലിന്റെ നേതൃത്വത്തിൽ വനിതാദിനം ആഘോഷിച്ചു. സി. സിൽവിയ സി.എം.സി. ക്ലാസ് നയിച്ചു. മരിയൻ കൗൺസിലിംഗ് സെന്ററിലും വനിതാദിനം ആഘോഷിച്ചു.
- ഇഞ്ചിയാനി ഇടവകയിൽ കുട്ടികളുടെ ഗ്രൂപ്പുകൾ രൂപീകരിച്ച് അവർക്ക് സ്വയം തൊഴിൽ നടത്തുന്നതിനാവശ്യമായ സാമ്പത്തികസഹായം പ്രൊവിൻഷ്യൽ കൗൺസിലർ സി. റ്റോംസി സുപ്പീരിയർ സി. മെർളിക്ക് കൈമാറി.
- വിവിധ സ്ഥലങ്ങളിലായി 25 കുടുംബങ്ങൾക്ക് വിദ്യാഭ്യാസം, ഭവനനിർമ്മാണം, ജൈവകൃഷി, ചികിത്സ, സ്വയം തൊഴിൽ എന്നിവയ്ക്ക് ആവശ്യമായ സാമ്പത്തികസഹായം ചെയ്തു.
- ഈ വർഷം ആദ്യവ്രതാർപ്പണം ചെയ്യുന്ന 4 നോവിസസിന് സി. ലിസ്യു തെരേസിന്റെ നേതൃത്വത്തിൽ പ്രൊവിൻഷ്യൽ ഹൗസിൽ ധ്യാനം നടക്കുന്നു.

## ക്ലാരിസ്റ്റ് സന്ന്യാസിനി സമൂഹം (FCC)

- ഇരിങ്ങാലക്കുട മുനിപ്പാറ ജനറലേറ്റിന്റെ ആശ്രമത്തിൽ വച്ച് സി. സെലിൻ കുടിയിരിക്കലിന്റെ നേതൃത്വത്തിൽ നടത്തിയ പത്ത് ദിവസത്തെ ധ്യാനത്തിൽ കാഞ്ഞിരപ്പള്ളി പ്രൊവിൻസിൽ നിന്നും 12 സിസ്റ്റേഴ്സ് പങ്കെടുത്തു.
- കോട്ടയം ജില്ലാ ജയിലിൽ ജീസസ് ഫ്രറ്റേണിറ്റി പ്രവർത്തകരോടൊപ്പം ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സി. അമലയും സി. റ്റെസി മരിയയും സന്ദർശനം നടത്തി. അവർക്ക് സന്ദേശം നൽകുകയും മധുരപലഹാരം വിതരണം ചെയ്യുകയും ചെയ്തു.
- കേരളത്തിലെ എല്ലാ പ്രൊവിൻസുകളിൽ നിന്നുമുള്ള വൊക്കേഷൻ പ്രൊമോട്ടേഴ്സിനെ ആലുവജനറലേറ്റിൽ ഒരുമിച്ചുചേർത്ത് മദർ ജനറൽ ബഹുമാനപ്പെട്ട ആൻ ജോസഫ് അമ്മ നടത്തിയ ക്ലാസിലും ചർച്ചകളിലും സി. ആനി മരിയയും സി. ലിസ് മരിയയും പങ്കെടുത്തു.

- അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ നാമഹേതുകതിരുനാൾ ദിനത്തിൽ ബഹു. പ്രൊവിൻഷ്യലമ്മയും സിസ്റ്റേഴ്സും സൗഹൃദസന്ദർശനം നടത്തി ആശംസകൾ അർപ്പിച്ചു.
- പീരുമേട് സബ്ജയിലിൽ സി. ലിറ്റിയും സി. റ്റെസി മരിയയും സന്ദർശനം നടത്തി വചനസന്ദേശം നൽകുകയും മധുരപലഹാരം നൽകി സന്തോഷം പങ്കിടുകയും ചെയ്തു.
- ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സി. അമല എല്ലാ ഭവനങ്ങളിലെയും ലോക്കൽ സുപ്പീരിയേഴ്സിനെയും വൊക്കേഷണൽ പ്രൊമോട്ടേഴ്സിനെയും ഉൾപ്പെടുത്തി ഗൂഗിൾമീറ്റ് നടത്തി.
- ചെങ്കല്ല് ഇടവകയിൽ നടന്ന 'എയ്ഞ്ചൽസ് വില്ലേജിന്റെ' വെഞ്ചരിപ്പുകർമ്മത്തിൽ പ്രൊവിൻഷ്യലമ്മയും സി. ജോസി ട്രീസായും പങ്കെടുത്തു.
- രാമക്കൽമേട് ഇടവകയിൽ സൺഡേസ്കൂൾ കുട്ടികൾക്കായി സി. ജോസി ട്രീസായുടെ നേതൃത്വത്തിൽ രണ്ട് ദിവസത്തെ ധ്യാനം നടത്തി.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- കരുതൽ മാനസികാരോഗ്യ പ്രശ്നങ്ങളും വെല്ലുവിളികളും എന്ന വിഷയത്തെക്കുറിച്ച് KCBC യുടെ നേതൃത്വത്തിൽ നടത്തപ്പെട്ട വെബിനാറിൽ ബഹു.പ്രൊവിൻഷ്യലമ്മയും കൗൺസിലേഴ്സും സംബന്ധിച്ചു.
- ജീസസ് ഫ്രറ്റേണിറ്റിയുടെ ഭാഗമായി ബഹു. സെബാസ്റ്റ്യൻ പെരുനിലത്തച്ചന്റെ നേതൃത്വത്തിൽ കോട്ടയം, പീരുമേട് ജയിലുകൾ സന്ദർശിച്ച് സന്ദേശം നൽകിയും വിശ്വാസത്തിലുറപ്പിച്ചും നടത്തിയ പ്രസ്തുത പരിപാടിയിൽ സോഷ്യൽ വർക്ക് കൗൺസിലർ സി. റ്റിൻസി വരകുകാലാ സി. മെർളിൻ കാഞ്ഞിരത്തിങ്കൽ എന്നിവർ സംബന്ധിച്ചു.

- KCBC നടത്തിയ Education Zoom Meeting ൽ Education Councillor സി. മെർളിൻ കാഞ്ഞിരത്തിങ്കൽ സംബന്ധിച്ചു.
- വൊക്കേഷൻ പ്രമോട്ടേഴ്സ് ലീഡേഴ്സിന്റെ മീറ്റിംഗ് ഹൈറേഞ്ചിൽ കുമളി മഠത്തിൽ വച്ചും, ലോറേഞ്ച് പ്രൊവിൻഷ്യൽ ഹൗസ് കുന്നുംഭാഗത്തു വെച്ചും നടത്തപ്പെട്ടു.കൗൺസിലർ സിസ്റ്റർ ദീപ്തി പച്ചിലംകാട്ടിൽ ക്ലാസ്സുകൾ നൽകി.
- ജനറൽ കൗൺസിലർ സി. അനറ്റ് ചാലങ്ങാടിയുടെ നേതൃത്വത്തിൽ നടത്തിയ Founders cause Zoom Meeting - ൽ വികർ പ്രൊവിൻഷ്യൽ സി. ആൻസി ചെറുശ്ശേരിയും സി. അൻസിൻ, സി. റാണിറ്റ് എന്നിവരും സംബന്ധിച്ചു.
- സാരഥിയുടെ 21-ാം വാർഷിക Zoom Meeting - ൽ സോഷ്യൽ വർക്ക് കൗൺസിലർ സി. റ്റിൻസി വരകുകാലാ, സി.റ്റിൻസ് കലയത്തിനാകുഴി എന്നിവർ സംബന്ധിക്കുകയും പൊൻകുന്നം സാരഥി യൂണിറ്റുകളുടെ വിലയിരുത്തൽ നടത്തുകയും ചെയ്തു.
- NRC Webinar - ൽ സി. ആൻസി ചെറുശ്ശേരിൽ സി. റ്റിൻസി വരകുകാലായിൽ എന്നിവർ സംബന്ധിക്കുന്നു.
- മാർ ജോസ് പുളിക്കൽ പിതാവിന്റെ ജന്മദിനത്തിലും, ഫീസ്റ്റ് ദിനത്തിലും പിതാവിനെ സന്ദർശിച്ച് പ്രാർത്ഥനാശംസകൾ നേർന്നു.
- കുന്നുംഭാഗം സെന്റ് ജോസഫ്സ് പബ്ലിക് സ്കൂളിലെ കുട്ടികളുടെ Merit Day Meeting - ൽ ബഹു. പ്രൊവിൻഷ്യലമ്മ സംബന്ധിക്കുകയും ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു.
- മാംഗ്ലൂരിൽ നേഴ്സിംഗ് പഠനം പൂർത്തിയാക്കിയ സി. എയ്ഞ്ചൽ റോസിന്റെ Graduation Ceremony യിൽ ബഹു. പ്രൊവിൻഷ്യലമ്മ സംബന്ധിച്ചു.
- KCMS നടത്തിയ ‘In order to revitalize our consecrated life in the model of St. Joseph’ വെബിനാറിൽ പ്രൊവിൻഷ്യൽ ടീം സംബന്ധിച്ചു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- സി മെറിൻ മാത്യു SCJG ട്യൂട്ടർ ആയി സെന്റ് ജോൺസ് കോളേജ് ഓഫ് നഴ്സിംഗിൽ ജോലിയിൽ പ്രേവേശിച്ചു
- മാർച്ച് 8 സെന്റ് ജോൺ ഓഫ് ഗോഡിന്റെ തിരുനാൾ ദിനം സമുചിതമായി ആഘോഷിച്ചു
- മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനത്തിൽ മാതൃദീപ്തി രൂപത ആനിമേറ്റർ സി ലീമായുടെ നേതൃത്വത്തിൽ മാതൃദീപ്തി അംഗങ്ങൾ വനിതാ ദിനം ആചരിച്ചു
- സുപ്പീരിയർ ജനറൽ സിസ്റ്റർ മേഴ്സി തോമസും സി. ലൂസി SCJG യും ഒറീസ്സ മിഷൻ സന്ദർശിച്ചു
- മാർച്ച് 19 വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുന്നാൾ സമുചിതമായി ആചരിച്ചു
- വിശുദ്ധ യൗസേപ്പിതാവിന്റെ നാമധാരിയായ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിനും പ്രൊട്ടോസിൻഞ്ചെല്ലൂസ് പെരിയ ബഹുമാനപ്പെട്ട ജോസഫ് വെള്ളമറ്റം അച്ചനും തിരുന്നാൾ ആശംസകൾ അർപ്പിച്ചു
- ജനറലേറ്റ് ഭവനത്തിൽ വച്ചു സിസ്റ്റേഴ്സിനു നടത്തപ്പെട്ട വാർഷിക ധ്യാനത്തിന് ബഹുമാനപ്പെട്ട ഫാദർ അലക്സ് CSsR നേതൃത്വം നൽകി.
- മാർച്ച് 8-നു സെന്റ് ജോൺ ഓഫ് ഗോഡ് ഷെൽട്ടർ ഹോമിൽ അന്താരാഷ്ട്ര വനിതാദിനത്തിൽ സെമിനാർ സംഘടിപ്പിച്ചു

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- ബഹു. സി. പ്രൊവിൻഷ്യൽ സി. മേരി ഫിലിപ്പ്, സി. എലിസബത്ത് മേരി എന്നിവർ മിഷനിൽ സേവനം ചെയ്യുന്ന സഹോദരിമാരെ സന്ദർശിക്കുന്നതിനായി നാസിക്കിനു പോയി.
- അദ്ധ്യാപന ജീവിതത്തിൽ നിന്നും വിരമിക്കുന്ന സി. മെർലിൻ

ജോസിന്റെ യാത്രയയപ്പ് സമ്മേളനത്തിൽ സി. ട്രീസാ അല്ലേശ്, സി.റോസ് റ്റോം, സി. സെലിൻ ജോസ് എന്നിവർ പങ്കെടുത്തു.

- പ്രൊവിൻസിലെ വിവിധ ഭവനങ്ങളിൽ വൊക്കേഷൻ പ്രൊമോഷൻ രംഗത്ത് പ്രവർത്തിക്കുന്ന വൊക്കേഷൻ പ്രൊമോട്ടേഴ്സിനായുള്ള മീറ്റിംഗ് സി. റാണിറ്റിന്റെ നേതൃത്വത്തിൽ വിവിധ ഭവനസമൂഹ ങ്ങളിൽ വച്ച് നടത്തി.
- വിവിധ ഇടവകകളിലെ സ്ത്രീ ജനങ്ങൾക്കായി സ്വയം തൊഴിലവസരങ്ങളെപ്പററിയുള്ള ക്ലാസ് ശ്രീ വർഗീസ് പോളിന്റെ നേതൃത്വത്തിൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു.
- രൂപതയുടെ നേതൃത്വത്തിൽ യുവജനങ്ങളുടെ മാതാപിതാക്കൾ ക്കായി കൂവപ്പള്ളിയിൽ വച്ച് നടത്തിയ ക്ലാസ്സിൽ സി. ട്രീസാ അല്ലേശ്, സി. എലിസബത്ത് മേരി എന്നിവർ പങ്കെടുത്തു.
- സാരഥി ഓട്ടോ ഡ്രൈവേഴ്സിനായുള്ള ടൗൺ കോൺടാക്ട് ആപ്പ് ഉദ്ഘാടനത്തിന് തിരുഹൃദയ സാമൂഹിക ക്ഷേമ വിഭാഗത്തെ പ്രതിനിധീകരിച്ചു രണ്ടു പ്രോജക്ട് കോ-ഓർഡിനേറ്റർമാരും ഒരു ആനിമേറ്ററും 5 സാരഥി അംഗങ്ങളും പങ്കെടുത്തു.
- കണയങ്കവയൽ ഇടവകയിലെ തിരുഹൃദയ സ്വാശ്രയ ഗ്രൂപ്പിലെ മാതാക്കൾക്കായി ലോക ക്യാൻസർ ദിനത്തോടനുബന്ധിച്ചു ക്യാൻസർ ബോധവത്കരണ ക്ലാസ്സും സംശയനിവാരണവും നടത്തി.
- 12 തിരുഹൃദയ സ്വാശ്രയ ഗ്രൂപ്പുകളിലെ പ്രതിനിധികൾക്കായി അങ്കമാലിയിൽ ഉള്ള സെന്റർ ഫോർ ആൾട്ടർനേറ്റീവ് ലിവിങ് ആൻഡ് ലേണിംഗിന്റെ നേതൃത്വത്തിൽ സ്കിൽ ട്രെയിനിങ് പ്രോഗ്രാം നടത്തി.
- ഏദൻ മത്സ്യകൃഷി പ്രോത്സാഹന പരിപാടിയുടെ ഭാഗമായി 2000 മീൻകുഞ്ഞുങ്ങളെ വിതരണം ചെയ്തു.
- കാരുണ്യഭവൻ ഭവനനിർമ്മാണപദ്ധതിയുടെ ഭാഗമായി

പുതുതായി 2 ഭവനങ്ങളുടെ പണി കൊല്ലമുള, ആനിക്കാട് എന്നിവിടങ്ങളിൽ ആരംഭിക്കുകയും തച്ചപ്പുഴയിൽ പൂർത്തിയായ വീടിന്റെ താക്കോൽദാനം നടത്തുകയും ചെയ്തു.

- ലോകവനിതാദിനത്തിന്റെ ഭാഗമായി തമ്പലക്കാട് സ്വയാശ്രയ ഗ്രൂപ്പിലെ മാതാക്കൾക്കായി ക്ലാസ് നടത്തി.

## സ്നേഹസ്മരണയ്ക്ക്



**സി. ലെറ്റീഷ്യാ CMC മടുക്കാവിൽ**

| | | |
|---|---|---|
| ജനനം | : | 05.07.1931 |
| ആദ്യവ്രതം | : | 19.05.1954 |
| നിത്യവ്രതം | : | 19.05.1957 |
| മരണം | : | 02.03.2021 |



**സി. അഭയ CSC**

| | | |
|---|---|---|
| ജനനം | : | 14.11.1962 |
| ആദ്യവ്രതം | : | 02.05.1987 |
| നിത്യവ്രതം | : | 05.05.1992 |
| മരണം | : | 10.03.2021 |

# കത്തോലിക്കാ കോൺഗ്രസ്
# (A.K.C.C.)

**ഇന്ധനവില വർധനവിനെതിരെ പ്രതിഷേധ സമരം**

കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ പെട്രോൾ, ഡീസൽ, പാചകവാതക വിലവർധനവിനെതിരെ 22-02-2021 ൽ കാഞ്ഞിരപ്പള്ളി കുരിശുകവലയിൽ വാഹനം കയർകെട്ടി വലിച്ച് പ്രതിഷേധസമരം നടത്തി. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ രൂപതാ പ്രൊക്യുറേറ്റർ ഫാ. മാർട്ടിൻ വെള്ളിയാംകുളം പ്രതിഷേധസമരം ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാകുന്നേൽ, ജോജോ തെക്കുംചേരിക്കുന്നേൽ, സിനി ജിബു നീറനാക്കുന്നേൽ, റെന്നി ചക്കാലയിൽ, ആൻസി പുന്നമറ്റത്തിൽ, സണ്ണിക്കുട്ടി അഴകമ്പ്രായിൽ, ജോസ് മടുക്കക്കുഴി, ജോയ്സി ചെങ്ങളത്തുപറമ്പിൽ, സിബി തൂമ്പുങ്കൽ, ജിമ്മിച്ചൻ മണ്ഡപം തുടങ്ങിയവർ നേതൃത്വം നൽകി.

**കുരിശിന്റെ വഴി**

കത്തോലിക്കാ കോൺഗ്രസ് കപ്പാട് യൂണിറ്റിന്റെ നേതൃത്വത്തിൽ അരുവിത്തുറ വല്യച്ചൻ മലയിലേക്ക് നോമ്പുകാല കുരിശിന്റെ വഴി നടത്തി. യൂണിറ്റ് പ്രസിഡന്റ് ജോബി തെക്കുംചേരിക്കുന്നേൽ, സെക്രട്ടറി ജോൺസൺ പന്തപ്ലാക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**കാഷ് അവാർഡ് നൽകി**

ലോക്ഡൗൺ കാലത്ത് കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതി നടത്തിയ 'വീട്ടിലിരിക്കാം പച്ചക്കറി നടാം' അടുക്കളത്തോട്ട

മത്സരത്തിൽ മൂന്നാം സമ്മാനാർഹനായ പടനിലം യൂണിറ്റംഗം മാത്യൂസ് ആലപ്പാട്ടിന് പടനിലം പാരീഷ് ഹാളിൽ നടന്ന യോഗത്തിൽ വികാരി ഫാ. ജോസഫ് കൊച്ചുവീട്ടിൽ കാഷ് അവാർഡ് സമ്മാനിച്ചു. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, വൈസ് പ്രസിഡന്റ് സിനി ജിബു നീറനാക്കുന്നേൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ തുടങ്ങിയവർ പങ്കെടുത്തു.

**വനിതാ ദിനാഘോഷം**

കത്തോലിക്കാ കോൺഗ്രസ് രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ വനിതാദിനാചരണത്തിന്റെ ഭാഗമായി സംഘടനയിലെ വനിതകളെ ആദരിച്ചു. 08.03.2021-ൽ പാസ്റ്ററൽ സെന്റർ അനക്സിൽ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് റോസമ്മ തോമസ് പുളിക്കൽ വനിതാദിനാചരണം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി സന്ദേശം നൽകി. ജെയിംസ് പെരുമാക്കുന്നേൽ, കത്തോലിക്കാ കോൺഗ്രസ് വനിതാഫോറം രൂപതാ പ്രസിഡന്റ് മിനി സണ്ണി മണ്ണംപ്ലാക്കൽ, ടെസി ബിജു പാഴിയാങ്കൽ, സണ്ണിക്കുട്ടി അഴകമ്പ്രായിൽ, ജോജോ തെക്കുംചേരിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. രൂപതാ സമിതിയും കാഞ്ഞിരപ്പള്ളി സഹകരണകാർഷിക ഗ്രാമവികസനബാങ്കും ദീപികയും ചേർന്ന് തയ്യാറാക്കിയ ഫയലുകൾ വിതരണം ചെയ്തു.

**എലിക്കുളം യൂണിറ്റ്**

എലിക്കുളം ഇൻഫന്റ് ജീസസ് ഇടവക യൂണിറ്റംഗങ്ങൾക്കായി 09.03.2021-ൽ നടത്തിയ സെമിനാർ രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ജസ്റ്റിൻ പഴേപറമ്പിൽ, രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ, യൂണിറ്റ് പ്രസിഡന്റ് ജോയിച്ചൻ കൊച്ചീറ്റത്തോട്ട്, സെക്രട്ടറി ജോമിച്ചൻ തെക്കേക്കുറ്റ്, ജിമ്മിച്ചൻ മണ്ഡപത്തിൽ എന്നിവർ പ്രസംഗിച്ചു.

## കാരികുളം യൂണിറ്റ്

കത്തോലിക്കാ കോൺഗ്രസ് കാരികുളം ഫാത്തിമമാതാ യൂണിറ്റ് അംഗങ്ങളുടെ സത്യപ്രതിജ്ഞയും സ്റ്റഡി ക്ലാസും 21-03-2021 ഞായർ 5.30 p.m. ന് നടത്തി. യൂണിറ്റ് ഭാരവാഹികൾ ഇടവക വികാരി ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി സംഘടനയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ, യൂണിറ്റ് പ്രസിഡന്റ് ജോബിൻ തോമസ് പ്ലാപ്പള്ളിൽ, സെക്രട്ടറി ജോണിക്കുട്ടി കുറുമണ്ണിൽ, തങ്കച്ചൻ ചെന്നക്കാട്ടുകുന്നേൽ, ബിജു കൊള്ളിക്കുളവിൽ, ബിനോയ് കൊച്ചുകരിപ്പാപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു.

## ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

കത്തോലിക്കാ കോൺഗ്രസ് കേന്ദ്ര ഇലക്ഷൻ ബോർഡിന്റെ നിർദ്ദേശാനുസരണം രൂപതയിലെ യൂണിറ്റ് ഫൊറോന ഭാരവാഹികളുടെ തിരഞ്ഞെടുപ്പുകൾ പൂർത്തിയായി.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**കോവിഡ് വാക്സിനേഷൻ 1000 പേർ പൂർത്തിയാക്കി**

ആയിരം പേർക്ക് കോവിഡ് വാക്സിനേഷൻ നൽകിയ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ വാക്സിനേഷൻ ടീമിനെ പെരുവന്താനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡോമിന സജി സർട്ടിഫിക്കറ്റുകൾ നൽകി അനുമോദിച്ചു. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. സോജി കന്നാലിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരയ്ക്കൽ, മെഡിക്കൽ സൂപ്രണ്ടന്റ് ഡോ. കെ.എം. മാത്യു എന്നിവർ സന്നിഹിതരായിരുന്നു.

തിരക്കുകളും മുൻകൂർ രജിസ്ട്രേഷനും ഇല്ലാതെ കോവിഡ് വാക്സിനേഷനുള്ള സൗകര്യം ഹോസ്പിറ്റലിൽ ലഭ്യമാണ്. ഞായർ ഒഴികെ മറ്റുള്ള ദിവസങ്ങളിൽ രാവിലെ 9.30 മുതൽ 12 വരെയാണ് വാക്സിനേഷനായിട്ടുള്ള സൗകര്യം ഒരുക്കിയിരിക്കുന്നത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കോവിഡ് ആന്റിജൻ, RTPCR പരിശോധന സൗകര്യവും ഹോസ്പിറ്റലിൽ ലഭ്യമാണ്.

**അലിവ് പദ്ധതി ഉദ്ഘാടനം ചെയ്യപ്പെട്ടു**

ഡയാലിസിസ് ചെയ്യാൻ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ മുണ്ടക്കയം ഫൊറോന എസ്.എം.വൈ.എം. ന്റെ അലിവ് എന്ന പദ്ധതി ബഹുമാനപ്പെട്ട ഫൊറോന വികാരി ഫാ. ജോസ് മാത്യു പറപ്പള്ളിൽ ഉദ്ഘാടനം ചെയ്തു. ആദ്യഘട്ട ധനസഹായം മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ഡയറക്ടർ ഫാ. സോജി കന്നാലിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരയ്ക്കൽ എന്നിവർ ചേർന്ന് സ്വീകരിച്ചു.

SMYM ഫൊറോന ഡയറക്ടർ ഫാ. എബിൻ കുന്നത്ത്, ആനിമേറ്റർ സി. അനറ്റ് SABS, പ്രസിഡന്റ് അമൽ തോമസ്, വൈസ് പ്രസിഡന്റ് ആൻമേരി, ജോമോൻ സെബാസ്റ്റ്യൻ, ജോബിൻ, ആൽബിൻ പേഴുംകാട്ടിൽ, ജോയ്സി, സ്നേഹ വർഗ്ഗീസ്, വിവിധ ഇടവക ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**രോഗീദിനാചരണം**

രോഗികളുടെയും രോഗീപരിചാരകരുടെയും മദ്ധ്യസ്ഥനായ സെന്റ് ജോൺ ഓഫ് ഗോഡിന്റെ തിരുനാൾ മാർച്ച് 8-ാം തീയതി ആഘോഷിച്ചു. രാവിലെ പരിശുദ്ധ കുർബാനയും തുടർന്ന് സെന്റ് ജോൺ ഓഫ് ഗോഡിന്റെ തിരുനാൾ സന്ദേശവും നൽകി.

**വനിതാദിനാചരണം**

ലോക വനിതാദിനത്തോടനുബന്ധിച്ച് മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ വച്ച് എം.എം.റ്റി. സ്കൂൾ ഓഫ് നേഴ്സിങ്ങിന്റെ ആഭിമുഖ്യത്തിൽ ദന്തരോഗവിഭാഗം മേധാവി ഡോ. സൂര്യ കിംഗ്സിലി കോവിഡ് സമയത്തെ ദന്തപരിചരണം എന്ന വിഷയത്തിൽ ക്ലാസുകൾ നയിച്ചു. തുടർന്ന് സ്കൂൾ ഓഫ് നേഴ്സിംഗിന്റെ നേതൃത്വത്തിൽ വനിതാദിനത്തോടനുബന്ധിച്ചുള്ള തെരുവ്നാടകവും നടത്തപ്പെട്ടു.

**കൈത്താങ്ങ് എന്ന പദ്ധതി ഉദ്ഘാടനം ചെയ്തു**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഡയാലിസിസ് രോഗികളെ സഹായിക്കുവാൻ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ സഹകരണത്തോടെ വെളിച്ചിയാനി ഫോറോനാ SMYM അവതരിപ്പിക്കുന്ന പദ്ധതിയാണ് 'കൈത്താങ്ങ്'. ഇടവകകളിലെ യുവജങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ ഉത്പന്നങ്ങൾ വിപണനം ചെയ്തു പണം സ്വരൂപിച്ചാണ് കൈത്താങ്ങ് പദ്ധതി മുൻപോട്ട് പോകുന്നത്. ആദ്യഘട്ടമായി ഫൊറോനായിലെ വിവിധ ഇടവകകളിൽ കറിപൗഡറുകളുടെ വില്പനയാണ് നടത്തുന്നത്.

# ഡി.സി.എം.എസ്.

- ഡി.സി.എം.എസ്. കാഞ്ഞിരപ്പള്ളി രൂപത എക്സിക്യൂട്ടീവ് 10.03.2021 – 14.03.2021 എന്നീ 2 ദിവസങ്ങളിൽ കൂടി.
- സംസ്ഥാനതല ഡി.സി.എം.എസ്. തിരഞ്ഞെടുപ്പിന് മുന്നോടിയായി കാഞ്ഞിരപ്പള്ളി രൂപതയിൽ ഡി.സി.എം.എസ്. പുതിയ സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പ് നടന്നുവരുന്നു.
- ഏപ്രിൽ മാസം 3–ാം ആഴ്ചയിൽ ഡി.സി.എം.എസ്. രൂപതാ തെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചു.

---

## മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

കൈത്താങ്ങ് പദ്ധതിയുടെ ഔദ്യോഗികമായ ഉദ്ഘാടനം പൊടിമറ്റം സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് മാർച്ച് 21 ഞായറാഴ്ച രാവിലെ 9 മണിക്ക് ഇടവക വികാരിയും മുൻ വികാരി ജനറാളുമായ റവ. ഫാ. ജോർജ് ആലുങ്കലിന് നൽകിക്കൊണ്ട് മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ഡയറക്ടറും കാഞ്ഞിരപ്പള്ളി രൂപതാ SMYM മുൻ ഡയറക്ടറുമായ റവ. ഫാ. സോജി കന്നാലിൽ നിർവഹിച്ചു. SMYM വെളിച്ചിയാനി ഫൊറോനാ ഡയറക്ടർ ഫാ. കാർലോസ് കീരഞ്ചിറയും ആനിമേറ്റർ സിസ്റ്റർ ജെസ്സി കൊച്ചുപറമ്പിൽ S.H. - ഉം മറ്റു ഫൊറോനാ എക്സിക്യൂട്ടീവ് അംഗങ്ങളും സന്നിഹിതരായിരുന്നു.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

- K.C.B.C., SC, ST/BC കമ്മീഷന്റെ നേതൃത്വത്തിൽ P.S.C. ട്രെയിനിംഗ് പ്രോഗ്രാം മാർച്ച് ആദ്യ ആഴ്ചയിൽ എറണാകുളം പി.ഒ.സി.യിൽ വച്ച് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ അദ്ധ്യക്ഷതയിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് ആന്റണി ഡോമിനിക്ക് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ സിൽവസ്റ്റർ പൊന്നുമുത്തൻ പിതാവ് ആശംസകൾ അർപ്പിച്ചു. കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്നും രൂപതാ ഡയറക്ടറും പ്രസിഡന്റും ഉൾപ്പെടെ 5 പേർ പങ്കെടുത്തു.
- K.C.B.C., SC, ST/BC കമ്മീഷന്റെ നേതൃത്വത്തിൽ കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ വിജയിച്ച ത്രിതല പഞ്ചായത്തംഗങ്ങളെ കോട്ടയം പ്രസ് ക്ലബ് ഓഡിറ്റോറിയത്തിൽ ഒന്നിച്ചു ചേർത്ത് ആദരിച്ചു. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. കാഞ്ഞിരപ്പള്ളി രൂപതയിൽ കാഞ്ഞിരപ്പള്ളി പഞ്ചായത്തിലേക്ക് വിജയിച്ച ഡി.സി. എം.എസ്. അംഗത്തെ മീറ്റിംഗിൽ ആദരിച്ചു. രൂപതാ ഡയറക്ടർ, പ്രസിഡന്റ്, മറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.
- കാഞ്ഞിരപ്പള്ളി രൂപതയിലെ ഡി.സി.എം.എസ്. കുട്ടികൾക്കായി S.H. Provincial team നടത്തുന്ന സാഫല്യ എന്ന പ്രോഗ്രാമിലേക്ക് കുട്ടികൾ ചേർന്നുകൊണ്ടിരിക്കുന്നു.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

കാഞ്ഞിരപ്പള്ളി രൂപതാ ഫ്രാൻസിസ്കൻ അൽമായ സഭയുടെ നേതൃത്വത്തിൽ ആണ്ടുതോറും ആചരിച്ചുവന്നിരുന്ന 40-ാം വെള്ളി യാചരണം കോവിഡിന്റെ പശ്ചാത്തലത്തിൽ ലളിതമായ രീതിയിൽ ചോറ്റി നിർമ്മലാരം ആശ്രമത്തോട് അനുബന്ധിച്ചുള്ള സ്ഥലത്ത് 05.03.2021 രാവിലെ 10.30 ന് ആശ്രമം വൈദികരുടെയും വൈദികവി ദ്യാർത്ഥികളുടെയും സഹകരണത്തോടെ സ്ലീവാപാത നടത്തി. ഭാതൃ ത്വങ്ങളിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തു. ആശ്രമം വൈസ് സുപ്പീ രിയർ റവ. ഫാ. ബിബിൻ മുല്ലപ്പള്ളി OFM (Conv) ന്റെ നേതൃത്വത്തിൽ എല്ലാ ക്രമീകരണങ്ങളും നടത്തി. ആശ്രമം സുപ്പീരിയർ റവ. ഫാ. സിന്റോ തിരുത്തേൽ OFM (Conv) പീഡാനുഭവസന്ദേശം നൽകി. രൂപതാ ഡയറക്ടർ റവ. ഫാ. ജയിംസ് ചൂരമന OFM (Conv) ദിവ്യ ബലി അർപ്പിച്ചു. ഉച്ചക്ക് 12.30 ന് നേർച്ചക്കഞ്ഞി വിതരണം ചെയ്തു.

മാർച്ച് 3 ന് ജന്മദിനവും മാർച്ച് 19 ന് നാമഹേതുകതിരുനാളും ആഘോഷിച്ച അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവിന് ഫ്രാൻസിസ്ക്കൻ അൽമായ സഭയുടെ എല്ലാവിധ പ്രാർത്ഥനാശംസകളും നേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് അഭി വന്ദ്യ പിതാവിന് പ്രത്യേക ആശംസകൾ അർപ്പിച്ചു.j.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

ഏവർക്കും സമാഗതമാകുന്ന ഉയിർപ്പുതിരുന്നാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

കോൺഫ്രൻസുകളുടെയും എസികളുടെയും 2020-21 വർഷത്തെ റിപ്പോർട്ടും കണക്കുകളും തയ്യാറാക്കുന്നതിനുള്ള ഫോമുകൾ എസി മുഖേന കോൺഫ്രൻസുകളിൽ എത്തിച്ചിട്ടുണ്ട്. മാർച്ച് 31-ന് തന്നെ 2020-21 ലെ കണക്കുകൾ ക്ലോസ് ചെയ്യുകയും ബാങ്ക് പാസ് ബുക്ക് പതിപ്പിച്ച്, 31 വരെയുള്ള എല്ലാ വരവുചെലവുകളും കൃത്യമായി എഴുതേണ്ടതുമാണ്. കോൺഫ്രൻസുകൾ കണക്കുകളും റിപ്പോർട്ടും കൃത്യമായി തയ്യാറാക്കി ഏപ്രിൽ മാസം 30-ന് മുമ്പായി എസികളിൽ എത്തിക്കേണ്ടതാണ്.

ഇന്നത്തെ കോവിഡ് പശ്ചാത്തലത്തിൽ ഇപ്പോൾ പല കോൺഫ്രൻസുകളും പ്രതിവാര യോഗങ്ങൾ പോലും നടത്തുന്നില്ലെന്ന് അറിയാൻ കഴിഞ്ഞു. അതേസമയം ഒട്ടുമിക്ക കോൺഫ്രൻസുകളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പൂർണ്ണമായി പ്രവർത്തിക്കുകയും ഭവനസന്ദർശനങ്ങൾ നടത്തുകയും ദത്തുകുടുംബ സന്ദർശനവും സഹായവും ചെയ്യുന്നുമുണ്ടെന്നുള്ളതും സന്തോഷകരമാണ്. കോൺഫ്രൻസ് പ്രസിഡന്റുമാരെ ഇക്കാര്യത്തിൽ ബോധവൽക്കരിക്കുവാനായി സിസി പ്രതിനിധികൾ എസി കൗൺസിലുകൾ വിളിച്ച് യോഗങ്ങളിൽ പങ്കെടുത്തുവരുന്നു. ഹൈറേഞ്ച് മേഖലയിലെ മേരികുളം, കുമളി, കട്ടപ്പന എസികളിൽ സിസി പ്രസിഡന്റും, ചിറക്കടവ് എസിയിൽ സിസി വൈസ് പ്രസിഡന്റ് കെ.റ്റി.തോമസ് കതയനാട്ടും, എരുമേലി എസിയിൽ സിസി സെക്രട്ടറിയും, എഡ്യുക്കേഷൻ ഓഫീസർ മാത്തുക്കുട്ടി തൊമ്മിത്താഴെയും,

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

**ലഹരിവിമോചനധ്യാനം**

തമ്പലക്കാട് ധ്യാനകേന്ദ്രത്തിൽ പതിവുപോലെയുള്ള ധ്യാനം അസാധ്യമായതിനാൽ ഓരോ ആഴ്ചയിലും അത്യാവശ്യക്കാർക്ക് താമസിച്ചു ധ്യാനിക്കുന്നതിനുള്ള സൗകര്യമുണ്ട്.

പാലാരിവട്ടം പി.ഒ.സി.യിൽ വച്ച് മാർച്ച് 20-ാം തീയതി നടത്തിയ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി 22-ാമത് സംസ്ഥാന

---

## വിൻസെൻഷ്യൻ വേദി

മുണ്ടക്കയം എസി മീറ്റിംഗിൽ സിസി സെക്രട്ടറിയും, ട്രഷറാർ ജയിക്കുട്ടി പോളും, കാഞ്ഞിരപ്പള്ളി എസി മീറ്റിംഗിൽ സിസി ട്രഷറാർ എം.ജെ.ഡോമിനിക്ക് മടുക്കക്കുഴിയും, റാന്നി എസിയിൽ സിസി പ്രസിഡന്റും സെക്രട്ടറിയും, സിസി മെമ്പർ റ്റോമി മണിയമ്പ്രായിലും പങ്കെടുത്ത്, എല്ലാ കോൺഫ്രൻസ് പ്രസിഡന്റുമാരോടും ഏപ്രിൽ മാസം മുതൽ എല്ലാ കോൺഫ്രൻസുകളും കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് കൂടേണ്ടതാണെന്ന് അഭ്യർത്ഥിച്ചു. ഏപ്രിൽ മാസം മുതൽ എല്ലാ എസി പ്രസിഡന്റുമാരും അവരവരുടെ എസിയുടെ കീഴിലുള്ള കോൺഫ്രൻസുകൾ കൂടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. നാമെല്ലാം ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ നമ്മുടെ ലക്ഷ്യം സാക്ഷാൽക്കരിക്കാവുന്നതേ ഉള്ളു. ഇതിനായി എല്ലാവരുടെയും സഹായസഹകരണങ്ങളും പ്രാർത്ഥനകളും അഭ്യർത്ഥിക്കുന്നു.

**സെക്രട്ടറി**

സമ്മേളനത്തിൽ കാഞ്ഞിരപ്പള്ളി രൂപതയെ പ്രതിനിധീകരിച്ച് 3 പേർ സംബന്ധിച്ചു. മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും പടിപടിയായി കുറച്ചുകൊണ്ടുവരുമെന്നു പറഞ്ഞ് അധികാരത്തിൽ വന്ന ഇടതുസർക്കാർ കേരളത്തെ മദ്യാലയമായി മാറ്റിയെന്ന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ചെയർമാൻ ബിഷപ് യൂഹനോൻ മാർ തിയോഡോഷ്യസ് തിരുമേനി ഉദ്ഘാടനപ്രസംഗത്തിൽ പറയുകയുണ്ടായി. മദ്യവർജ്ജനവും മദ്യനിരോധനവും ഒന്നിച്ചുപോകുന്ന നയമാണ് സർക്കാർ ആവിഷ്ക്കരിക്കേണ്ടതെന്ന് ബിഷപ്പ് പറഞ്ഞു.

ജീസസ് ഫ്രട്ടേണിറ്റിയുടെ ആഭിമുഖ്യത്തിൽ കോട്ടയം ജില്ലാ ജയിൽ പരിസരത്ത് വൻതോതിൽ ആരംഭിച്ച പച്ചക്കറികൃഷി 'ഹരിതമിഷൻ' അവാർഡിന് തെരഞ്ഞെടുക്കപ്പെട്ടു എന്നത് നമുക്ക് ഏറെ അഭിമാനകരമാണ്. കോട്ടയം ജില്ലാ ജയിലിനു ചുറ്റും പച്ചക്കറി തൈകൾ കൊണ്ടു നിറഞ്ഞിരിക്കുന്നതും ജയിൽ പരിസരം വൃത്തിയായി സൂക്ഷിച്ചിരിക്കുന്നതും ഏറെ പ്രശംസനീയമായിട്ടുണ്ട്. മാർച്ച് 9–ാം തീയതി 17 അംഗങ്ങൾ കോട്ടയം ജില്ലാ ജയിൽ സന്ദർശിക്കുകയും പ്രാർത്ഥനാശുശ്രൂഷ നടത്തുകയും ചെയ്തു. ഉദാരമനസ്ക്കരിൽ നിന്ന് സംഭാവനയായി ലഭിച്ച 20000–ത്തോളം രൂപ മുടക്കി ഫ്രിഡ്ജ്, ഫാൻ എന്നിവ വാങ്ങി ജയിൽ സൂപ്രണ്ടിന് കൈമാറി. മാർച്ച് 31 – ന് ജയിലിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതിനുള്ള അനുവാദം ലഭിച്ചിട്ടുണ്ട്.

മാർച്ച് 17–ാം തീയതി പീരുമേട് സബ്ജയിൽ സന്ദർശിക്കുകയും പ്രാർത്ഥനാശുശ്രൂഷ നടത്തുകയും ചെയ്തു. 11 അംഗങ്ങൾ പങ്കെടുത്തു.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

**പുത്തൻപുസ്തകം**

1. **Radiating Sunshine : Fr. Joby Vellaplackel CST**

പേജ്: 92/ വില: 100/ പതിപ്പ്:1

നാം ഓരോരുത്തരും എല്ലാ നന്മകളുടെയും ആദിരൂപമായ പ്രകാശം പരത്തേണ്ടവരാണ്. ഭൂമിയിലെ പ്രകാശമാക്കേണ്ട യുവപ്രതിഭകൾ ജീവിതലക്ഷ്യം തിരിച്ചറിയുക പ്രകാശിക്കുക, കൂടുതൽ ആർജ്ജവത്തോടെ, തീക്ഷണതയോടെ ആത്മാവബോധം സിദ്ധിക്കുക എന്ന ലക്ഷ്യം വച്ചുള്ള രചന ഒരു ബോധിവൃക്ഷമാണ്. സ്വയം കണ്ടെത്തുവാനും, മാറ്റങ്ങളെ സ്വീകരിക്കുവാനും, ബോധ്യങ്ങൾ പകർത്തുവാനും. ദർശനസമ്പന്നതയോടെ സ്വയം ശക്തിപ്പെടുത്താനും, പ്രകാശകിരണങ്ങൾ പരത്താനും ഏവർക്കും വിശിഷ്യാ കുട്ടികൾക്കും, യുവതയ്ക്കും ഏറെ സഹായകമാകുന്നവിധത്തിൽ ഇംഗ്ലീഷ്ഭാഷയിൽ രചിച്ച ഉത്തമകൃതി.

2. **സൈബർ സെയിന്റ്: സി. ടെസി മരിയ എഫ്.സി.സി**

പേജ്: 60/ വില: 50/ പതിപ്പ്:1

ദിവ്യകാരുണ്യത്തിന്റെ സൈബർഅപ്പസ്തോലൻ വെബ് മിഷണറി. ടീഷർട്ടും, ജീൻസും, സൺഗ്ലാസ്സും ധരിച്ച്, പന്തുകളിയും വീഡിയോഗെയിമും, കോമിക്കും ഇഷ്ടവിനോദമാക്കിയ ചുള്ളൻ–കുമ്പസാരം സ്വർഗത്തിലേയ്ക്കുള്ള ഒറ്റമൂലിയാക്കി അനുദിനം ദിവ്യബലിക്കണഞ്ഞ ഈശോയുടെ ചങ്ക്ബ്രോ–മണിക്കൂറുകൾ കംപ്യൂട്ടറിനോടൊപ്പമെങ്കിൽ മണിക്കൂറുകൾ ജപമാലയ്ക്കും വിനിയോഗിച്ച ന്യൂജെൻകിഡ്. ആഘോഷങ്ങളെ ദൈവികസംവിധാനങ്ങളുടെ

സംപ്രേഷകനാക്കി ടെക്നോളജി യുഗത്തിൽ കൗമാര യൗവ്വനക്കാർക്ക് ന്യൂജെൻമാതൃക കാട്ടിയ വിശുദ്ധന്റെ ജീവചരിത്രഗ്രന്ഥം! മീഡിയ യുഗത്തിൽ കുട്ടികൾക്കും യുവജനങ്ങൾക്കും വഴികാട്ടാനും സമ്മാനമേകാനും ഉത്തമം!

**2. നസ്രത്തിലെ നീതിമാൻ ( ഇംഗ്ലീഷ് വിവർത്തനം)**

പേജ്: 76/ പതിപ്പ്:1

ദൈവികദർശനങ്ങൾ വിശ്വസിച്ച നീതിമാൻ.. ദൈവികപദ്ധതികൾക്ക് ആമ്മേൻ പറഞ്ഞ ധീരവിശ്വാസി... തിരുക്കുടുംബത്തിന്റെ കാവൽക്കാരൻ...ദൈവപുത്രന്റെ വളർത്തുപിതാവ്... മൗനവ്രതക്കാരൻ... സഭയുടെയും കുടുംബത്തിന്റെയും സംരക്ഷകൻ.... നമ്മുടെ പിതാവായ മാർ യൗസേപ്പ്പിതാവിന്റെ ലഘുജീവചരിത്രം. കുട്ടികൾക്ക് വായിച്ചു മനസ്സിലാക്കുവാൻ തക്ക വിധത്തിൽ ആകർഷകമായ ശൈലിയിലും ചിത്രാവിഷ്കാരത്തിലും അണിയിച്ചൊരുക്കിയിരിക്കുന്നു. യൗസേപ്പിതാവിന്റെ വർഷത്തിൽ കുട്ടികൾക്കേകാൻ ഒരുത്തമസമ്മാനം!

**പണിപ്പുരയിൽ**

1. വിറക്: ബ്രദർ അനീഷ് മാളിയേക്കൽ
2. ഹൃദയത്തോടു ചേർത്തു നിർത്തുന്ന സൗഹൃദം
3. ലഘു നാടകങ്ങൾ: വിൻസെന്റ് ആനിക്കാട്
4. കുടിയേറ്റം: റ്റോമി സിറിയക്

**ഫാ. ജസ്റ്റിൻ മതിയത്ത്**
**അസി. ഡയറക്ടർ**

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
**ഡയറക്ടർ**

# Special Care Homes & Charitable Institutions

**ചൈൽഡ് ലൈൻ (1098)**

ഫെബ്രുവരി മാസത്തിൽ 11 കേസുകൾ റിപ്പോർട്ട് ചെയ്തു. എല്ലാ കേസുകളും CWC -യ്ക്ക് (ചൈൽഡ് വെൽഫയർ കമ്മിറ്റി) കൊടുക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ജനുവരി മാസത്തിലെ കേസുകളുടെ follow-up കൾ നടത്തുകയും ചെയ്തു.

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന 1 കുട്ടിക്ക് ഭക്ഷ്യ കിറ്റ് വാങ്ങി നല്കുകയും 2 കുട്ടികൾക്ക് മെഡിക്കൽ ഹെൽപ്പ് നൽകുകയും ചെയ്തു.

**ഏയ്ഞ്ചൽസ് വില്ലേജ് വെഞ്ചരിപ്പ്**

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കും അവരുടെ മാതാപിതാക്കൾക്കും വേണ്ടിയുള്ള ഒരു സമഗ്രപദ്ധതിയാണ് 'മാലാഖാമാരുടെ ഗ്രാമ'ത്തിൽ ഉദ്ദേശിക്കുന്നത്. ബോധപൂർവം തെറ്റുചെയ്യാത്തവർ എന്ന നിലയിൽ ഇവർ മാലാഖാമാരാണ്. ഭിന്നശേഷിയുള്ളവർക്കുള്ള ഒരു ഗ്രാമമാണ് ഏയ്ഞ്ചൽസ് വില്ലേജ്. സമൂഹത്തിൽ മറ്റാരേയുംകാൾ ശ്രദ്ധയും പരിചരണവും ആവശ്യമുള്ള ഇവർക്കായി (മാനസിക വെല്ലുവിളി, ഓട്ടിസം, സെറിബ്രൽ പൾസി, മൾട്ടിപ്പിൾ ഡിസേബിലിറ്റി) അമ്മയുടെ ഉദരത്തിൽ ഒരു കുഞ്ഞു ജനിക്കുന്ന സമയം മുതൽ മരണം വരെ (womb to tomb) അവരെ സഹായിക്കാൻ പറ്റുന്ന ഒരു പ്രവർത്തന പരിപാടിയാണ് ഇവിടെ വിഭാവനം ചെയ്യുക.

ആശാനിലയം സ്പെഷ്യൽ സ്കൂൾ രൂപതയുടെ ആദ്യത്തെ ക്ഷേമസ്ഥാപനമാണ്. പൊൻകുന്നത്തുനിന്ന് ചെങ്കല്ലിലേക്കു മാറ്റി സ്ഥാപിച്ചിരിക്കുന്ന 45 വർഷം പൂർത്തിയാക്കുന്ന ഈ സ്കൂൾ ഉൾപ്പെ

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**ചികിത്സാസഹായം**

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റിയിൽ നിന്നും ചികിത്സാസഹായമായി ഈ മാസം 1,97,874/- രൂപ നൽകി.

**ഭവനനിർമ്മാണ സഹായം**

പൂവരണി, പെരുവന്താനം, കണയങ്കവയൽ എന്നീ സ്ഥലങ്ങളിലുള്ള നിർധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 4,50,000/- രൂപ ധനസഹായമായി നൽകി.

---

## Special Care Homes & Charitable Institutions

ടുന്ന സ്ഥലമാണ് എയ്ഞ്ചൽസ് വില്ലേജ്. ചെങ്കല്ലേപ്പള്ളി ഇടവകയിൽ 19-ാം മൈലിൽ പണി പൂർത്തിയാക്കിക്കൊണ്ടിരിക്കുന്ന ആശാനിലയം സ്പെഷ്യൽ സ്കൂൾ, ആശ്വാസ് തൊഴിൽ പരിശീലന കേന്ദ്രം, എയ്ഞ്ചൽസ് ഹോം, ആശാ കിരൺ, ആശാ നികേതൻ (Boarding for boys) എന്നീ സ്ഥാപനങ്ങളുടെ വെഞ്ചരിപ്പ് 2021 മാർച്ച് 25-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ സാന്നിദ്ധ്യത്തിൽ അഭിവന്ദ്യ മാർ അറയ്ക്കൽ പിതാവ് നിർവ്വഹിക്കുന്നു.

**സാമ്പത്തിക സഹായം**

ചികിത്സാസഹായമായി 2000 രൂപാ ചിലവഴിക്കുകയുണ്ടായി.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസ സഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 2,39,656/- രൂപ ചിലവഴിച്ചു.

**ആശാനിലയം പൊൻകുന്നം**

ശാരീരികമായും മാനസികമായും പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി പൊൻകുന്നത്തു പ്രവർത്തിക്കുന്ന ആശാനിലയം സ്കൂളിന്റെ ദൈനംദിന ചിലവുകൾക്കായി 3,30,000/- രൂപ ചിലവഴിച്ചു.

**ഡെയർ പീരുമേട്**

മദ്യത്തിനും മയക്കുമരുന്നിനും അടിമകളായ രോഗികളുടെ ചികിത്സയ്ക്കായി പീരുമേട് കേന്ദ്രമായി പ്രവർത്തിക്കുന്ന ഡെയറിന് സഹായമായി 1,00,000/- രൂപ നൽകി

**കർഷകർക്ക് കൈത്താങ്ങ്**

വിലത്തകർച്ച മൂലം പ്രതിസന്ധി നേരിടുന്ന കർഷകരിൽ നിന്നും ശേഖരിച്ച ഉൽപ്പന്നങ്ങൾക്ക് ബോണസായി 33,30,549/- രൂപ നൽകി.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷകസമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാനവർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 4,21,358/- രൂപ ഈ മാസം ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യപദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ ജീവകാരുണ്യ പദ്ധതിയിലേക്ക് 4,33,000/- രൂപ ഈ മാസം ചിലവഴിച്ചു.

## ഇൻഫാം

ഇൻഫാമിന്റെ പത്തായം നിറയ്ക്കൽ പദ്ധതിയിലൂടെ ശേഖരിച്ച ഭക്ഷ്യ വിളകളുടെ വിലയും ബോണസും കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ എം.ഡി.എസിൽ വച്ച് നടത്തിയ സമ്മേളനത്തിൽ വിതരണം ചെയ്തു. രൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, ഫാ. ജിൻസ് കിഴക്കേൽ, ഫാ. ജെയിംസ് വെൺമാന്തറ, ഫാ. തോമസ് പട്രക്കാലായിൽ, ഫാ. ദേവസ്യാ തൂമ്പുങ്കൽ, ഫാ. ജസ്റ്റിൻ മതിയത്ത്, ശ്രീ. എബ്രാഹം മാത്യു പന്തിരുവേലിൽ, ശ്രീ. ജെയ്സൺ ജോസഫ്, ശ്രീ. നെൽവിൻ സി. ജോയി, ശ്രീ. ജോസ് പി. മാത്യു, ശ്രീ. ജോസ് താഴത്തുപീടിക, ശ്രീ. ഷാബോച്ചൻ മുളങ്ങാശ്ശേരി എന്നിവർ പങ്കെടുത്തു. ഇൻഫാം അഗ്രിഫോഴ്സ് അംഗങ്ങളെ രൂപതാദ്ധ്യക്ഷൻ ഈ യോഗത്തിൽ ആദരിച്ചു.

### പത്തായം നിറയ്ക്കൽ പദ്ധതി

### കപ്പ സംഭരണം

15 രൂപാ വിലയും 5 രൂപാ ബോണസും നൽകി 20 രൂപാ നിരക്കിൽ 2 ലക്ഷം കിലോ കപ്പ ശേഖരിച്ചു. ഇവ ഉണക്കുകപ്പ, ചിപ്സ്, കാലിത്തീറ്റ എന്നിങ്ങനെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണിയിലെത്തിക്കുന്നു.

### ഏത്തക്കുല സംഭരണം

ഏത്തക്കായ കിലോ 25 രൂപാ വിലയും 15 രൂപാ ബോണസും ചേർത്ത് 40 രൂപയ്ക്ക് സംഭരിച്ചു.

### കാപ്പിക്കുരു ബോണസ് വിതരണം

ഇൻഫാം കർഷകരിൽനിന്നും ശേഖരിച്ച കാപ്പിക്കുരുവിന് മാർക്കറ്റ് വിലയിൽനിന്നും 11 രൂപയും കൂടി അധികമായി നൽകി.

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**സെക്രട്ടറി**

# പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി

**പി.ഡി.എസ്. ഓർഗാനിക് സ്പൈസസ്**

**Export:**

ജനുവരി-ഫെബ്രുവരി മാസങ്ങളിലായി UK യിലേക്ക് രണ്ടും USA യിലേക്ക് ഒന്നും കൺസൈൺമെൻറ് നടന്നു.

**അന്താരാഷ്ട്ര വനിതാ ദിനാഘോഷം**

കോവിഡിനെ മറികടന്ന് വനിതാ നേതൃത്വം തുല്യതയിലേക്ക് എന്ന സന്ദേശത്തെ മുൻനിർത്തിക്കൊണ്ട് പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റിയുടെയും സ്വയംസഹായ സംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനം ആഘോഷിച്ചു.

SRI തട്ടാത്തിക്കാനത്ത് വച്ച് നടന്ന സമ്മേളനത്തിന് PDS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാദർ ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം അധ്യക്ഷത വഹിച്ചു.

കാഞ്ഞിരപ്പള്ളി എസ്.ഡി കോളേജ് മുൻ പ്രിൻസിപ്പൽ പ്രൊഫസർ ആൻസി ജോസഫ് ഉദ്ഘാടനം ചെയ്ത്, വനിതാ നേതൃത്വം എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ് എടുത്തു. സമ്മേളനത്തിന് PDS ജോയിന്റ് ഡയറക്ടർ ഫാദർ ബ്രിജേഷ് പുറ്റുമണ്ണിൽ ആശംസകളർപ്പിച്ചു.

ഉപ്പുതറ റീജിയണൽ കോഡിനേറ്റർ മിനി ടോമി സ്വാഗതവും, കാഞ്ഞിരപ്പള്ളി റീജിയണൽ കോഡിനേറ്റർ ഷാന്റി റോണി കൃതജ്ഞതയും രേഖപ്പെടുത്തി.

തുടർന്ന് ആനിമേറ്റർമാർക്കായി നടത്തിയ ട്രെയിനിങ് പ്രോഗ്രാമിൽ യൂണിറ്റുകളിലെ കണക്ക് വിവരങ്ങൾ പുതിയ രജിസ്റ്റർ ബുക്കിലേക്ക് എഴുതേണ്ട വിധത്തെക്കുറിച്ച് ചീഫ് കോർഡിനേറ്റർ ശ്രീ. സാജു കെ.എ. ക്ലാസ് നയിച്ചു.

കുമളി, കട്ടപ്പന, പത്തനംതിട്ട, മുണ്ടക്കയം എന്നീ റീജിയനുകളിലെ എല്ലാ ആനിമേറ്റർമാരും വനിതാദിന ആഘോഷത്തിൽ പങ്കെടുത്തു.

**നവീകരിച്ച ട്രെയിനിംഗ് സെന്ററും ആയുർവേദ ഫാക്ടറിയും വെഞ്ചരിച്ചു**

അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ പൗരോഹിത്യസുവർണ്ണജൂബിലിയുടെ സ്മാരകമായി തട്ടാത്തിക്കാനത്തുള്ള പി. ഡി.എസ്. ന്റെ നവീകരിച്ച ട്രെയിനിംഗ് സെന്ററും പോത്തുപാറയിലുള്ള സഹ്യാദ്രി ആയുർവേദ ഫാർമസ്യൂട്ടിക്കൽസിന്റെ നവീകരിച്ച ആയുർവേദ ഫാക്ടറിയും അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ സാന്നിദ്ധ്യത്തിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് വെഞ്ചരിച്ചു.

**യൂണിറ്റ് സന്ദർശനം**

കാഞ്ഞിരപ്പള്ളി രൂപതയിലെ എല്ലാ ഇടവകകളിലും പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പി. ഡി. എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാദർ ജിൻസൺ ജെയിംസ് കുന്നത്ത് പുരയിടം, ജോയിന്റ് ഡയറക്ടർ ഫാദർ ബ്രിജേഷ് പുറ്റുമണ്ണിൽ എന്നിവർ യൂണിറ്റുകൾ സന്ദർശിച്ചു. ഇതേ തുടർന്ന് പ്രോഗ്രാം ഡയറക്ടർ ഡോ. സിബി ജോസഫിന്റെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ സന്ദർശനം നടത്തുകയും ചെയ്തു.

**യൂണിറ്റ് ഉദ്ഘാടനം**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കാഞ്ഞിരപ്പള്ളി റീജിയണിലെ പഴയ കൊരട്ടി യൂണിറ്റിൽ യൂണിറ്റ് ഡയറക്ടർ ഫാദർ ജേക്കബ് കൊടിമരത്തുംമൂട്ടിലിന്റെ അധ്യക്ഷതയിൽ കൂടിയ മീറ്റിങ്ങിൽ പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാദർ ജിൽസൺ ജെയിംസ് യൂണിറ്റ് ഉദ്ഘാടനം ചെയ്യുകയും, ജോയിന്റ് ഡയറക്ടർ ഫാദർ ബ്രിജേഷ് പുറ്റുമണ്ണിൽ, പ്രോഗ്രാം ഡയറക്ടർ ഡോ. സിബി ജോസഫ് എന്നിവർ ആശംസകളർപ്പിക്കുകയും ചെയ്തു.

**ഓറിയന്റേഷൻ ട്രെയിനിങ് നടത്തി**

കപ്പാട്, വെളിച്ചിയാനി, കരിക്കാട്ടൂർ, വഞ്ചിമല, പൊടിമറ്റം, മുണ്ടക്കയം, ലാൻഡ്രീ എന്നിവിടങ്ങളിൽ പുതിയ യൂണിറ്റ് തുടങ്ങുന്നതിന് ആവശ്യമായ ട്രെയിനിങ് നൽകി.

**ഗ്രാമതലപ്രവർത്തനങ്ങളുടെ ശാക്തീകരണം, യൂണിറ്റ് സന്ദർശനം**

ഗ്രാമതലപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി രണ്ട് റീജിയനൽ കോ-ഓർഡിനേറ്റർമാർ ഒന്നിച്ച് ഓരോ യൂണിറ്റുകളും സന്ദർശിക്കുകയും രജിസ്റ്ററുകളും മറ്റു പ്രവർത്തനങ്ങളും വിലയിരുത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തിൽ യൂണിറ്റ് സന്ദർശനം നടന്നുകൊണ്ടിരിക്കുന്നു.

**KSBDC Loan**

ന്യൂനപക്ഷ പിന്നോക്ക വിഭാഗത്തിന് വരുമാനദായക പദ്ധതി ചെയ്യുന്നതിലേക്ക് ആയി 5 ശതമാനം പലിശ നിരക്കിൽ ലോൺ ലഭ്യമാക്കുന്നതിന് രണ്ടു കോടി രൂപയുടെ അപേക്ഷ വിവിധ യൂണിറ്റുകളിൽ നിന്നുമായി വിശദമായ വിവരങ്ങൾ ശേഖരിച്ച് ഓൺലൈനായി പിന്നോക്ക വികസന കോർപ്പറേഷനിൽ (KSBCDC) സമർപ്പിക്കുകയും, അതിനാവശ്യമായ തുടർപ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു.

**Eshakti പദ്ധതി**

നബാർഡ് വിഭാവനം ചെയ്ത SHG യുടെ ഡിജിറ്റലൈസേഷന്റെ ഭാഗമായുള്ള Eshakti പ്രൊജക്റ്റിൽ മാർച്ച് മാസത്തെ കണക്കുകൾ സാധാരണപോലെ അപ്ഡേറ്റ് ചെയ്തു .

**വന ജ്യോതിസ്**

കേരളത്തിലെ ആദിവാസി സമൂഹങ്ങളെ ശാക്തീകരിക്കുന്നതിനായി നടപ്പിലാക്കിയ വനജ്യോതിസ് പദ്ധതി (KKS/BMZ/PDS-Vanajyothis 2020_2023) കോഴിമല, കണ്ണംപടി, എരത്വാപ്പുഴ, കൊമ്പുകുത്തി ട്രൈബൽ കോളനികളിൽ നടന്നു. ഇതിന്റെ ഭാഗമായി 6 വിഷയങ്ങളിലായി 14 ട്രെയിനിങ്ങുകൾ നടത്തി. ഇതിൽ 405 ആളുകൾ പങ്കെടുത്തു.

പൂർത്തീകരിച്ച പദ്ധതികൾ : Well recharge: 1, Well renovation: 1, Stone Bund: 86 $m^2$, Cultivation of traditional food crops: 41.

**സാമ്പത്തിക സഹായങ്ങൾ**

പി.ഡി.എസ്. ഫാമിലി കെയർ പ്രോഗ്രാം, സേവ് എ ഫാമിലി പ്ലാൻ വഴിയായും വിവിധ കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി വഴിയായും നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ:

വരുമാനദായക പ്രവർത്തനങ്ങൾക്കായി 96717/- രൂപയും വിദ്യാഭ്യാസ സഹായം ആയി 266239/- രൂപയും ഭവന നിർമ്മാണത്തിനായി 491018/- രൂപയും, ചികിത്സാ സഹായമായി 129922/- രൂപയും, വിവാഹ സഹായമായി 12000/- രൂപയും, ശുദ്ധ ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി 48730/- രൂപയും ചാരിറ്റി സംഭാവനയായി 54600/- രൂപയും സഹായമായി നൽകി.

**കൗൺസിലിംഗ് സേവനം**


പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ഈ മാസം 24 കേസുകൾ രജിസ്റ്റർ ചെയ്തു. അവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനം ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി.ഡി.എസ്. നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ ഈ മാസം 59 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സാസഹായമായി 2 യൂണിറ്റിലെ 3 പേർക്ക് 22740/രൂപ വിതരണം ചെയ്തു.

| യൂണിറ്റിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| നരിയമ്പാറ | 2 | 14590/- |
| രാജഗിരി | 1 | 9150/- |

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**

**മാർച്ച് 2021**

2 യു.എ.ഇ.യിലെ എ.കെ.സി.സി. സംഘടിപ്പിച്ച zoom മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി

4 കോട്ടയം ആമോസ് സെന്ററിൽ വച്ച് നടന്ന ഇന്റർനാഷണൽ വിമൻസ് ഡേ പ്രോഗ്രാം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

– MDS-ന്റെ ആഭിമുഖ്യത്തിൽ പാറത്തോട് വച്ച് നടന്ന പത്തായം നിറയ്ക്കൽ പരിപാടിയിൽ പങ്കെടുത്ത് സന്ദേശം നൽകുകയും കർഷകരെ ആദരിക്കുകയും ചെയ്തു.

5 കാഞ്ഞിരപ്പള്ളിയിൽ പുതിയതായി ആരംഭിച്ച നെരിയാട്ട് ഫിനാൻസ് എന്ന സ്ഥാപനം വെഞ്ചരിച്ചു.

– അന്തർ ദേശീയ മാതൃവേദി സംഘടിപ്പിച്ച zoom മീറ്റിങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി

7 പാലയൂർ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

8 തമ്പലക്കാട് പെനുവേൽ ആശ്രമത്തിൽ വച്ച് നടന്ന കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനത്തിന്റെ 'കരുതൽ 2021' എന്ന പ്രോഗ്രാമിൽ പങ്കെടുത്ത് സന്ദേശം നൽകി.

10 പാസ്റ്റർ സെന്ററിൽ വച്ച് നടന്ന സഹ്യാദ്രി ബാങ്കിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

11 ചങ്ങനാശ്ശേരി ബിഷപ്പ്സ് ഹൗസിൽ വച്ചുനടന്ന പ്രൊവിൻഷ്യൽ സിനഡിൽ പങ്കെടുത്തു.

- സാരഥി സംഘടിപ്പിച്ച zoom മീറ്റിങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി.

12 പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന രൂപത ഫിനാൻസ് കൗൺസിലിൽ പങ്കെടുത്തു.

13 പാസ്റ്ററൽ സെന്ററിർ വച്ച് നടന്ന PDS-ന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

14 കാഞ്ഞിരപ്പള്ളി സുവാറയുടെ ആഭിമുഖ്യത്തിൽ നടന്ന കാവൽ വിളക്ക് എന്ന ഓൺലൈൻ പ്രോഗ്രാമിൽ പങ്കെടുത്ത് സന്ദേശം നൽകി.

- കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

15 ചങ്ങനാശ്ശേരി അതിരൂപതയുടെ പുതിയ പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്ത് സന്ദേശം നൽകി

16 കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് കർമ്മലീത്താമഠത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

- പൊടിമറ്റം മൈനർ സെമിനാരിയിൽ വെച്ച് മേജർ സെമിനാരിക്കാർക്ക് കോൺഫറൻസ് നടത്തി.

18 പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന മരിയൻ കോളേജിന്റെ ഗവേണിങ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു

19 കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിൽ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

20 LRC-യുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി.

- കാഞ്ഞിരപ്പള്ളി പസ്റ്ററൽ സെന്ററിൽ വച്ചു നടന്ന രൂപതാ മാതൃവേദി ക്വിസ് 2021 - ന്റെ സമാപനത്തിൽ സന്ദേശം നല്കുകയും വിജയികൾക്ക് സമ്മാനദാനം നടത്തുകയും ചെയ്തു.

21 കത്തീഡ്രൽ ഇടവകയിൽ ആരംഭിക്കുന്ന 'നാട്ടുചന്ത' എന്ന പദ്ധതി ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

22 പാസ്റ്ററൽ സെന്ററിൽ വച്ച് കാഞ്ഞിരപ്പള്ളി രൂപതയിലെ റീജൻസിക്കാരുടെ മാസധ്യാനം നയിച്ചു.

- വെളിച്ചിയാനി ഇടവകയിൽ പരേതനായ പുതിയാപറമ്പിൽ പി. ഡി. കുര്യൻ സാറിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

23 കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി.

- അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയുടെ സ്മാരകമായി തട്ടാത്തിക്കാനത്തുള്ള PDS-ന്റെ നവീകരിച്ച അഗ്രികൾച്ചർ ട്രെയിനിംഗ് സെന്റർ വെഞ്ചരിച്ചു.

- പോത്തുപാറയിലുള്ള Sahyadri Ayurvedic Pharmaceuticals -ന്റെ നവീകരിച്ച ഫാക്ടറി വെഞ്ചരിച്ചു.

- മേവട ഇടവകയിൽ പരേതനായ ജോസ് കുഴിപ്പള്ളിയുടെ മൃതസംസ്ക്കാര ശുശ്രൂഷയുടെ വീട്ടിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

- മ്ലാമല ഫാത്തിമാ മാതാ ഇടവകയിൽ പുതിയതായി നിർമ്മിച്ച പാരീഷ് ഹാളിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

24 പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന സഹ്യാദ്രി ബാങ്കിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

24-27 കാഞ്ഞിരപ്പള്ളി രൂപതയുടെ ഓൺലൈൻ പെസഹാഒരുക്കധ്യാനം നയിച്ചു.

25 പൊടിമറ്റം മംഗളവാർത്ത ദയറയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും സിനാക്സിസിൽ പങ്കെടുക്കുകയും ചെയ്തു.

- കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് മംഗളവാർത്ത തിരുനാളിനോടനുബന്ധിച്ച് രൂപതാ ഫാമിലി അപ്പോസ്തലേറ്റും മാതൃവേദിയും സംയുക്തമായി സംഘടിപ്പിച്ച ജീവന്റെ ദിനാ

ഘോഷത്തിൽ സംബന്ധിച്ച് സന്ദേശം നൽകുകയും മാതൃവേദി കലോത്സവത്തിൽ ഫൊറോനാ, രൂപതാതലങ്ങളിൽ വിജയികളായവർക്ക് സമ്മാനദാനം നടത്തുകയും ചെയ്തു.

- ചെങ്കൽ ഇടവകയിൽ 'ഏഞ്ചൽസ് വില്ലേജ്' വെഞ്ചരിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകുകയും ചെയ്തു.

26 KSSF - ന്റെ Zoom മീറ്റിൽ പങ്കെടുത്ത് സന്ദേശം നൽകി.

27 കാഞ്ഞിരപ്പള്ളി രൂപതയുടെ ഓൺലൈൻ പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തു.

28 കട്ടപ്പന സെന്റ് ജോർജ് ഇടവകയിൽ ഓശാന തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

29 പൊടിമറ്റം മൈനർ സെമിനാരിയിൽ വച്ച് വൈദികപരിശീലനത്തിൽ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കിയ 5 പേർക്ക് കാറോയപ്പട്ടവും 6 പേർക്ക് ഹെവുപ്പദിയാക്കാനാപ്പട്ടവും 10 പേർക്ക് മ്ശംശാനപ്പട്ടവും നല്കി.

30 ചങ്ങനാശ്ശേരി കത്തീഡ്രൽ ഇടവകയിൽ ബഹു. ജെയിംസ് തലച്ചെല്ലൂർ അച്ചന്റെ നിര്യാതയായ മാതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിലെ വീട്ടിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

31 കോട്ടയം ജില്ലാ ജയിലിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## April - 2021

| Date | Programme | Place | Time |
|---|---|---|---|
| 1 | Maundy Thursday | Cathedral | 3:30 pm |
| 2 | Good Friday | Cathedral | 3:00 pm |
| 3 | Holy Saturday | Cathedral | 6:45 am |
| 4 | Easter | Cathedral | 2:45 am |
| 5 | Hospital blessing | Nazranipuram | 3:00 pm |
| 7 | Priest day | Marian College Kuttikanam | 10:30 am |
| 8 | Jubilee Qurbana | Inchiyani | 10:00 am |
| 10 | Qurbana | CMC Kanjirapally | 6:30 am |
| - | LRC | Online meeting | 6:00 pm |
| 11 | Qurbana | Swaraj | 5:00 pm |
| 12 | Jubilee Qurbana | FCC Podimattam | 10:30 am |
| 13 | Minor and Major orders | OSB Kappadu | 10:30 am |
| - | House blessing | Vanchimala | 5:00 pm |
| 17 | First Profession | SABS Kumily | 10:30 am |
| 20 | Synaxis | VC Kottayam | 9:30 am |
| 21 | House Blessing | Nallathanny | 2:30 pm |
| 22 | First Profession | CMC Podimattam | 10:30 am |
| 25 | Marriage | Pathanamthitta | 11:00 am |
| - | Qurbana | Aruvithara | 5:30 pm |
| 27 | Final Profession | Malayattoor | 10:15 am |
| - | Ongoing formation program | CMF Karukutty | 4:00 pm |




**94475 64084, 094463 79275**

Amala Communications, Pastoral Centre, Kanjitapally

## 2021 ഏപ്രിൽ – നോമ്പ് – ഉയിർപ്പ് കാലങ്ങൾ

| | | |
|---|---|---|
| 1 | വ്യാഴം | **പെസഹാവ്യാഴം**<br>പുറ. 12:1–20, മലാ 1:10–14, 1 കോറി. 11:23–29, യോഹ. 13:1–14 + മത്താ. 26:26 –30 |
| 2 | വെള്ളി | **പീഡാനുഭവ വെള്ളി**<br>ഉത്പ. 22:1–19, ഏശ 52:13–53:9, റോമാ. 5:6–1<br>ഭാഗം 1: ലൂക്കാ 22:63–23:12 + മത്താ 27:19 + ലൂക്കാ 23:13–23 + മത്താ 27:24–25 + ലൂക്കാ 23:24–45 + മത്താ 27:51 – 54 + യോഹ 19: 23 – 30<br>ഭാഗം 2: യോഹ 19: 31 – 42 |
| 3 | ശനി | **വലിയശനി** : ഉത്പ. 22:1–19, യോന 2:1–10, റോമാ. 6:3–11, മത്താ. 28:1–20 |
| 4 | ഞായർ | ✠ **ഉയിർപ്പ് തിരുനാൾ**<br>ഏശ. 60:1–7, 1 സാമു. 2:1–10, റോമാ. 6:1–14 (5:20–6:23), മത്താ. 28:1–6+യോഹ 20:1–18 |
| 5 | തിങ്കൾ | റോമ. 4:1–8, യോഹ. 14:18–28 |
| 6 | ചൊവ്വ | 1 കോറി. 15:12–19, ലൂക്കാ. 24:13–27 |
| 7 | ബുധൻ | എഫേ. 4:1–6, യോഹ. 15:1–10 |
| 8 | വ്യാഴം | കൊളോ 2:12–15, മത്താ 10:1–15 |
| 9 | വെള്ളി | ഹെബ്രാ. 11:3–10, മത്താ. 10:26–33 |
| 10 | ശനി | കൊളോ. 3:1–4, മർക്കോ. 16:1–8 |
| 11 | ഞായർ | ✠ **ഉയിർപ്പ് രണ്ടാം ഞായർ**<br>ഏശ. 55:4–13, ശ്ലീഹ. 4:32–37, കൊളോ. 1:12–20, യോഹ. 20:19–29 |
| 12 | തിങ്കൾ | 1 കോറി. 1:10–17, ലൂക്കാ. 24:28–35 |
| 13 | ചൊവ്വ | ശ്ലീഹാ 9:20–25, യോഹ. 5:41–47 |
| 14 | ബുധൻ | ഗലാ. 5:1–6, മർക്കോ. 7:31–37 |
| 15 | വ്യാഴം | ഫിലി. 1:27–30, മത്താ. 15:21–28 |
| 16 | വെള്ളി | 1 കോറി. 1:18–24, മർക്കോ 4:1–9 |
| 17 | ശനി | കൊളോ. 3:14–17, ലൂക്കാ 24:36–43 |
| 18 | ഞായർ | ✠ **ഉയിർപ്പ് മൂന്നാം ഞായർ**<br>ഏശ. 56:1–7, ശ്ലീഹ. 5:34–42, എഫേ. 1:3–14, യോഹ. 14:1–14 |
| 19 | തിങ്കൾ | യാക്കോ. 5:7–12, മത്താ. 25:1–13 |
| 20 | ചൊവ്വ | 1 തെസ. 5:12–22, മർക്കോ. 4:13–20 |
| 21 | ബുധൻ | ഫിലി 1:21–26, മത്താ 8:1–4 |
| 22 | വ്യാഴം | 2 കോറി. 8:1–11, മർക്കോ. 4:35–41 |
| 23 | വെള്ളി | റോമ 15:1–6, ലൂക്കാ. 6:6–11 |
| 24 | ശനി | യാക്കോ 2:14–17, ലൂക്കാ. 6:46–49 |
| 25 | ഞായർ | ✠ **ഉയിർപ്പ് നാലാം ഞായർ**<br>ഏശ. 49:13–23, ശ്ലീഹ. 8:14–25, എഫേ. 2:1–7, യോഹ. 16:16–24 |
| 26 | തിങ്കൾ | 1 തിമോ. 6:13–16, ലൂക്കാ. 20:9–16 |
| 27 | ചൊവ്വ | 1 തിമോ. 6:17–21, മത്താ. 19:23–30 |
| 28 | ബുധൻ | ഹെബ്രാ 7: 1–10, യോഹ 5:30–38 |
| 29 | വ്യാഴം | 2 പത്രോ. 2:1–3, മത്താ. 15:1–9 |
| 30 | വെള്ളി | എഫേ. 5:13–21, മർക്കോ. 6:35–44 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654